
# ശിയാക്കളും, ഖുർആനും
# പിന്നെ ജമാഅത്തെ ഇസ്‌ലാമിയും

തയ്യാറാക്കിയത്: സലീം പരപ്പനങ്ങാടി

ശിയാ ഗ്രന്ഥങ്ങൾ








ശിയാ ആദർശത്തെ ആരെതിർത്താലും അത് സമുദായത്തിൽ ഭിന്നതയുണ്ടാക്കലാണെന്ന് പറഞ്ഞു കൊണ്ട് ജമാഅത്തെ ഇസ്‌ലാമിയും അനുകാരികളും രംഗത്തുവരാറുണ്ട്. ഇറാനിന്റേയും അറിയപ്പെടുന്ന ശിയാ നേതാക്കളുടേയും ആദർശങ്ങൾ കേരളക്കര യിലേക്ക് പരമാവധി ഇറക്കുമതി ചെയ്യുക എന്നത് ഇവരുടെ നിത്യ സമ്പ്രദായമായിരിക്കുന്നു. ലോക മുസ്‌ലിംകൾ വിശ്വസിക്കുന്ന ഖുർആനിൽ തന്നെയാണ് ശിയാക്കളും വിശ്വസിക്കുന്നത് എന്ന്, ശിയാക്കളേക്കാൾ ഉച്ചത്തിൽ വിളിച്ചു പറയുന്നത് ജമാഅത്തെ ഇസ്‌ലാമിക്കാരാണ്. എന്നാൽ, ഇന്ന് ഇറാൻ ഭരിച്ചു കൊണ്ടിരി ക്കുന്ന ഇസ്നാ അശരിയ്യ വിഭാഗത്തിലെ എല്ലാവരും വിശുദ്ധ ഖുർആനിന്റെ പ്രാമാണികതയെ അംഗീകരിക്കാത്തവരാണ്.

ഇറാനിന്റേയും, പ്രത്യേകിച്ച് ഖുമൈനിയുടേയുമെല്ലാം പോരിഷ കൾ പ്രസംഗിച്ചു നടക്കുന്ന ജമാഅത്തെ ഇസ്‌ലാമീ സഹോദര ങ്ങളും, അത് അല്മൊക്കെ സത്യമാണെന്ന് കരുതുന്ന മറ്റു മുസ്‌ലിം സഹോദരങ്ങളും ഗൗരവപൂർവം മനസ്സിലാക്കേണ്ട ഒരു സംഗതിയാണ് ഖുർആനിനോടുള്ള ശിയാക്കളുടെ സമീപനം എങ്ങനെയുള്ളതാണെന്ന്.

ഖുർആൻ അവതരിപ്പിക്കപ്പെട്ട രൂപത്തിൽ ഇന്ന് നിലനിൽക്കുന്നില്ല എന്നത് ശിയാക്കളുടെ അടിസ്ഥാനപരമായ വിശ്വാസമാണ്. പ്രമുഖ പണ്ഡിതനായിരുന്ന ശൈഖ് ഇഹ്സാൻ ഇലാഹീ ളഹീർ രചിച്ച **'അശ്ശീഇത്തു വസ്സുന്ന'** എന്ന പുസ്തകം അതു സംബന്ധമായ വിശദീകരണം നൽകുന്ന കൃതിയാണ്. ദഅ്‌വാ ബുക്സ്,കൊച്ചിൻ പ്രസിദ്ധീകരിച്ച അതിന്റെ മലയാള പതിപ്പിൽ നിന്നുള്ള **'ശിയാക്കളും ഖുർആനും'** എന്ന രണ്ടാം അധ്യായമാണ് ഇതോടൊ പ്പമുള്ളത്. ശിയാക്കളുടെ ആധികാരിക സ്രോതസ്സുകളിൽ നിന്നുള്ള ഉദ്ധരണികളാൽ സമൃദ്ധമാണ് ഈ അധ്യായം.

ഖുർആനിനെ സംബന്ധിച്ച ശിയാക്കളുടെ വിശ്വാസം മനസ്സിലാ ക്കിയാൽ ജമാഅത്തെ ഇസ്‌ലാമിയുടെ ഈ രംഗത്തുള്ള കുതന്ത്രം കൃത്യമായി നമുക്ക് മനസ്സിലാക്കാനാകും. സത്യവും അസത്യവും വേർതിരിച്ച് മനസ്സിലാക്കാനും സത്യത്തോടൊപ്പം നിലകൊള്ളാനും അല്ലാഹു തൗഫീഖ് നൽകട്ടെ, ആമീൻ

# ശിയാക്കളും ഖുർആനും




അഹ്ലുസ്സുന്നയും ശീഇകളും തമ്മിൽ സാരമായ അഭിപ്രായവ്യത്യാസമുള്ള സംഗതിയെ സംബന്ധിച്ചാണ് ഈ അധ്യായത്തിലെ പ്രതിപാദ്യം. അല്ലാഹു അവൻെറ ദൂതന്ന് അവതരിപ്പിച്ചു കൊടുത്ത വിശുദ്ധ ക്വുർആൻ അവസാനത്തെ വേദഗ്രന്ഥമാകുന്നു എന്ന് വിശ്വസിക്കുന്നവരാണ് അഹ്ലുസ്സുന്ന. സർവലോകർക്കുമായി അവതീർണ്ണമായ ഗ്രന്ഥമാണത്. അത് മാറ്റത്തിരുത്തലുകൾക്ക് വിധേയമായിട്ടേയില്ല. അന്ത്യനാൾ വരെ അതിൻെറ അക്ഷരങ്ങളിലൊ വാചകങ്ങളിലൊ ഒരു തിരുത്തും സംഭവിക്കുകയുമില്ല. രണ്ട് ചട്ടകൾക്കിടയിൽ സംരക്ഷിതമാണ് ഈ ഗ്രന്ഥം. ഇബ്റാഹീം നബിയുടെ ഏടുകൾ, സബൂർ, തൗറാത്ത്, ഇഞ്ചീൽ എന്നീ പൂർവ്വാവതീർണ്ണ വേദഗ്രന്ഥങ്ങൾക്കു പിൽകാലങ്ങളിൽ സംഭവിച്ച തിരുത്തുകളും കൈകടത്തലുകളും വിശുദ്ധ ക്വുർആനിനുണ്ടാകാതെ സംരക്ഷിക്കുമെന്ന് അല്ലാഹു തന്നെ ഉറപ്പു നൽകിയിട്ടുള്ളതാണ്. അല്ലാഹു പറയുന്നത് വായിക്കുക:

തീർച്ചയായും നാമാണ് ആ ഉൽബോധനം അവതരിപ്പിച്ചത്. തീർച്ചയായും നാം അതിനെ കാത്തുസൂക്ഷി ക്കുന്നതുമാണ്. (ഹിജ്ർ: 9)

തീർച്ചയായും അതിന്റെ ( ഖുർആന്റെ ) സമാഹരണവും അത് ഓതിത്തരലും നമ്മുടെ ബാധ്യതയാകുന്നു. അങ്ങനെ നാം അത് ഓതിത്തന്നാൽ ആ ഓത്ത് നീ പിന്തുടരുക. പിന്നീട് അത് വിവരിച്ചുതരലും നമ്മുടെ ബാധ്യതയാകുന്നു. (ക്വിയാമഃ 17,18,19)

അതിന്റെ മുന്നിലൂടെയോ, പിന്നിലൂടെയോ അതിൽ അസത്യം വന്നെത്തുകയില്ല. യുക്തിമാനും സ്തുത്യർഹനുമായിട്ടുള്ളവന്റെ പക്കൽ നിന്ന് അവതരിപ്പിക്കപ്പെട്ടതത്രെ അത്. (ഹുസ്സ്വിലത്ത്: 42)

വിശുദ്ധ ക്വുർആനിൻെറ സുരക്ഷയിലുള്ള അവിശ്വാസം അതിനെ നിഷേധിക്കുന്നതിലേക്കും, മുഹമ്മദ് നബി (സ്വ) കൊണ്ടുവന്നു നൽകിയ ഇസ്ലാമിക ശരീഅത്തിനെ നിരാകരിക്കുന്നതിലേക്കുമാണ് കൊണ്ടെത്തിക്കുക. ക്വുർആൻ സുരക്ഷിതമല്ല എന്ന വിശ്വാസം, അതിൻെറ ഓരോ വചനത്തിലും പദത്തിലും മാറ്റത്തിരുത്തലുകൾ നടന്നിട്ടുണ്ട് എന്ന സന്ദേഹത്തിന് വാതിൽ തുറക്കും. വിശുദ്ധ ക്വുർആനിൻെറ കാര്യത്തിൽ സന്ദേഹങ്ങളുടലെടുത്താൽ, ഇസ്ലാമിൻെറ അഖീദകളും ഈമാൻ കാര്യങ്ങളും ഫലരഹിതമായിത്തീരും. എന്തുകൊണ്ടെന്നാൽ സംശയ രഹിതമായ ദൃഢജ്ഞാനത്തിൽ നിന്നാണ് ഈമാൻ ഉടലെടുക്കേണ്ടത്, ഊഹാധിഷ്ഠിതമൊ സന്ദേഹാധിഷ്ഠിതമൊ ആയ കാര്യങ്ങളിൽ നിന്നല്ല.

ഇക്കാര്യത്തിൽ പക്ഷെ ശീഇകളുടെ നിലപാട് വ്യത്യസ്തമാണ്. അല്ലാഹുവിനാൽ സുരക്ഷിതമായ, ജനങ്ങളുടെ കൈവശം നിലവിലുള്ള ക്വുർആനിൽ അവർക്ക് വിശ്വാസമില്ലെന്നതാണ് സത്യം. അഹ്ലുസ്സുന്നത്തിനെതിരിലാണവർ. ക്വുർആനിലും സുന്നത്തിലും ഖണ്ഡിതമായി വന്ന സകല കാര്യങ്ങളോടും നിഷേധ നിലപാടാണവർക്കുള്ളത്. ബുദ്ധിയും തെളിവുകളും അംഗീകരിക്കുന്ന കാര്യങ്ങളെപ്പോലും അവർ അവഗണിച്ചു തള്ളും. സത്യത്തിനു നേരെ അഹന്ത കാട്ടുന്നവരാണ് ശീഇകൾ.

സുന്നികളും ശീഇകളും തമ്മിലുള്ള അടിസ്ഥാന വ്യത്യാസമാണിത്. ശീഇകളും മുസ്ലിംകളും തമ്മിലുള്ള വ്യത്യാസം എന്നു തന്നെ നമുക്കിതിനെ പറയാം. എന്തുകൊണ്ടെന്നാൽ അല്ലാഹുവിൻെറ കൽപനാനുസൃതം പ്രവാചക തിരുമേനി (സ്വ) ജനങ്ങളെയൊന്നടകം പ്രബോധനം ചെയ്ത ഈ ക്വുർആനിൽ വിശ്വസിക്കുമ്പോൾ മാത്രമാണ് ഒരാൾ മുസ്ലിമായിത്തീരുന്നത്. ക്വുർആനിനെ നിഷേധിക്കുന്നത് പ്രവാചകനെ വ്യാജമാക്കുന്നതു തന്നെയാണ്.

ക്വുർആനിനെ സംബന്ധിച്ച ശീഇകളുടെ വിശ്വാസത്തെ വ്യക്തമാക്കുന്ന തെളിവുകൾ നമ്മുടെ കൈവശം എമ്പാടുമുണ്ട്. പ്രമുഖ ശീഈവരുടെ 'ബുഖാരി'യായറിയപ്പെടുന്ന കുലൈനി തന്റെ 'അൽകാഫീ ഫിൽ ഉസ്വൂൽ' എന്ന ഗ്രന്ഥത്തിലുദ്ധരിച്ച ഒരു നിവേദനം കാണുക. ഹിശാം ബ്ൻ സാലിം അബൂ അബ്ദില്ലയിൽ നിന്നും ഉദ്ധരിക്കുന്നു. അദ്ദേഹം പറഞ്ഞു: "പതിനേഴായിരം ആയത്തുകൾ അടങ്ങുന്ന ഗ്രന്ഥമാണ് മുഹമ്മദ് നബി(സ്വ)ക്ക് ജിബ്രീൽ(അ) കൊണ്ടു നൽകിയ ക്വുർആൻ." (അൽകാഫീ ഫിൽ ഉസ്വൂൽ, കിതാബു ഫദ്‌ലുൽ ക്വുർആൻ, ബാബുന്നവാദിർ, വാ. 2, പേ. 634, ടഹ്റാൻ, 1381 ഹി.)

മുസ്‌ലിംകൾക്കിടയിൽ അറിയപ്പെടുന്ന ക്വുർആനിൽ ആറായിരത്തിൽ ചില്വാനം ആയത്തുകളേ ഉള്ളൂ എന്നത് സുവിദിതമാണ്. അക്കാര്യം ശീഈ ക്വുർആൻ വ്യാഖ്യാതാവായ അബൂ അലി അത്തബ്റസി സൂറത്തു ദഹ്റിലെ ഒരു ആയത്ത് വിശദീകരിക്കുന്നിടത്ത് വ്യക്തമാക്കിയിട്ടുള്ളതുമാണ്. അദ്ദേഹമെഴുതുന്നു: "ക്വുർആനിൽ മൊത്തം ആറായിരത്തി മുപ്പത്തി ആറ് ആയത്തുകളാണുള്ളത്." (തഫ്സീർ മജ്മഉൽ ബയാൻ, ത്വബ്റസി, വാ. 10, പേ. 406, ടഹ്റാൻ, 1374)

മേൽ പ്രസ്താവനകളിൽ നിന്നും മനസിലാകുന്നത് ക്വുർആനിലെ മൂന്നിലൊരു ഭാഗം ശീഇകൾക്ക് നഷ്ടപ്പെട്ടിട്ടുണ്ട് എന്നാണ്. 'അൽകാഫി'യിലെ റിപ്പോർട്ട് ഈ ധാരണയെ ശരിവെക്കുന്നുമുണ്ട്. കുലൈനി നിവേദനം ചെയ്യുന്നു. അബൂ ബസ്വീർ പറയുകയാണ്: "ഒരു ദിവസം ഞാൻ അബൂഅബ്ദില്ലയെ സന്ദർശിച്ചു കൊണ്ട് പറഞ്ഞു, എനിക്ക് ചിലകാര്യങ്ങൾ താങ്കളോട് ചോദിച്ചറിയാനുണ്ട്, ഇവിടെ എന്റെ സംസാരം മറ്റാരെങ്കിലും കേൾക്കുമൊ? അപ്പോൾ അദ്ദേഹം തന്റെ വീട്ടിലെ വിരിപ്പു നീക്കി പുറമേക്ക് വീക്ഷിച്ചു കൊണ്ട് പറഞ്ഞു: 'നിനക്കറിയേണ്ടത് ചോദിച്ചു കൊള്ളുക.' ഞാൻ ചോദിച്ചു: 'നബി(സ്വ) അലി(റ)ക്ക് ആയിരം വാതിലുകൾ തുറക്കാനാകുന്ന ഏക വാതിൽ പഠിപ്പിച്ചു കൊടുത്തിട്ടുണ്ട് എന്ന് താങ്കളുടെ വിഭാഗക്കാരായ ആളുകൾ പറയുന്നുവല്ലൊ, എന്താണതിന്റെ സത്യാവസ്ഥ?' അദ്ദേഹം പറഞ്ഞു: 'നബി(സ്വ) അലിക്ക് ആയിരം വാതിലുകൾ പഠിപ്പിച്ചിട്ടുണ്ട്. അവയിലെ ഓരോ വാതിലിലൂടേയും ആയിരം വാതിലുകൾ വീതം തുറക്കാനാകും.' ഞാൻ പറഞ്ഞു: 'അല്ലാഹുവാണ, ഇത് പ്രധാനപ്പെട്ട അറിവാണ്.' അല്പ സമയം നിശബ്ദനായിരുന്ന അബൂ അബ്ദില്ല പറഞ്ഞു: 'അതെ, ഇത് മാത്രമല്ല അറിവ്. അബൂ മുഹമ്മദ്, നമ്മുടെ കൈവശം 'അൽ ജാമിഅ'യുണ്ട്. അൽജാമിഅയെന്നാൽ എന്താണെന്ന് നിനക്കറിയുമൊ? അതെ, റസൂലി(സ്വ)ന്റെ മുഴകൈകൊണ്ട് അളന്നാൽ എഴുപതു മുഴം നീളം വരുന്ന കടലാസാണത്. അതിൽ മുഴുവൻ ഹലാലുകളും ഹറാമുകളും വ്യക്തമാക്കപ്പെട്ടിട്ടുണ്ട്. ജനങ്ങൾക്കാ വശ്യമായ സൂക്ഷ്മവും സ്തൂലവുമായ സകല കാര്യങ്ങളും പ്രതിപാദിക്കപ്പെട്ടിട്ടുണ്ട്.' തന്റെ കൈകൊണ്ട് എന്നെ മൃദുവായി സ്പർശിച്ചു കൊണ്ട് അദ്ദേഹം പറഞ്ഞു: 'ഇതാ ഇത്രയും നിസാര കാര്യം വരെ അതിലുണ്ട്.' ഞാൻ പറഞ്ഞു: അല്ലാഹുവാണ, ഇത് പ്രധാനപ്പെട്ട അറിവാണ്." അദ്ദേഹം പറഞ്ഞു: 'അതെ, ഇത് അറിവു തന്നെ, പക്ഷെ ഇനിയുമുണ്ട് കൂടുതൽ. നിനക്കറിയുമൊ? നമ്മുടെ കൈവശം 'ഫാത്വിമ(റ)യുടെ മുസ്ഹഫു'ണ്ട്. നിങ്ങളുടെ കൈവശമുള്ള ഈ ക്വുർആനിന്റെ മൂന്നിരട്ടി വരുമത്. അല്ലാഹു സത്യം, നിങ്ങളുടെ ഈ ക്വുർആനിലെ ഒരു അക്ഷരം പോലും ആ മുസ്ഹഫിൽ കാണുകയില്ല." (അൽ കാഫീ ഫിൽ ഉസ്വൂൽ, കിതാബുൽ ഹുജ്ജ, വാ. 1, പേ. 239- 241, ടഹ്റാൻ)

ശീഈ അഖീദകൾ കെട്ടിപ്പടുക്കപ്പെട്ട വിഡ്ഡിത്തങ്ങളും, ഖുറാഫാത്തുകളും, അടിസ്ഥാനമില്ലാത്ത വാദങ്ങളും മാറ്റിവെച്ചാലും, മേൽ സൂചിത നിവേദനം പരസ്യമായി പ്രഖ്യാപിക്കുന്ന ഒരു വസ്തുതയുണ്ട്. ശീഇകളൊഴിച്ച്, ലോകമുസ്‌ലിമുകളൊന്നടകം തങ്ങളുടെ ജീവിതത്തിന്റെ അവലംബമായി സ്വീകരിച്ച് സൂക്ഷിച്ചു പോരുന്ന വിശുദ്ധ ക്വുർആനിൽ നിന്നും അതിന്റെ നാലിലൊന്ന് ഭാഗം വിനഷ്ടമായിട്ടുണ്ട് എന്നതാണത്. ക്വുർആനിൽ കൈകടത്തലുകൾ നടന്നിട്ടുണ്ടെന്ന് വിശ്വസിക്കുന്നവരാണ് ശീഇകൾ എന്ന ആരോപണത്തെ പ്രതിരോധിക്കാൻ വാളെടുക്കുന്നവന്ന് ഇനി എന്തു പറയാനുണ്ട്? 'വാഗ്ദത്ത മഹ്ദി'യുടെ ഗുരുത്വ പൊരുത്തങ്ങൾ നേടിയ മുഹമ്മദ് ബ്ൻ യഅ്ക്കൂബ് അൽ കുലൈനിയുടെ 'അൽ കാഫി'യിലുദ്ധരിക്കപ്പെട്ട രണ്ടു നിവേദനങ്ങളെപ്പറ്റി എന്തു വിശദീകരണം നൽകാൻ കഴിയുമിവർക്ക്?

ഇക്കാര്യത്തിൽ നീതിമാനായ ഒരു നിക്ഷ്പക്ഷന് എന്ത് പറയാനുണ്ടാകും? ബഹുമാന്യ പണ്ഡിതൻമാരേ, പറയുക, തെറ്റ് ചെയ്ത് സ്വയം അപമാനം പേറുന്ന കുറ്റവാളി ആരാണ്? തങ്ങളുടെ കൈവശമുള്ള ക്വുർആൻ അപാകതകളിൽ നിന്നും കൈകടത്തലുകളിൽ നിന്നും സുരക്ഷിതമല്ലെന്ന് സ്ഥാപിക്കുന്ന ഉദ്ധരണി

കൾ ശീഈ ഗ്രന്ഥങ്ങളിൽ ഒന്നോ രണ്ടോ അല്ല, അനവധിയാണ്. അവരുടെ കയ്യിലുള്ള ക്വുർആൻ പ്രമാദങ്ങളിൽ നിന്നും സുരക്ഷിതമായ ക്വുർആനല്ല. ഇന്ന് നിലവിലുള്ള ക്വുർആനാകട്ടെ അവരുടേതുമല്ല. സംശയമുണ്ടോ? 'ബസ്വാഇറുദ്ദറജാത്ത്' എന്ന ഗ്രന്ഥത്തിൻെറ കർത്താവ്, അബൂജഅ്ഫറിൽ നിന്നും ഉദ്ധരിക്കുന്നത് കാണുക. "അബു ജഅ്ഫർ പറയുകയാണ്: നബി(സ്വ) മിനയിൽ വെച്ച് സ്വഹാബികളെയെല്ലാം വിളിച്ചു വരുത്തി. എന്നിട്ട് പറഞ്ഞു, 'ജനങ്ങളേ അല്ലാഹുവിൻെറ പവിത്രമായ ചില സംഗതികൾ നിങ്ങളിൽ ഞാൻ വിട്ടേച്ചു പോകുകയാണ്. അല്ലാഹുവിൻെറ ഗ്രന്ഥം, എൻെറ കുടുംബം, കഅബ, ബൈത്തുൽ ഹറാം എന്നിവയാണവ.' അബൂ ജഅ്ഫർ തുടരുകയാണ്: "എന്നാൽ ക്വുർആനിനെ അവർ മാറ്റിത്തിരുത്തി. കഅബാലയത്തെ അവർ പൊളിച്ചു. പ്രവാചക കുടുംബത്തെ അവർ വധിച്ചു. അല്ലാഹുവിൻെറ സകല അമാനത്തുകളെയും അവർ തകർത്തു. (ബസ്വാഇറുദ്ദറജാത്ത്, വാ. 8, അധ്യായം 17, ഇറാൻ, 1285 ഹി)

ഇതിനേക്കാൾ ഗൗരവപ്പെട്ട വല്ലതും ഇനിയുമുണ്ടൊ? ഉണ്ട്, തീർച്ചയായും ഉണ്ട്. 'അൽകാഫി'യിൽ കുലൈനി നിവേദനം ചെയ്തത് വായിക്കുക: "ജയിലിൽ കിടന്നു കൊണ്ട് അബുൽ ഹസൻ മൂസ(അ), അലി ബ്ൻ സുവൈദിന് ഇപ്രകാരം എഴുതി: നിൻെറ സംഘത്തിൽപ്പെടാത്ത ഒരാളിൽ നിന്നും നീ മതാധ്യാപനങ്ങൾ തേടരുത്. അവരുടെ ദീനിനോട് നീ ഇഷ്ടം കാണിക്കുകയും ചെയ്യരുത്. അവർ വഞ്ചകൻമാരാണ്. അല്ലാഹുവിനോടും അവൻെറ റസൂലിനോടും സ്വന്തം അമാനത്തിനോടും വഞ്ചന കാട്ടിയവർ. അമാനത്തിനോട് അവർ വഞ്ചന കാട്ടിയതെന്താണെന്ന് നിനക്കറിയുമൊ? അല്ലാഹുവിൻെറ ഗ്രന്ഥം അവരിൽ വിശ്വസിച്ചേൽപ്പിക്കപ്പെട്ടു, പക്ഷെ അവരതിൽ തിരിമറി നടത്തുകയും, തിരുത്തുകൾ വരുത്തുകയും ചെയ്തു." (അൽകാഫി, കിതാബു റഇദ, വാ. 8, പേ. 125, ടഹ്റാൻ, പേ. 61, പ്ര. ഇന്ത്യ)

ഇതേ പോലുള്ള മറ്റൊരു പ്രസ്താവന കൂടിയുണ്ട്. അബൂ അബ്ദില്ലയിൽ നിന്നും അബൂ ബസ്വീർ നിവേദനം ചെയ്യുകയാണ്. "ഞാൻ അബൂ അബ്ദില്ലയോട് പറഞ്ഞു: 'നമ്മുടെ ഈ ഗ്രന്ഥം നിങ്ങളോട് സത്യമായത് സംസാരിക്കുന്നു' എന്ന ഒരു ആയത്തുണ്ടല്ലൊ ക്വുർആനിൽ?' അദ്ദേഹം പറഞ്ഞു: 'ക്വുർആൻ സംസാരിച്ചിട്ടില്ല, അതൊട്ടു സംസാരിക്കുകയുമില്ല. ക്വുർആൻ കൊണ്ട് പ്രവാചകൻ സംസാരിക്കുകയായിരുന്നു. അല്ലാഹു പറഞ്ഞത്, 'നമ്മുടെ ഈ ഗ്രന്ഥം നിങ്ങളോട് സത്യമായത് 'സംസാരിക്കപ്പെടു'ന്നു' എന്നാണ്.' ഞാൻ പറഞ്ഞു: 'നാം ഇങ്ങനെയല്ലല്ലൊ പാരായണം ചെയ്യാറ്?' അദ്ദേഹം പറഞ്ഞു: 'അല്ലാഹു സത്യം, ഞാൻ പറഞ്ഞ നിലക്കാണ് ജിബ്രീൽ(അ) മുഹമ്മദ് നബി(സ്വ)ക്ക് വഹ്ഹു നൽകിയത്, പക്ഷെ, അത് അല്ലാഹുവിൻെറ ഗ്രന്ഥത്തിൽ മാറ്റത്തിരുത്തിന് വിധേയമാകുകയായിരുന്നു." (അൽകാഫി, കിതാബു റൗദ, വാ. 8, പേ. 50, ടഹ്റാൻ, വാ. 1, പേ. 25, പ്ര. ഇന്ത്യ)

ശീഈകളിലെ വിശ്വസ്തനെന്നറിയപ്പെടുന്ന ഇബ്നു ബാബവയ്ഹി അൽ കുമ്മി അദ്ദേഹത്തിൻെറ ഗ്രന്ഥത്തിലുദ്ധരിക്കുന്നു. "അബൂ സുബൈർ, ജാബിറിൽ നിന്നും നിവേദനം ചെയ്യുന്നു. അദ്ദേഹം പറഞ്ഞു: അല്ലാഹുവിൻെറ റസൂൽ (സ്വ) ഇപ്രകാരം പറയുന്നത് ഞാൻ കേൾക്കുകയുണ്ടായി: 'ക്വിയാമത്തുനാളിൽ മൂന്ന് കാര്യങ്ങൾ ആവലാതിയുമായെത്തും: ഒന്ന്, മുസ്ഹഫ്, രണ്ട്, മസ്ജിദ്, മൂന്ന്, എൻെറ സന്താന പരമ്പര. ക്വുർആൻ പറയും: 'എൻെറ രക്ഷിതാവേ, അവരെന്നെ അഗ്നിക്കിരയാക്കി, അവരെന്നെ നിഷ്കരുണം പിച്ചിച്ചീന്തി.'..." (കിതാബുൽ ഖിസാൽ, അൽ കുമ്മി, പേ. 83, ഇറാൻ, 1302ഹി.)

ശൈഖ് മുഹ്സിൻ അൽ കാഷി എന്ന പേരിലറിയപ്പെട്ട പ്രമുഖ ശീഈ മുഫസിർ, മുഫസിറുകളുടെ ശൈഖുമാരിലൊരാളായ മറ്റൊരു പ്രമുഖ മുഫസിറിൽ നിന്ന് ഉദ്ധരിക്കുന്നു: അബൂജഅ്ഫർ(അ) പ്രസ്താവിക്കുകയാണ്: ക്വുർആനിൽ കൂട്ടിച്ചേർക്കലും ഒഴിവാക്കലും നടന്നിട്ടില്ലായിരുന്നുവെങ്കിൽ, നമുക്കർഹതപ്പെട്ട അവകാശങ്ങളെ ഏതൊരു ബുദ്ധിമാനും അതിൽ കണ്ടെത്താമായിരുന്നു." (തഫ്സീർ അസ്സ്വാഫി, മുഹ്സിൻ അൽ കാഷി, ആറാം മുഖവുര, പേ. 10, ടഹ്റാൻ)

## ആരാണ് ഖുർആൻ മാറ്റിത്തിരുത്തിയത്?

ശീഈ ലോകം മുഴുവൻ ആധികാരികമായംഗീകരിക്കുന്ന ത്വബ്റസി, തൻെറ അൽ ഇഹ്തിജാജ് എന്ന ഗ്രന്ഥത്തിലുദ്ധരിച്ചത് വായിച്ചാൽ, ക്വുർആനിനെ സംബന്ധിച്ച ശീഈകളുടെ വിശ്വാസവും, മുഹാജിറുകളിലും അൻസ്വാറുകളിലും പെട്ട പ്രമുഖ സ്വഹാബികളോട് അവർക്കുള്ള പകയും പോരും മനസി

ലാക്കാനാകും. അദ്ദേഹം പറയുന്നു: അബൂ ദർറിൽ ഗിഫാരിയുടെ റിപ്പോർട്ടിൽ ഇങ്ങനെ കാണാം: 'നബി (സ്വ) മരണപ്പെട്ടപ്പോൾ, അലി(റ) ക്വുർആൻ മുഴുവൻ ശേഖരിക്കുകയും, നബി(സ്വ)യുടെ വസ്വിയ്യത്തനുസരിച്ച് അതിനെ മുഹാജിറുകളേയും അൻസാറുകളേയും കാണിച്ചു കൊടുക്കുകയും ചെയ്തു.

അബൂബക്കർ അതിലെ ആദ്യ പേജ് തുറന്നതും, ആ സമൂഹത്തെ ആക്ഷേപിക്കുന്ന ആയത്തുകൾ അതിൽ നിന്നും വായിക്കുകയുണ്ടായി. അതു കേട്ടയുടൻ ഉമർ ചാടിയെഴുന്നേറ്റ് കൊണ്ട് പറഞ്ഞു: 'അലീ, അതിനെ നീ തിരിച്ച് കൊണ്ട് പോകൂ, അതിൽ ഞങ്ങൾക്കൊരാവശ്യവുമില്ല.' അപ്പോൾ അലി(റ) ആ ക്വുർആനിനെ അവരിൽ നിന്നും മടക്കി വാങ്ങി അവിടെ നിന്നും തിരിച്ചു നടന്നു. അങ്ങനെ ഉമർ ക്വുർആൻ പാരായണക്കാരനായ സൈദ് ബ്ൻ സാബിതിനെ സമീപിച്ചു കൊണ്ട് പറഞ്ഞു: 'അലി ഇന്നൊരു ക്വുർആനുമായി വരികയുണ്ടായി. അതിൽ നിറയെ മുഹാജിറുകളേയും അൻസ്വാറുകളേയും ആക്ഷേപിക്കുന്ന വചനങ്ങളാണുള്ളത്. അവരെ സംബന്ധിച്ച ആക്ഷേപങ്ങളുള്ള വചനങ്ങൾ ഒഴിവാക്കി താങ്കൾ മറ്റൊരു ക്വുർആൻ രചിക്കണമെന്നാണ് നമ്മുടെ അഭിപ്രായം.' സൈദ് അതിന് സമ്മതിച്ചു കൊണ്ട് ചോദിച്ചു: 'നിങ്ങൾ ആവശ്യപ്പെട്ടതു പോലെ ഞാൻ മറ്റൊരു ക്വുർആൻ രചിക്കുകയും, അലി അദ്ദേഹം രചിച്ച ക്വുർആനുമായി വരികയും ചെയ്താൽ നാമെടുത്ത പണി മുഴുവനും പാഴിലാവില്ലെ?'' ഉമർ പറഞ്ഞു: 'ശരിയാണ്, അപ്പോൾ എന്തുണ്ട് തന്ത്രം?' സൈദ് പറഞ്ഞു: ''തന്ത്രങ്ങൾ കൂടുതലറിയുന്നത് നിങ്ങൾക്കല്ലെ?' 'അലിയെ വധിച്ചു കളഞ്ഞ് സ്വസ്ഥത നേടുക എന്നതല്ലാതെ മറ്റൊരും പോംവഴി ഞാൻ കാണുന്നില്ല.' ഉമർ പറഞ്ഞു. അങ്ങനെ ഖാലിദ് ബ്ൻ വലീദിനെക്കൊണ്ട് അലിയെ വധിക്കാനുള്ള സൂത്രങ്ങൾ തയ്യാറാക്കി. പക്ഷെ, അവനതിന്ന് സാധിച്ചില്ല. ഉമർ ഖലീഫയായി ഭരണമേറ്റെടുത്തപ്പോൾ പ്രസ്തുത ക്വുർആൻ കൊണ്ടുവരാൻ അലിയോടയാൾ ആവശ്യപ്പെട്ടു. അതിൽ മാറ്റത്തിരുത്തൽ നടത്തലായിരുന്നു അവരുടെ ഉദ്ദേശ്യം. അലിയോട് ഉമർ പറഞ്ഞു: 'അബൂ ഹസൻ, അബൂബക്കറിൻറടുക്കലേക്ക് താങ്കൾ കൊണ്ടുവന്നിരുന്ന ക്വുർആൻ ഞങ്ങൾക്കൊന്നു നൽകുമൊ? ഞങ്ങൾക്ക് കൂടിയിരുന്ന് അതൊന്നു വായിക്കാൻ?' അലി(റ) പറഞ്ഞു: 'അത് ലഭിക്കാൻ ഇനി ഒരു വഴിയുമില്ല. അബൂബക്കറിൻറടുത്തേക്ക് ഞാനാ ക്വുർആൻ കൊണ്ടു വന്നത്, 'തീർച്ചയായും ഞങ്ങൾ ഇതിനെത്തൊട്ട് അശ്രദ്ധരായിരുന്നു.' എന്ന് നിങ്ങൾ പറയാതിരിക്കാൻ, അല്ലെങ്കിൽ ഞാൻ നിങ്ങൾക്കിതിനെ കൊണ്ടുവന്നു തന്നിരുന്നില്ല എന്ന് വാദിക്കാതിരിക്കാൻ നിങ്ങൾക്കെതിരിലുള്ള ഒരു രേഖയെന്ന നിലക്കാണ്. എൻെറ കൈവശമുള്ള ക്വുർആൻ, പരിശുദ്ധൻമാരും എൻെറ സന്താനങ്ങളിലെ പിൻഗാമികളും മാത്രമേ സ്പർശിക്കുകയുള്ളൂ.' അപ്പോൾ ഉമർ ചോദിച്ചു: 'ആ ക്വുർആൻ പ്രത്യക്ഷമാകുന്ന നിർണ്ണിതമായ വല്ല സമയവുമുണ്ടൊ?' അലി(അ) പറഞ്ഞു: 'ഉണ്ട്, എൻെറ സന്താനപരമ്പരയിലെ 'വരാനിരിക്കുന്നവൻ' വെളിവായാൽ, ആ ക്വുർആനിനെയവൻ ജനസമക്ഷം പ്രത്യക്ഷമാക്കും.' (അൽ ഇഹ്തിജാജ്, ത്വബ്റസി, പേ. 76, 77, ഇറാൻ, 1302 ഹി)

ഇവിടെ നീതിമാൻമാരില്ലെന്നൊ? സത്യം പറയുന്ന ഒരാൾ പോലും നിലവിലില്ലെന്നൊ? ശീഇകൾ പറയും പ്രകാരമാണ് ഉമറെ(റ)ങ്കിൽ, സ്വഹാബികൾക്കിടയിൽ പിന്നെ ആരുണ്ട് വിശ്വസ്തനായി, സത്യസന്ധനായി, ക്വുർആനിൻെറയും സുന്നത്തിൻെറയും സംരക്ഷകനായി?!

ശീഈ-സുന്നീ ചിന്താധാരകളുടെ ഐക്യത്തിനു ശ്രമിക്കുന്നവരേ, എന്തുണ്ട് നിങ്ങൾക്കു പറയാൻ? സാമുദായിക ഐക്യത്തിനും യോജിപ്പിനും വേണ്ടി വായിട്ടടിക്കുന്നവരേ, പറയുക, നിങ്ങളാവശ്യപ്പെടുന്ന ഐക്യം ഏതു വിധത്തിലുള്ളതാണ്? ഉമറി(റ)ൻെറ ചെലവിൽ പറ്റുമൊ അത്? പ്രവാചക തിരുമേനിയുടെ പ്രബോധന ദൗത്യം ഏറ്റെടുക്കുകയും, സത്യസന്ധതയോടെ അക്കാര്യം നിർവഹിക്കുകയും ചെയ്ത, അല്ലാഹുവിൻെറ കലിമത്ത് ഉയർന്നുകാണാൻ അക്ഷീണം യത്നിക്കുകയും ജിഹാദിലേർപ്പെടുകയും ചെയ്ത പുണ്യപുരുഷൻമാരായ സ്വഹാബത്തിൻെറ ചെലവിൽ പറ്റുമൊ അത്?

ധവളിമയാർന്ന, അവക്രമായ മില്ലത്തിൽ നിലകൊണ്ട ഖുലഫാഉറാശിദുകളിൽ പ്രമുഖരായ അബൂബക്കർ, ഉമർ, ഉസ്മാൻ എന്നിവരെ സംബന്ധിച്ച് ശീഇകൾ വിശ്വസിക്കുന്നതു പോലെ അലി(റ)യെയും അദ്ദേഹത്തിൻെറ സന്താനങ്ങളേയും സംബന്ധിച്ച് മോശമായി വിശ്വസിക്കുന്ന ഏതെങ്കിലുമൊരു വ്യക്തിയെ അഹ്ലുസ്സുന്നത്തിൻെറ കൂട്ടത്തിൽ നിങ്ങൾക്ക് കാണിച്ചു തരാനാകുമൊ? എങ്കിൽ ''മുസ്ലിമുകളേ, നിങ്ങൾ ഭിന്നിക്കരുത്, എങ്കിൽ നിങ്ങൾ ദുർബ്ബലരാകും, നിങ്ങളുടെ ശക്തി ക്ഷയിച്ചു പോകും' എന്ന ആഹ്വാനത്തിന് എന്ത് വിലയാണുള്ളത്?

നിങ്ങൾ ഐക്യം കൊണ്ടുദ്ദേശിക്കുന്നത് എന്താണ്? നമ്മുടെ വിശ്വാസങ്ങളെ കയ്യൊഴിക്കാനും, നമ്മുടെ 'സഹോദരൻമാരാ'യ ശീഇകളാൽ ചവിട്ടിമെതിക്കപ്പെടുന്ന പൂർവികരുടെ അഭിമാനത്തിനുനേരെ കണ്ണട ക്കുവാനും, നമ്മുടെ ഹൃദയങ്ങളെ തിന്നുതീർക്കുകയും നമ്മുടെ കിടപ്പറകളെ അസ്വസ്ഥ ാക്കുകയും ചെയ്ത ശീഇകൾ തീർത്ത മുറിവുകൾക്ക് മാപ്പു കൊടുകയും ചെയ്യണമെന്നാണൊ നിങ്ങളുദ്ദേശിക്കുന്നത്?

യഥാർത്ഥത്തിൽ സുന്നീ ശീഈ യോജിപ്പിനു വേണ്ടിയുള്ള മുറവിളി കൊണ്ട് നിങ്ങൾ അർത്ഥമാക്കുന്നത് എന്താണ്? നിങ്ങളെ ബഹുമാനിക്കാനും ഞങ്ങളെ തരംതാഴ്ത്താനും വേണ്ടിയുള്ള യത്നമാണൊ? നിങ്ങളുടെ കാര്യത്തിൽ ഞങ്ങൾ നിശബ്ദത പാലിക്കാനും, നിങ്ങൾക്ക് ഞങ്ങളെ യഥേഷ്ടം ആക്ഷേപിക്കാനുമാണൊ? നിങ്ങളുടെ പൂർവികരെ ഞങ്ങൾ ആദരിക്കാനും ഞങ്ങളുടെ പൂർവികരെ നിങ്ങൾക്ക് അപമാനിക്കാനുമാണൊ? നിങ്ങളുടെ മഹാൻമാരുടെ കാര്യത്തിൽ ഞങ്ങൾ സൂക്ഷ്മതപാലിക്കാനും, ഞങ്ങളുടെ മഹാൻമാരെ തോന്നിയതുപോലെ ആക്ഷേപിക്കാനുമാണൊ? അലി(റ)യേയും മക്കളേയും സംബന്ധിച്ച് ഞങ്ങളൊന്നും പറയാതിരിക്കാനും, അബൂബക്കറിനേയും ഉമറിനേയും ഉസ്മാനേയും അവരുടെ സന്താനങ്ങളേയും സാർവ്വത്രികമായി ചീത്തപറയാനുമാണൊ? എകിൽ ക്വുർആൻ പറഞ്ഞതാണു സത്യം: "എങ്കിൽ അത് നീതിയില്ലാത്ത ഒരു ഓഹരി വെക്കൽ തന്നെ." (നജ്മ്: 22)

ത്വബ്റസി തന്റെ 'ഇഹ്തിജാജി'ൽ, ഇമാമുകളുടെ പേരിൽ വ്യാജമായുദ്ധരിച്ച പ്രസ്താവന പോലെ മറ്റൊന്ന് 'അൽ കാഫി'യിലും കാണാനുണ്ട്. അഹ്മദ് ബ്ൻ മുഹമ്മദ് ബ്ൻ നസ്വർ പറഞ്ഞു: "അബുൽ ഹസൻ എനിക്കൊരു മുസ്വ്ഹഫ് നൽകി. എന്നിട്ട് പറഞ്ഞു, 'നീ അതിലേക്ക് നോക്കരുത്'. അപ്പോൾ ഞാനതു തുറന്നു നോക്കി. അതിൽ നിന്നും لم يكن الذين كفروا (സൂറത്തുൽ ബയ്യിന) എന്നത് വായിച്ചു. പ്രസ്തുത ഭാഗത്തിൽ ഖുറൈശികളിലെ എഴുപതാളുകളുടേയും അവരുടെ പിതാക്കളുടേയും പേരുകൾ രേഖപ്പെടുത്തിയിരുന്നു." (അൽകാഫീ ഫിൽ ഉസ്വൂൽ, കിതാബു ഫദ്ലുൽ ക്വുർആൻ, വാ. 2, പേ. 631, ടഹ്റാൻ, വാ. 1, പേ. 670, ഇന്ത്യൻ പതിപ്പ്)

കമാലുദ്ദീൻ മയ്സിം അൽ ബഹ്റാനീ, 'നഹ്ജുൽ ബലാഗ'യുടെ ശറഹിൽ, ദുന്നൂറൈൻ ഉസ്മാൻ ബ്ൻ അഫ്ഫാനി(റ)നെ ആക്ഷേപിച്ചു കൊണ്ടു പറയുന്നു: സൈദ് ബ്ൻ സാബിത് ക്രോഡീകരിച്ച മുസ്വ്ഹഫ് മാത്രം വായിക്കാൻ അദ്ദേഹം ജനങ്ങളോടാഹ്വാനം ചെയ്യുകയും മറ്റു മുസ്വ്ഹഫുകളെ അഗ്നിക്കിരയാക്കുകയുംചെയ്തു. അല്ലാഹുവിൽ നിന്ന് അവതീർണ്ണമായതെന്ന് ഖണ്ഡിതമായി പറയാവുന്നവയെ അദ്ദേഹം ഫലത്തിൽ ഇല്ലാതാക്കി. (ശറഹു നഹ്ജിൽ ബലാഗ, മയ്സിം അൽ ബഹ്റാനീ, വാ. 11, പേ. 1, ടഹ്റാൻ)

സയ്യിദ് നിഅ്മത്തുല്ല അൽ ഹുസൈനി തന്റെ 'അൽ അൻവാർ' എന്ന കൃതിയിൽ പറയുന്നു: "വിശുദ്ധ ക്വുർആൻ, അതിന്റെ അവതീർണ്ണ രൂപത്തിൽ അമീറുൽ മുഅ്മിനീനല്ലാതെ വേറൊരാളും ക്രോഡീകരിച്ചിട്ടില്ല എന്ന വസ്തുത അനേകം ഹദീസുകളാൽ തെളിയിക്കപ്പെട്ടതാണ്." (അൽ അൻവാറുന്നഅ്മാനിയ്യ ഫീ ബയാനി മഅ്രിഫത്തിന്നശ്അത്തിൽ ഇൻസാനിയ്യ, നിഅ്മത്തുല്ല അൽ ജസാഇരി)

ഈ പ്രസ്താവനയെ പിന്താങ്ങിക്കൊണ്ടുള്ള മറ്റൊരു പ്രസ്താവന മുഹമ്മദ് ബ്ൻ യഅ്കൂബ് അൽ കുലൈനി ഉദ്ധരിക്കുന്നുണ്ട്. ജാബിർ അൽ ജഅ്ഫി പറഞ്ഞു: "അബൂജഅ്ഫർ (അ) ഇപ്രകാരം പറയുന്നത് ഞാൻ കേൾക്കുകയുണ്ടായി, 'ക്വുർആൻ പൂർണ്ണരൂപത്തിൽ ക്രോഡീകരിച്ചിട്ടുണ്ട് എന്ന് പെരും നുണയനല്ലാതെ വാദിച്ചിട്ടില്ല. അതിന്റെ അവതീർണ്ണരൂപത്തിൽ ക്രോഡീകരിക്കുകയും സംരക്ഷിക്കുകയും ചെയ്തിട്ടുള്ളത് അലി(റ)യും അദ്ദേഹത്തിനു ശേഷം ഇമാമുകളും മാത്രമാണ്." (അൽ കാഫീ ഫിൽ ഉസ്വൂൽ, കിതാബുൽ ഹുജ്ജ, 'ഇമാമുകളല്ലാതെ ക്വുർആൻ ക്രോഡീകരിച്ചിട്ടില്ല' എന്ന അധ്യായം, വാ. 1, പേ. 228, ടഹ്റാൻ)

## ആരുടെ കയ്യിലാണ് മുസ്ഹഫ്?

മുഹമ്മദ് നബി(സ്വ)ക്ക് അവതീർണ്ണമാകുകയും, അലി(റ) ക്രോഡീകരിച്ച് സൂക്ഷിക്കുകയും ചെയ്തിട്ടുണ്ടെന്ന് പറയപ്പെടുന്ന മുസ്വ്ഹഫ് എവിടെയുണ്ട്? ഇവിടെ, കുലൈനി ഉദ്ധരിച്ച ഒരു ശീഈ ഹദീസ് പ്രസ്താവി

ക്കുന്നത് സംഗതമാണെന്ന് തോന്നുന്നു. സാലിം ബ്ൻ സലമ പറയുകയാണ്: "ഒരാൾ അബൂ അബ്ദില്ല(അ)യുടെ അടുക്കൽ വന്നിട്ട് ക്വുർആൻ ഓതുകയാണ്. ഞാനതിലെ ഓരോ അക്ഷരങ്ങളും ശ്രദ്ധിച്ചു. ഇന്ന് ജനങ്ങൾ പാരായണം ചെയ്യുന്ന രൂപത്തിലല്ല അവ. സാലിമിന്റെ പാരായണം കേട്ട അബൂ അബ്ദില്ല പറഞ്ഞു: 'ഈ പാരായണം മതിയാക്ക്', 'അവതാര പുരുഷൻ' വരുന്നതു വരെ സാധാരണ ജനങ്ങൾ ഓതുന്നതു പോലെയേ ക്വുർആൻ ഓതാവൂ. അവതാര പുരുഷൻ വന്നാൽ അല്ലാഹുവിന്റെ പ്രത്യേകമായ ക്വുർആൻ അദ്ദേഹം വായിക്കും. അലി(അ) എഴുതിയുണ്ടാക്കിയ ക്വുർആൻ പുറത്തെടുക്കും.' അദ്ദേഹം തുടരുന്നു: "അലി(അ) താൻ എഴുതി സൂക്ഷിച്ചിരുന്ന പ്രസ്തുത ക്വുർആനിനെ ജനങ്ങൾക്കു മുമ്പിൽ ഒരിക്കൽ സമർപ്പിച്ചതായിരുന്നു. 'ഇതാ മുഹമ്മദ് നബിക്ക് അല്ലാഹു അവതരിപ്പിച്ചു കൊടുത്ത ക്വുർആൻ അതിന്റെ യഥാർത്ഥ രൂപത്തിൽ രണ്ടു ഫലകങ്ങളിലായി ഞാൻ എഴുതിരേഖപ്പെടുത്തിയിരിക്കുന്നു' എന്ന് അദ്ദേഹം അവരോട് പറയുകയും ചെയ്തിരുന്നു. പക്ഷെ, ആളുകൾ പറഞ്ഞു: 'ഇതാ ഞങ്ങളുടെ കൈവശം ഇപ്പോഴുള്ള മുസ്വ്ഹഫ് സമ്പൂർണ്ണ ക്വുർആനാണ്. അതു തന്നെ ഞങ്ങൾക്കു മതി. നിന്റെയീ ക്വുർആൻ ഞങ്ങൾക്കാവശ്യമില്ല.' അപ്പോൾ അലി(അ) പറഞ്ഞു: 'അല്ലാഹു സത്യം. ഇനി നിങ്ങൾക്ക് ഈ ക്വുർആനിനെ കാണുക സാധ്യമല്ല. നിങ്ങൾക്ക് പാരായണം ചെയ്യാനായി ഈ ക്വുർആനിനെ ഞാൻ ക്രോഡീകരിച്ചു തന്നിട്ടുണ്ട് എന്ന വിശേഷം അറിയിക്കുക മാത്രമാണ് എന്റെ ബാധ്യത." (അൽ കാഫീ ഫിൽ ഉസ്വൂൽ, വാ. 2 പേ. 533, ടഹ്റാൻ)

ഭൂഗർഭത്തിലൊളിച്ചിരിക്കുന്ന, ഇനിയും പുറം ലോകം കണ്ടിട്ടില്ലാത്ത തങ്ങളുടെ വാഗ്ദത്ത മഹ്ദിയുടെ കൈവശമാണ് യഥാർത്ഥ ക്വുർആനുള്ളത് എന്നും, ഭൂവറ വിട്ട് പുറത്തു വരുമ്പോൾ അദ്ദേഹം പ്രസ്തുത ക്വുർആൻ കൊണ്ടുവരുമെന്നും ശീഇകൾ വിശ്വസിക്കുന്നത് ഇക്കാരണത്താലാണ്. ഹിജ്റ 588ൽ മരണപ്പെട്ട ശീഈ പണ്ഡിതനായ അബൂ മൻസ്വൂർ അഹ്മദ് ബ്ൻ അബീ ത്വാലിബ് അത്തബ്റസീ തന്റെ ഗ്രന്ഥമായ 'അൽ ഇഹ്തിജാജ് അലാ അഹ്ലി ല്ലിജാജ്' എന്ന കൃതിയിയിൽ വ്യക്തമാക്കുന്നു: (അതിന്റെ ആമുഖത്തിൽ, തന്റെ ഗ്രന്ത്ഥിലുദ്ധരിച്ചിട്ടുള്ള ഹദീസുകളെ പരിചയപ്പെടുത്തിക്കൊണ്ട് അദ്ദേഹം ഇങ്ങനെ പറയുന്നുണ്ട്: 'ഞാനുദ്ധരിക്കുന്ന അധിക ഹദീസുകൾക്കും നാം സനദ് നൽകുന്നില്ല. കാരണം, പ്രസ്തുത ഹദീസുകൾക്ക് ഒന്നുകിൽ നിരാക്ഷേപം സ്വീകരിക്കാവുന്ന 'ഇജ്മാഅ്' ഉണ്ടാകാം. അല്ലെകിൽ അവ നമ്മുടെ ബുദ്ധിയുപയോപിച്ചാൽ തന്നെ അംഗീകരിക്കാൻ സാധിക്കുന്നതാകാം. അതുമല്ലെകിൽ അനുകൂലികളുടേയും പ്രതികൂലികളുടേയും സമ്പ്രദായങ്ങളിലൂടേയും ഗ്രന്ഥങ്ങളിലൂടേയും അവ പ്രസിദ്ധമായതാകാം.)

"വാഗ്ദത്ത മഹ്ദി അവതരിക്കുമ്പോൾ അദ്ദേഹത്തിന്റെ കയ്യിൽ, പ്രവാചക തിരുമേനിയുടെ ആയുധങ്ങളുണ്ടാകും, ദുൽഫുക്വാർ എന്ന ഗഡ്ഗമുണ്ടാകും. (ആറ്റം ബോംബുകളും റോക്കറ്റുകളും രംഗം വാഴുന്ന കാലഘട്ടത്തിൽ വാളും പരിചയും കൊണ്ട് എന്ത് കാട്ടാനാണാവൊ? ഗ്ര.) അന്ത്യനാൾവരെയുള്ള ശീഇകളുടെ പേരുകൾ രേഖപ്പെടുത്തിയ കടലാസ് ചുരുളുമുണ്ടാകും. അദ്ദേഹത്തിന്റെ കയ്യിൽ എഴുപതു മുഴം നീളമുള്ള ഒരു 'സമ്പൂർണ്ണ' ഗ്രന്ഥവുമുണ്ടാകും. മനുഷ്യർക്കാവശ്യമായ സകല കാര്യങ്ങളും പ്രസ്തുത ഗ്രന്ഥത്തിൽ സമൃദ്ധമാണ്... പുറമെ, ഫാത്വിമ(അ)യുടെ മുസ്വ്ഹഫും കൂടെയുണ്ടാകും." (അൽ ഇഹ്തിജാജ് അലാ അലഹ്ലില്ലിജാജ്, പേ. 223, ഇറാൻ, 1302 ഹി.)

'എന്റെ സന്താന പരമ്പരയിൽ നിന്നും അവതാര പുരുഷൻ പുറപ്പെടുമ്പോൾ (ഈ ക്വുർആൻ അദ്ദേഹം കൊണ്ടുവരും)' എന്ന, അലി(റ)യുടേതായി പറയപ്പെടുന്ന പ്രസ്താവന നാം മുമ്പുദ്ധരിച്ചിട്ടുള്ളത് ഓർക്കുക.

ധാരാളം സനദോടു കൂടി കുലൈനി തന്നെ തന്റെ 'അൽ കാഫി'യിൽ ഉദ്ധരിക്കുന്നു: "ഹുസൈൻ ബ്ൻ അലിയോട് ചോദിക്കപ്പെട്ടു: 'ഞങ്ങൾ ക്വുർആനിൽ നിന്ന് ചില ആയത്തുകൾ കേൾക്കുന്നു. ആ കേൾക്കുന്നതു പേലെയല്ല അവയെ നാം പാരായണം ചെയ്യുന്നത്. താകളിൽ നിന്നും മനസിലാക്കിയ പ്രകാരം അവയെ ഭംഗിയായി വായിക്കാൻ ഞങ്ങൾക്കൊട്ടാവുന്നുമില്ല. അത് ഞങ്ങളുടെമേൽ കുറ്റകരമായിത്തീരുമൊ? അദ്ദേഹം പറഞ്ഞു: 'ഇല്ല, അതിനെ നിങ്ങൾക്കറിയുന്നതു പോലെ ഓതിയാൽ മതി. നിങ്ങളെ പഠിപ്പിക്കുന്നയാൾ നിങ്ങളിലേക്ക് പിന്നീട് വരുന്നതാണ്'" (അൽ കാഫീ ഫിൽ ഉസ്വൂൽ, വാ. 2, പേ. 619, ടഹ്റാൻ പതിപ്പ്, പേ. 664, ഇന്ത്യൻ പതിപ്പ്)

ശീഈ ഹദീസ് പണ്ഡിതനും, 'അസ്സ്വാഫീ' എന്ന ക്വുർആൻ വ്യാഖ്യാന ഗ്രന്ഥത്തിൻെറ ഉടമയായ മുഹ്സിൻ അൽ കാഷിയുടെ ശിഷ്യനുമായ സയ്യിദ് നിഅ്മത്തുല്ലാഹ് അൽ ഹുസൈനി അൽ ജസാഇരി ഉദ്ധരിക്കുന്ന പ്രസ്താവനഃ "യുഗപുരുഷൻ അവതരിക്കുന്നതുവരെ, നിലവിലുള്ള ക്വുർആനിനെത്തന്നെ നമസ്കാരത്തിലും മറ്റും പാരായണം ചെയ്യാനും, അതിൻെറ ഹുക്മുകളനുസരിച്ച് കർമ്മങ്ങളനുഷ്ഠിക്കാനും മുഴുവൻ ഇമാമുകളും തങ്ങളുടെ ശീഈ അംഗങ്ങളെ ഉപദേശിച്ചിട്ടുണ്ട്. യുഗപുരുഷൻ വന്നു കഴിഞ്ഞാൽ ഈ ക്വുർആൻ ആകാശത്തിലേക്ക് ഉയർത്തപ്പെടുകയും, അമീറുൽ മുഅ്മിനീൻ അലി രചിച്ച ക്വുർആൻ കൊണ്ടുവരപ്പെടുകയും ചെയ്യും. പിന്നെ അതാണ് വായിക്കേണ്ടതും, അതിലെ നിയമങ്ങൾക്കനുസരിച്ചാണ് ജീവിക്കേണ്ടതും." (അൽ അൻവാറുന്നുഅ്മാനിയ്യ ഫീ മഅ്രിഫത്തി നശ്അത്തിൽ ഇൻസാനിയ്യ)

പിൽകാലക്കാരിലെ അംഗുലീപരിമിതരൊഴികെ സകല ശീഈകളും ക്വുർആനിനെ സംബന്ധിച്ച് വെച്ചുപുലർത്തുന്ന അടിസ്ഥാനവിശ്വാസമാണിത്. എങ്കിൽ അവരിലെ അല്പം ചിലയാളുകൾ എന്തുകൊണ്ട് ഈ വിശ്വാസത്തെ എതിർക്കുന്നു? അതെ, അവരുടെ മാത്രമായ ചില സ്ഥാപിത താത്പര്യങ്ങളെ മുൻനിർത്തിയാണ് അവരുടെ എതിർപ്പ്. മാത്രമല്ല, ഇവ്വിഷയകമായി ശീഈ ഭൂമികയിൽ ഉദ്ധരിക്കപ്പെടുന്ന സമൃദ്ധ'ഹദീസു'കളെ അതിജയിക്കാൻമാത്രം പോന്ന തെളിവുകളൊ പ്രമാണങ്ങളൊ അക്കൂട്ടരുടെ കൈവശം ഇല്ലതാനും. ഹസൻ ബ്ൻ മുഹമ്മദ് തക്വിയ്യിന്നൂരി അത്തബ്റസീ എന്ന ശീഈ പണ്ഡിതൻ രചിച്ച ഒരു ഗ്രന്ഥത്തിൻെറ പേരുതന്നെ, 'പരമരക്ഷിതാവായ അല്ലാഹുവിൻെറ ക്വുർആൻ മാറ്റത്തിരുത്തിന് വിധേയമായിട്ടുണ്ടെന്ന് സ്ഥാപിക്കുന്ന ഖണ്ഡിതമായ വാക്ക്' എന്നാണ്. പ്രസ്തുത ഗ്രന്ഥത്തിൽ ജസാഇരിയിൽ നിന്നും അയാൾ ഉദ്ധരിക്കുന്നു: "വിശുദ്ധ ക്വുർആൻ മാറ്റത്തിരുത്തിന് വിധേയമായിട്ടുണ്ടെന്ന വസ്തുത രണ്ടായിരത്തിലധികം ഹദീസുകൾ കൊണ്ട് തെളിയിക്കപ്പെട്ടിട്ടുള്ളതാണ്. അവയുടെ ആധികാരികത, മുഫീദ്, അദ്ദമാദ്, അല്ലാമാ മജ്ലിസി പോലുള്ള പണ്ഡിതൻമാർ പ്രഖ്യാപിച്ചിട്ടുമുണ്ട്." (ഫസ്ലുൽ ഖിത്വാബ് ഫീ ഇസ്ബാത്തി തഹ്രീഫി കിതാബി റബ്ബിൽ അർബാബ്, നൂരി തബ്റസി, പേ. 227, ഇറാൻ, 1298 ഹി.)

ജസാഇരിയിൽ നിന്നു തന്നെ ത്വബ്റസി ഉദ്ധരിച്ചിട്ടുള്ള മറ്റൊരു പ്രസ്താവനഃ "ക്വുർആനിൽ കൈകടത്തലുകൾ നടന്നിട്ടുണ്ടെന്നതിന് ഉപോദ്ബലകമായി ഉദ്ധരിക്കപ്പെടുന്ന, അനേകം വഴികളിലൂടെ നിവേദനം ചെയ്യപ്പെട്ടിട്ടുള്ള സർവ്വ ഹദീസുകളും സ്വഹീഹാണെന്ന് പണ്ഡിതൻമാർ അംഗീകരിച്ചിട്ടുണ്ട്." (ഇബിഡ്, പേ. 30)

ശീഈ മുഫസ്സിറായ മുഹ്സിനുൽ കാഷീ എഴുതുന്നു: "അഹ്ലുൽബൈത്തിലെ അംഗങ്ങളിൽ നിന്നും നിവേദനം ചെയ്തു കിട്ടിയ ഹദീസുകളിൽ നിന്നും നമുക്ക് ലഭ്യമാകുന്ന ആകെത്തുക, മുഹമ്മദ് നബി(സ്വ)ക്ക് അവതരിച്ചു കിട്ടിയ ആയത്തുകൾ മുഴുവൻ സമ്പൂർണ്ണമായി ക്രോഡീകരിച്ചിട്ടുള്ള ഒരു ഗ്രന്ഥമല്ല ഇന്ന് നിലവിലുള്ള ക്വുർആൻ എന്നത്രെ. എന്നു മാത്രമല്ല, അല്ലാഹു അവതരിപ്പിച്ചതിന് വിരുദ്ധമായ പലതും അതിലുണ്ട് താനും. അതിൽ തിരുത്തയവയും തിരുകിക്കയറ്റിയവുമുണ്ട്. എത്രയോ ആയത്തുകൾ അതിൽ നിന്ന് ഒഴിവാകപ്പെട്ടിട്ടുമുണ്ട്... അല്ലാഹുവും അവൻെറ റസൂലും തൃപ്തിപ്പെടുന്ന വിധത്തിലല്ല ഈ ക്വുർആനിൻെറ ക്രോഡീകരണവും അതിലെ സൂറകളുടെ സ്ഥാന നിർണ്ണയവും." (തഫ്സീർ അസ്സ്വാഫി, ആറാം മുഖവുര)

ശീഇകളുടെ പൗരാണിക മുഫസ്സിറായ അലി ബ്ൻ ഇബ്റാഹീം അൽ ക്വുമ്മി തൻെറ തഫ്സീറിൻെറ മുഖവരയിൽ എഴുതി: "ക്വുർആനിൽ 'നാസിഖും മൻസൂഖു'മുണ്ട്. മുഹ്കമും മുതശാബിഹുമുണ്ട്... അല്ലാഹു അവതരിപ്പിച്ചതിന് വിരുദ്ധമായവയുമുണ്ട്." (തഫ്സീറുൽ ക്വുമ്മി, മുഖവുര, വാ. 1, പേ. 5, നജഫ്, 1386 ഹി)

ക്വുമ്മിയുടെ തഫ്സീറിന് ടിപ്പണിയെഴുതിയ സയ്യിദ് ത്വയ്യിബ് അൽ മൂസവി, ക്വുർആനിലെ കൈകടത്തലിനെ സബംന്ധിച്ചുള്ള പണ്ഡിതാഭിപ്രായങ്ങളുദ്ധരിച്ച് കൊണ്ടെഴുതുന്നു: "'ക്വുർആനിൻെറ പോരായ്മ'യെ സംബന്ധിച്ച്, പുരാതനരും ആധുനികരുമായ പണ്ഡിതൻമാരും മുഹദ്ദിസുകളും പറഞ്ഞ വാദത്തെ കുലൈനി, ബർക്വി, അയാഷി, നുഅ്മാനി, ഫുറാത് ബ്ൻ ഇബ്റാഹീം, അഹ്മദ് അത്തബ്റസീ, ജസാഇരി , അൽഹുർറുൽ ആമിലി, അല്ലാമാ അൽഫതൂനി, ബഹ്റാനി തുടങ്ങിയ പണ്ഡിതൻമാർ ആയത്തുകളും

ഹദീസുകളും കൊണ്ട് ശരിവെച്ചിട്ടുണ്ട്. അതിനു നേർക്ക് കണ്ണടക്കാൻ നമ്മുക്കാവുകയില്ല.'' (മുഖദ്ദിമത്തു തഫ്സീറിൽ ക്വുമ്മി, സയ്യിദ്ദ് ത്വയ്യിബ് അൽ മൂസവി, പേ. 23, 24)

ശീഈകളുടെ അവലംബ കൃതികളിൽ ആധികാരികമെന്നോണം രേഖപ്പെടുത്തപ്പെട്ടിട്ടുള്ള മഅ്സൂമുകളായ ഇമാമുകളിലൂടെ ഉദ്ധരിക്കപ്പെട്ട പ്രസ്താവനകളും, അവരുടെ പണ്ഡിതൻമാരുടെ അഭിപ്രായങ്ങളുമാണ് നാമിതുവരെ വായിച്ചത്. അതെ, ക്വുർആനിൽ അപവാദാരോപണം നടത്തുന്നവർ തന്നെയാണ് ശീഇകൾ. വിശുദ്ധ ഗ്രന്ഥത്തിൽ കൈകടത്തൽ നടന്നിട്ടുണ്ടെന്ന് വിശ്വസിക്കുന്നവരാണ് ശീഇകൾ എന്ന വസ്തുത ഇനിയൊരാളും തിരസ്കരിക്കുമെന്ന് കരുതുന്നില്ല. വിശ്വസി സമൂഹത്തിന് മാർഗദർശനവും കാരുണ്യവുമായിട്ടാണ് അത് അവതരിക്കപ്പെട്ടിട്ടുള്ളത്. മനുഷ്യ സമൂഹത്തിനൊന്നടകം ഉറ്റാലോചിക്കാനും ഉൾക്കൊള്ളാനും വേണ്ടിയാണ് അതിൻെറ അവതരണം. അല്ലാഹു പറയുന്നു:

''ഇതാകുന്നു ഗ്രന്ഥം. അതിൽ സംശയമേയില്ല. സൂക്ഷ്മത പാലിക്കുന്നവർക്ക് നേർവഴി കാണിക്കുന്നതത്രെ അത്.'' (അൽബഖറഃ 2)

''അതിന്റെ മുന്നിലൂടെയോ, പിന്നിലൂടെയോ അതിൽ അസത്യം വന്നെത്തുകയില്ല. യുക്തിമാനും സ്തുത്യർഹനുമായിട്ടുള്ളവന്റെ പക്കൽ നിന്ന് അവതരിപ്പിക്കപ്പെട്ടതത്രെ അത്.'' (ഫുസ്സിലത്ത്ഃ 42)

''തീർച്ചയായും നാമാണ് ആ ഉൽബോധനം അവതരിപ്പിച്ചത്. തീർച്ചയായും നാം അതിനെ കാത്തു സൂക്ഷിക്കുന്നതുമാണ്.'' (ഹിജ്ർഃ 9)

"തീർച്ചയായും അതിന്റെ ( ഖുർആന്റെ ) സമാഹരണവും അത് ഓതിത്തരലും നമ്മുടെ ബാധ്യതയാകുന്നു. അങ്ങനെ നാം അത് ഓതിത്തന്നാൽ ആ ഓത്ത് നീ പിന്തുടരുക. പിന്നീട് അത് വിവരിച്ചുതരലും നമ്മുടെ ബാധ്യതയാകുന്നു.'' (ക്വിയാമഃ 17, 18, 19)

"ഒരു പ്രമാണഗ്രന്ഥമത്രെ ഇത്. അതിലെ വചനങ്ങൾ ആശയഭദ്രതയുള്ളതാക്കപ്പെട്ടിരിക്കുന്നു. പിന്നീടത് വിശദീകരിക്കപ്പെട്ടിരിക്കുന്നു. യുക്തിമാനും സൂക്ഷ്മജ്ഞാനിയുമായ അല്ലാഹുവിന്റെ അടുക്കൽ നിന്നുള്ള തത്രെ അത്." (ഹൂദ്ഃ 1)

''ഹേ; റസൂലേ, നിന്റെ രക്ഷിതാവിങ്കൽ നിന്ന് നിനക്ക് അവതരിപ്പിക്കപ്പെട്ടത് നീ (ജനങ്ങൾക്ക്) എത്തിച്ചു കൊടുക്കുക.'' (മാഇദഃ 67)

''അദ്ദേഹം അദൃശ്യവാർത്തയുടെ കാര്യത്തിൽ പിശുക്ക് കാണിക്കുന്നവനുമല്ല.'' (തക്‌വീർഃ 24)

''നീ ജനങ്ങൾക്ക് സാവകാശത്തിൽ ഓതികൊടുക്കേണ്ടതിനായി ഖുർആനിനെ നാം (പല ഭാഗങ്ങളായി) വേർതിരിച്ചിരിക്കുന്നു. നാം അതിനെ ക്രമേണയായി ഇറക്കുകയും ചെയ്തിരിക്കുന്നു.'' (ഇസ്റാഅ്ഃ 106)

''അപ്പോൾ അവർ ഖുർആൻ ചിന്തിച്ചുമനസ്സിലാക്കുന്നില്ലേ? അതല്ല, ഹൃദയങ്ങളിൻമേൽ പൂട്ടുകളിട്ടിരിക്കയാണോ?'' (മുഹമ്മദ്ഃ 24)

''തീർച്ചയായും ഈ ഖുർആൻ ഏറ്റവും ശരിയായതിലേക്ക് വഴി കാണിക്കുകയും, സൽകർമ്മങ്ങൾ പ്രവർത്തിക്കുന്ന സത്യവിശ്വാസികൾക്ക് വലിയ പ്രതിഫലമുണ്ട് എന്ന സന്തോഷവാർത്ത അറിയിക്കുകയും ചെയ്യുന്നു.'' (ഇസ്റാഅ്ഃ 9)

## ഖുർആനിൽ കൈകടത്തിയതിന്റെ ഉദാഹരണങ്ങൾ?

ക്വുർആനിൽ കൈകടത്തലുകൾ നടന്നിട്ടുണ്ടെന്ന വിശ്വാസക്കാരാണ് ശീഇകളെന്ന് അവരുടെ തന്നെ ആധികാരിക രേഖകൾ വെച്ച് നാം സ്ഥാപിച്ചു കഴിഞ്ഞു. അനുവാചകർക്ക്, ഒരു ഗവേഷണ വിദ്യാർത്ഥിക്ക് ഉപകാരമായേക്കാവുന്ന ചില സംഗതികൾ കൂടി വിശദീകരിക്കുകയാണ് ഇനി. ക്വുർആനിലെ മാറ്റത്തിരുത്തലുകളെ ബലപ്പെടുത്തുന്ന, ഹദീസിലും, തഫ്സീറിലും, ഫിക്വ്ഹിലും, അഖീദകളിലുമുള്ള അവരുടെ അംഗീകൃത ഗ്രന്ഥങ്ങൾ വെച്ചു കൊണ്ടാണ് ഞാനിതെഴുതുന്നത്. പ്രസ്തുത ഗ്രന്ഥങ്ങളിൽ ഉദ്ധരിക്കപ്പെട്ടിട്ടുള്ള ഹദീസുകളാകട്ടെ, അവരുടെ പാപസുരക്ഷിതരായ ഇമാമുകളിൽ നിന്നും നിവേദനം

ചെയ്യപ്പെട്ടതാണെന്ന് വിശ്വസിക്കപ്പെടുന്നവയുമാണ്. ഇമാമുകളെ അപ്പടി പിന്തുടരുക എന്നത് ശീഇകളെ സംബന്ധിച്ചിടത്തോളം ഒഴിച്ചു കൂടാനാകാത്ത ബാധ്യതയാണുതാനും.

അലി ബ്ൻ ഇബ്റാഹീം അൽ ക്വുമ്മി, ആയത്തുൽ കുർസിയെ സംബന്ധിച്ച് തന്റെ പിതാവിൽ നിന്നും ഉദ്ധരിക്കുന്നതു കാണുക: ''അബൂൽ ഹസൻ മൂസ അർറിള (പന്ത്രണ്ട് ഇമാമുകളിൽ ഒരാൾ) ആയത്തുൽ കുർസി ഇപ്രകാരം ഓതുകയുണ്ടായി:

{الم، الله لا إله إلا هو الحي القيوم، لا تأخذه سنة ولا نوم، له ما في السماوات وما في الأرض، وما بينهما وما تحت الثرى، عالم الغيب والشهادة، الرحمن الرحيم}

(തഫ്സീറുൽ ക്വുമ്മി, വാ. 1, പേ. 84)

നോക്കുക:

"وما بينهما وما تحت الثرى، عالم الغيب والشهادة، الرحمن الرحيم "

എന്ന ഭാഗം ആയത്തുൽ ക്വുർസിയിൽ ഇല്ലാത്തതാണ്. പക്ഷെ ശീഇകളുടെ വിശ്വാസം ഇത് ഈ ആയത്തിന്റെ ഭാഗമാകുന്നു എന്നാണ്!!!

ക്വുമ്മി തന്നെ {له معقبات من بين يديه ومن خلفه يحفظونه من أمر الله} (الرعد: 11) എന്ന ആയത്ത് ഉദ്ധരിച്ചു കൊണ്ട് പറയുന്നു: ''ഈ വചനം അബൂ അബ്ദില്ലയുടെ മുമ്പിൽവെച്ച് ഓതപ്പെട്ടപ്പോൾ അദ്ദേഹം ചോദിച്ചു: 'നിങ്ങളിൽ അറബി അറിയുന്നവർ ആരുമില്ലേ? المعقبات من بين يديه എന്നാണൊ ഓതുക? നിങ്ങളോതേണ്ടത്:

{له معقبات من خلفه ورقيب من بين يديه يحفظونه بأمر الله} എന്നാണ്.'' (തഫ്സീർ അൽ ക്വുമ്മി, വാ. 1, പേ. 360, തഫ്സീറുൽ അയാശിയിലും, തഫ്സീർ അസ്സ്വാഫിയിലും ഇപ്രകാരം കാണാം)

ശീഇകളുടെ ആറാം ഇമാമായ അബൂ അബ്ദില്ല ജഅ്ഫർ ഇവിടെ ഈ ആയത്തിനെ അവമതിക്കുകയാണ് ചെയ്യുന്നത്. തന്റെ മുന്നിൽ ഈ ആയത്തോതിയ വ്യക്തിയോട് 'നിങ്ങളിൽ അറബി അറിയുന്നവരില്ലേ' എന്ന് ചോദിച്ചു കൊണ്ട് രണ്ടിടങ്ങളിലാണ് അദ്ദേഹം കൃത്രിമം കാണിച്ചത്. **معقبات** എന്നതിനുശേഷം من بين يديه എന്ന് വരികയില്ലെന്ന് ദുർന്യായം പറഞ്ഞ് അതിനെ ഒഴിവാക്കുകയും, ومن أمر الله എന്നതിന് പകരം **بأمر الله** എന്ന് മാറ്റി പ്രയോഗിക്കുക്കയും ചെയ്തു അദ്ദേഹം. അഥവാ തങ്ങളുടെ ആറാം ഇമാമിന് അറബീ ഭാഷയുടെ ബാലപാഠം പോലും അറിയില്ല എന്നാണ് ക്വുമ്മിയുടെ പ്രസ്താവനയിൽ നിന്നും നമ്മുക്ക് മനസിലാകുന്നത്.

{واجعلنا للمتقين إماماً} (الفرقان:74) എന്ന ആയത്തിന്റെ വിശദീകരണത്തിൽ ക്വുമ്മിയെഴുതുന്നു: ഈ വചനം അബൂ അബ്ദില്ലയുടെ മുമ്പിൽ ഓതപ്പെട്ടു. അദ്ദേഹം പറഞ്ഞു: 'ഭക്തൻമാർക്ക് ഇമാമുകളെ നിശ്ചയിച്ചു തരേണമേ എന്ന മഹത്തായ കാര്യമാണ് അവർ അല്ലാഹുവിനോട് ചോദിച്ചിട്ടുള്ളത്.' അപ്പോൾ ഒരാൾ ചോദിച്ചു: 'പ്രവാചക പുത്രാ, ഈ ആയത്തിന്റെ ആശയം താകൾ പറഞ്ഞതു പ്രകാരം ആകുന്നതെങ്ങനെ?' അദ്ദേഹം പറഞ്ഞു: 'സത്യത്തിൽ ഈ ആയത്ത് അല്ലാഹുവിൽ നിന്ന് അവതരിച്ചിട്ടുള്ളത്, **"**واجعل لنا من المتقين **إماماً"** എന്ന രൂപത്തിലാണ്.'' (തഫ്സീറുൽ ക്വുമ്മി, വാ. 2, പേ. 117)

(ആയത്തിന്റെ രൂപം മാററിയപ്പോൾ 'ധർമ്മനിഷ്ഠപാലിക്കുന്നവർക്ക് ഞങ്ങളെ നീ ഇമാമാക്കുകയും ചെയ്യേണമേ' എന്നതിനു പകരം 'ധർമ്മനിഷ്ഠ പാലിക്കുന്നവരിൽ നിന്ന് ഞങ്ങൾക്ക് നീ ഇമാമിനെ നിശ്ചയിച്ചു തരേണമേ' എന്നായി മാറി!!! വിവ.)

അഹ്മദ് ബ്ൻ അബീ ത്വാലിബ് അത്ത്വബ്റസി തന്റെ 'അൽഇഹ്തിജാജി'ൽ എഴുതുന്നു. ഒരിക്കൽ ഒരു നിരീശ്വവാദിയായ മനുഷ്യൻ അലി(റ)യോട് ചില ചോദ്യങ്ങൾ ചോദിക്കുകയുണ്ടായി. അപ്പോൾ അയാൾക്ക് മറുപടി നൽകവേ, അദ്ദേഹം ചില ആയത്തുകളെ വിശദീകരിച്ചു കൊണ്ട് പറഞ്ഞു: 'ഖലീഫക്കെതിരിൽ സംശയങ്ങളുണ്ടാക്കാൻ അല്ലാഹു പറഞ്ഞിട്ടില്ലാത്ത കാര്യങ്ങളെ അവർ ക്വുർആനിൽ സ്ഥിരപ്പെടുത്തുകയായി

രുന്നു. അവരതിൽ അവിവേകങ്ങളും വൈരുധ്യങ്ങളും കടത്തിക്കൂട്ടി. അല്ലാഹുവിൻെറ വചനത്തിൽ വൈരുധ്യമുണ്ടാക്കിയത് മനസിലാക്കാൻ സൂറത്തുന്നിസാഇലെ മൂന്നാമത്തെ ആയത്ത് പരിശോധിച്ചാൽ മതി.

وإن خفتم ألا تقسطوا في اليتامى فانكحوا ما طاب لكم من النساء مثنى وثلاث ورباع ... (النساء: (النساء: 3)

എന്ന ആയത്ത്, മുനാഫിക്വുകളുടെ 'ഒഴിവാക്ക'ലിന് വിധേയമായ വചനമാണ്. അഥവാ അനാഥക്കുട്ടികളെ സംബന്ധിച്ചുള്ള പ്രസ്താവനക്കും സ്ത്രീകളെ വിവാഹം കഴിക്കുന്നതു സംബന്ധിച്ചുള്ള പ്രസ്താവനക്കും ഇടയിൽ അല്ലാഹു പറഞ്ഞിരുന്ന, ക്വുർആനിലെ മൂന്നിലൊരുഭാഗം വരുമായിരുന്ന പല കാര്യങ്ങളും കഥകളും അവർ ഒഴിവാക്കിക്കളഞ്ഞു!!!'' (അൽ ഇഹ്തിജാജ്, പേ. 119, അസ്സ്വാഫി, പേ. 11)

കുലൈനി 'അൽകാഫി'യിലുദ്ധരിക്കുന്നു: 'അബൂ അബ്ദില്ലയിൽ നിന്നും അബൂ ബസ്വീർ നിവേദനം. 'അബൂ അബ്ദില്ല സൂറത്തുൽ അഹ്സാബിലെ 71ാമത്തെ ആയത്തിനെ ഇപ്രകാരം ഓതി:

" فقد فاز فوزاً عظيماً في ولاية علي والأئمة بعده ومن يطع الله ورسوله" എന്നിട്ട് പറഞ്ഞു, അല്ലാഹു പ്രവാചകന് അവതരിപ്പിച്ചത് ഇപ്രകാരമായിരുന്നു.'' (അൽകാഫി, അൽഹുജ്ജ, വാ. 1, പേ. 414, ടഹ്റാൻ)

ഏവർക്കും അറിയാവുന്ന ഒരു സത്യത്തെ എത്ര പച്ചയായിട്ടാണ് ഈ പ്രസ്താവനയിൽ കോട്ടിമാട്ടിയിരിക്കുന്നത്. അല്ലാഹുവിൻെറ ക്വുർആനിൽ സൂറത്തുൽ അഹ്സാബിലെ 71ാമത്തെ വചനം

ومن يطع الله ورسوله فقد فاز فوزا عظيما എന്നാണെന്നും അതിൽ في ولاية علي والأئمة بعده എന്നൊരു ഭാഗം ഇല്ലെന്നും ആർക്കാണറിഞ്ഞു കൂടാത്തത്? പക്ഷെ ശീഇകൾ പറയുന്നു, മഹാൻമാരായ സ്വഹാബത്ത് പ്രസ്തുത ആയത്തിൽ കൈകടത്തൽ നടത്തിയിരിരക്കുന്നു എന്ന്. എത്ര അപകടകരമായ വിശ്വാസമാണിത്?!!

അൽ കാഷി തൻെറ തഫ്സീറിൽ, സൂറത്തു തൗബയിലെ 73ാമത്തെ വചനമായ يا أيها النبي جاهد الكفار والمنافقين എന്ന ആയത്തിനെ വിശദീകരിക്കവെ പറഞ്ഞു: യഥാർത്ഥത്തിൽ ഈ ആയത്തിനെ അഹ്ലുൽ ബൈത്ത് വായിക്കുന്നത് "يا أيها النبي جاهد الكفار بالمنافقين" എന്നാണ്. (തഫ്സീറു സ്സ്വാഫീ, വാ. 1, പേ. 214, ടഹ്റാൻ)

ഇതുവരേയും നാം വായിച്ച ഉദ്ധരണികളേക്കാൾ അത്ഭുതകരമായ മറ്റൊരു പ്രസ്താവന കാണുക. അബൂ അബ്ദില്ലയിൽ നിന്ന് അബ്ദില്ലാഹി ബ്ൻ സിനാൻ നിവേദനം ചെയ്യുകയാണ്. അബൂ അബ്ദില്ല സൂറത്തു ത്വാഹ യിലെ 115ാമത്തെ ആയത്ത് ഇപ്രകാരം ഓതി:

"ولقد عهدنا إلى آدم من قبل كلمات في محمد وعلي وفاطمة والحسن والحسين والأئمة من ذريتهم فنسي"

എന്നിട്ട് പറഞ്ഞു: അല്ലാഹു സത്യം, മുഹമ്മദ് നബിക്ക് ഈ ആയത്ത് അവതരിച്ചത് ഈ രൂപത്തിൽ മാത്രമാണ്.'' (അൽ കാഫീ ഫിൽ ഉസ്വൂൽ, കിതാബുൽ ഹുജ്ജ, വാ. 1, പേ. 416, ടഹ്റാൻ)

എങ്ങനെയുണ്ട് ശീഈ ചിന്ത? കഅബയുടെ നാഥനാണ, സത്യം, ഇത് കല്ലുവെച്ച കളവാണ്. വിശുദ്ധ ക്വുർആനിൽ സൂറത്തു ത്വാഹയിലെ 115ാമത്തെ ആയത്ത് ولقد عهدنا إلى آدم من قبل فنسي ولم نجد له عزما എന്നാണുള്ളതെന്ന് ആർക്കാണറിഞ്ഞു കൂടാത്തത്?

സൂറത്തു നഹ്ലിലെ 91ാമത്തെ ആയത്തായ أن تكون أمة هي أربى من أمة എന്ന ആയത്ത് വിശദീകരിക്കുന്നതിനിടയിൽ അൽ ക്വുമ്മി പറയുന്നു: ''ജഅ്ഫർ ബ്ൻ മുഹമ്മദ് (അ) ഈ ആയത്തിനെ ഇപ്രകാരമാണ് ഓതിയത്: "أن تكون أئمة هي أزكى من أئمتكم" അപ്പോൾ ഒരാൾ ചോദിച്ചു: 'റസൂലിൻെറ പുത്രാ, ഞങ്ങൾ ക്വുർആനിൽ നിന്ന് ഓതാറുള്ളത് أن تكون أمة هي أربى من أمة എന്നാണല്ലൊ?' അപ്പോൾ അദ്ദേഹം പറഞ്ഞു: 'നിനക്കു നാശം. എന്ത് أربى ? വലിച്ചെറിയടൊ.' അദ്ദേഹം കൈകൊണ്ട് ആംഗ്യം കാണിച്ചു.'' (തഫ്സീറുൽ ക്വുമ്മി, വാ. 1, പേ. 289, തഫ്സീറു സ്സ്വാഫിയിൽ അൽ കാഷിയും ഇത് ഉദ്ധരിച്ചിട്ടുണ്ട്)

ഇവ്വിഷയകമായി ഇനിയുമുണ്ട് ശിഈ പ്രഭൃതികളുടെ അടിസ്ഥാനരഹിതമായ ജല്പനങ്ങൾ. എല്ലാം അവരുടെ ആധികാരിക ഗ്രന്ഥങ്ങളിൽ രേഖപ്പെട്ടു കിടക്കുന്നുമുണ്ട്.

## ഖുർആനിൽ തിരുത്തുണ്ടെന്ന് ശീഇകൾ വാദിക്കുന്നതെന്തിന്?

പല താത്പര്യങ്ങളും മുന്നിൽ വെച്ചു കൊണ്ടാണ് ക്വുർആനിൽ തിരുത്ത് സംഭവിച്ചിട്ടുണ്ടെന്ന് ശീഇകൾ ആരോപിക്കുന്നത്. പ്രസ്തുത താത്പര്യങ്ങളിൽ സുപ്രധാനമായവയെ നിരൂപണം നടത്തുകയാണ് ഇവിടെ.

## ശീഇകളും ഇമാമത്ത് വിശ്വാസത്തിന്റെ പ്രാധാന്യവും

ഒന്ന്: ഒരു മുസ്ലിമിൻെറ അടിസ്ഥാന അഖീദകളിൽ ഒന്നായിട്ടാണ് ഇമാമത്ത് വിഷയത്തെ ശീഇകൾ വിശ്വസിച്ചു പോരുന്നത്. അതിനെ നിഷേധിക്കുന്നവൻ കാഫിറും, അതിൽ വിശ്വസിക്കുന്നവൻ മുസ്ലിമും എന്ന വീക്ഷണമാണ് അവരുടേത്. അല്ലാഹുവിലുള്ള വിശ്വാസം, പ്രവാചകനിലുള്ള വിശ്വാസം എന്നതു പോലെ സുപ്രധാനമായ സംഗതിയാണ് ശീഇകൾക്ക് ഇമാമത്തിലുള്ള വിശ്വാസം. കുലൈനി തൻെറ അൽകാഫിയിൽ പ്രസ്താവിക്കുന്നു. "അബുൽ ഹസൻ അൽ അത്ത്വാർ പറഞ്ഞു: അനുസരണത്തിൻെറ കാര്യത്തിൽ പ്രവാചകൻമാരേയും വസ്വിയ്യുകളേയും ഒരു പോലെ സ്വീകരിക്കുക' എന്ന് അബൂ അബ്ദില്ല പറയുന്നത് ഞാൻ കേട്ടിട്ടുണ്ട്." (അൽ കാഫി, കിതാബുൽ ഹുജ്ജ, ഫർളു ത്വാഅത്തിൽ അഇമ്മ എന്ന അധ്യായം, വാ. 1, പേ. 186, ടഹ്റാൻ)

കുലൈനി തന്നെ വീണ്ടും ഉദ്ധരിക്കുന്നു. അബൂ അബ്ദില്ല ഇപ്രകാരം പറയുന്നത് ഞാൻ കേട്ടു: "നമ്മോട് അനുസരണം കാണിക്കണമെന്നത് അല്ലാഹു നിർബന്ധമാക്കിയ കാര്യമാണ്. നമ്മെക്കുറിച്ചറിയേണ്ടത് ഓരോ മനുഷ്യൻെറയും ബാധ്യതയാണ്. നമ്മെ അറിഞ്ഞിട്ടില്ലെന്ന് പറഞ്ഞ് ഒഴിഞ്ഞു മാറാൻ ഒരാൾക്കും സാധ്യമല്ല. നമ്മളെ തിരിച്ചറിഞ്ഞവനാരോ അവനാണ് യഥാർത്ഥ മുസ്ലിം. നമ്മളെ അംഗീകരിക്കാത്തവൻ കാഫിറാണ്. നമ്മളെ അംഗീകരിക്കുകയോ, തിരസ്കരിക്കുകയൊ ചെയ്യാത്തവൻ വഴിപിഴച്ചവനാണ്. അല്ലാഹു നിർബന്ധമാക്കിയ 'നമ്മോടുള്ള അനുസരണം' എന്ന ഹിദായത്തിലേക്ക് അവൻ തിരിച്ചു വരുവോളം അവൻ ളലാലത്തിൽ തന്നെയാണ്." (അൽ കാഫി, കിതാബുൽ ഹുജ്ജ, വാ. 1, പേ. 187, ടഹ്റാൻ)

കുലൈനി വീണ്ടും തുടരുന്നു. ജാബിർ പറഞ്ഞു: "അബൂ ജഅ്ഫർ(അ) പറയുകയാണ്: അല്ലാഹുവിനേയും അഹ്ലുൽ ബൈത്തിലെ നമ്മളിൽ നിന്നുള്ള അവൻെറ ഇമാമിനേയും മനസിലാക്കിയവനാണ് അല്ലാഹുവിനെ അംഗീകരിക്കുകയും അവനെ യഥാവിധി ആരാധിക്കുകയും ചെയ്യുന്നവൻ. അല്ലാഹുവിനേയും അഹ്ലുൽ ബൈത്തിലെ നമ്മളിൽ നിന്നുള്ള അവൻെറ ഇമാമിനേയും മനസിലാക്കാത്തവൻ അല്ലാഹു അല്ലാത്തവരേയാണ് അംഗീകരിക്കുന്നതും ആരാധിക്കുന്നതും. അല്ലാഹു സത്യം, അവൻ തികഞ്ഞ വഴികേടിലാണ്." (അൽ കാഫി, കിതാബുൽ ഹുജ്ജ, മഅ്രിഫത്തുൽ ഇമാം എന്ന അധ്യായം വാ. 1, പേ. 181, ടഹ്റാൻ)

ശീഇകൾ നമസ്കാരം, സകാത്ത്, നോമ്പ്, ഹജ്ജ് എന്നീ ആരാധനാ കർമ്മങ്ങൾക്ക് തുല്യമായി ഇമാമത്ത് വിശ്വാസത്തെ പ്രതിഷ്ഠിക്കുന്നവരാണ്. കുലൈനി തന്നെ പറയട്ടെ. അബൂ ജഅ്ഫറി(അ)ൽ നിന്നും അബൂ ഹംസ നിവേദനം ചെയ്തത്: അദ്ദേഹം പറഞ്ഞു: നമസ്കാരം, സകാത്ത്, നോമ്പ്, ഹജ്ജ്, വിലായത്ത് എന്നീ അഞ്ചു കാര്യങ്ങളിലാണ് ഇസ്ലാം സ്ഥാപിക്കപ്പെട്ടിരിക്കുന്നത്. 'ഗദീർ ദിന'ത്തിൽ 'വിലായത്തി'നെ സംബന്ധിച്ച് ഉദ്ബോധിപ്പിച്ചതു പോലെ മറ്റൊന്നിനെ സംബന്ധിച്ചും (നബി) ഉദ്ബോധിപ്പിച്ചിട്ടില്ല." (അൽ കാഫീ ഫിൽ ഉസ്വൂൽ, കിതാബുൽ ഈമാൻ വൽ കുഫ്ർ, വാ. 2, പേ. 18, ടഹ്റാൻ പതിപ്പ്, പേ. 369, ഇന്ത്യൻ പതിപ്പ്)

മേലെ വായിച്ചതിലെ അവസാന ഭാഗം ശ്രദ്ധിക്കുക: "'ഗദീർ ദിന'ത്തിൽ 'വിലായത്തി'നെ സംബന്ധിച്ച് ഉദ്ബോധിപ്പിച്ചതു പോലെ മറ്റൊന്നിനെ സംബന്ധിച്ചും (നബി) ഉദ്ബോധിപ്പിച്ചിട്ടില്ല." അഥവാ മറ്റു നാലു കാര്യങ്ങളേക്കാളും പ്രാധാന്യം 'വിലായ'ത്തിനാണ് എന്നർത്ഥം!!!

ഇതു കൂടി വായിക്കുക. കുലൈനി തന്നെയാണ് ഉദ്ധരിക്കുന്നത്. അബൂ സുറാറ പറയുകയാണ്. "അബൂ ജഅ്ഫർ(അ) പറഞ്ഞു: 'ഇസ്ലാം അഞ്ചു കാര്യങ്ങളാൽ പണിയപ്പെട്ടിരിക്കുന്നു. നമസ്കാരം, സകാത്ത്, ഹജ്ജ്, നോമ്പ്, വിലായത്ത് എന്നിവയാണ് പ്രസ്തുത കാര്യങ്ങൾ.' ഞാൻ (സുറാറ) ചോദിച്ചു. 'ഈ അഞ്ചു

കാര്യങ്ങളിൽ ഏറ്റവും ശ്രേഷ്ഠമായത് ഏതാണ്?' അദ്ദേഹം പറഞ്ഞു: 'വിലായത്തിനാണ് കൂടുതൽ ശ്രേഷ്ഠത." (അൽ കാഫീ ഫിൽ ഉസ്വൂൽ, , വാ. 2, പേ. 18, ടഹ്റാൻ പതിപ്പ്, പേ. 368, ഇന്ത്യൻ പതിപ്പ്)

നടെ കൊടുത്ത ഉദ്ധരണികൾ വായിച്ചു കഴിയുമ്പോൾ ചില ചോദ്യങ്ങൾ സ്വാഭാവികമായും ഉദ്ഭവിക്കുകയാണ്. നമസ്കാരവും സകാത്തും നോമ്പും ഹജ്ജും പ്രസ്താവിക്കപ്പെട്ട ഖുർആനിൽ, ഇത്രമേൽ പ്രാധാന്യമർഹിക്കുന്ന 'വിലായത്ത്' എന്ത് കൊണ്ടാണ് ഒരിടത്തും പ്രതിപാദിക്കപ്പെടാതെ പോയത്? വിലായത്ത് ഇസ്ലാമിന്റെ റുക്നുകളിൽ ഒന്നു മാത്രമായിട്ടല്ലല്ലോ പരിഗണിക്കപ്പെടുന്നത്. ഇസ്ലാം നിലനിൽക്കുന്നതു തന്നെ അതിൻമേലാകുന്നു എന്നാണ് വാദം. അല്ലാഹു പ്രവാചകൻമാരിൽ നിന്നും കരാറ് വാങ്ങിയിട്ടുള്ളത് 'വിലായത്തി'ന്റെ കാര്യത്തിലാകുന്നു എന്നാണ് വിശ്വാസം. എന്നിട്ടുമെന്തേ, ഈ വിലായത്തിന് വിശുദ്ധ ഖുർആനിൽ പ്രസ്താവയോഗ്യമായ യാതൊരു സ്വാധീനവും ഇല്ലാതെ പോയത്?

'ബസ്വാഇറുദ്ദറജാത്തി'ന്റെ കർത്താവ് രേഖപ്പെടുത്തിയത് വായിക്കുക. അംറ് സയ്യാത്ത് പറയുകയാണ്. "മുഹമ്മദ് ബ്ൻ മസ്ലമ പറഞ്ഞതായ ഒരു കാര്യം ഞാൻ എന്റെ പിതാവിൽ നിന്നും മുഹമ്മദ് ബ്ൻ സമ്മാഅയിൽ നിന്നും കേട്ടിട്ടുണ്ട്. അദ്ദേഹം പറഞ്ഞു: അബൂ ജഅ്ഫർ(അ) ഇപ്രകാരം പറയുന്നത് ഞാൻ കേൾക്കുകയുണ്ടായി. 'പരിശുദ്ധനായ അല്ലാഹു, അലിയുടെ വിലായത്തിന് പ്രവാചകൻമാരിൽ നിന്നും കരാർ സ്വീകരിച്ചിട്ടുണ്ട്. അദ്ദേഹിന്റെ വിലായത്തിൽ അവരെക്കൊണ്ട് പ്രതിജ്ഞയെടുപ്പിച്ചിട്ടുമുണ്ട്." (ബസ്വാഇറുദ്ദറജാത്ത്, വാ. 2, അധ്യായം 9, ഇറാൻ, 1285ഹി.)

അത്ഭുതം!! സത്യാസത്യ വിവേചന ഗ്രന്ഥമായ പരിശുദ്ധ ഖുർആനിൽ ഈ കരാറും പ്രതിജ്ഞയും പ്രതിപാദിക്കപ്പെടാതെ പോയത് വല്ലാത്ത അത്ഭുതം തന്നെ. ഈ വിലായത്തിനെ വെറും കരാറും പ്രതിജ്ഞയും മാത്രമായിട്ടല്ല ശീഇസം വിശ്വസിക്കുന്നത്. അല്ലാഹു തആല ആകാശ ഭൂമികൾക്കു മുമ്പാകെ എടുത്തുകാട്ടിയ 'വിശ്വസ്തദൗത്യ'മാണത്. അഥവാ അമാനത്ത്. എന്നിട്ടും ആ സാധനം ഖുർആനിലൊരിടത്തും പ്രസ്താവിക്കപ്പെട്ടിട്ടില്ലത്രെ!!

അമീറുൽ മുഅ്മിനീൻ അലി(റ) പറഞ്ഞതായി 'ബസ്വാഇറി'ലുദ്ധരിക്കുന്നു. "അല്ലാഹു ആകാശ ഭൂമികളിലെ സർവ സൃഷ്ടികൾക്കും മുമ്പാകെ എന്റെ വിലായത്തിനെ എടുത്തുകാട്ടുകയുണ്ടായി. പലരും അതിനെ അംഗീകരിച്ചു. ചിലർ അതിനെ നിഷേധിച്ചു. (അല്ലാഹുവേ, ഈ കടുത്ത കളവിൽ നിന്നും നിന്നോട് ഞങ്ങൾ രക്ഷ ചോദിക്കുകയാണ്) യൂനുസ് പ്രവാചകൻ എന്റെ വിലായത്തിനെ നിഷേധിച്ചപ്പോൾ അല്ലാഹു അദ്ദേഹത്തെ പിടികൂടുകയും, അതിനെ അംഗീകരിക്കുവോളം മത്സ്യത്തിന്റെ വയറിനുള്ളിൽ തടവിലിടുകയും ചെയ്തു." (ബസ്വാഇറുദ്ദറജാത്ത്, വാ. 2, അധ്യായം 10, ഇറാൻ)

ഈ 'വിലായത്ത്' അല്ലാഹുവിങ്കൽ അതിപരിഗണനീയമായ സംഗതിയാണ്. പ്രവാചകൻമാരെ മുഴുവൻ അതുമായാണത്രെ അല്ലാഹു നിയോഗിച്ചിട്ടുള്ളത്. ഇത് വെറുതെ പറയുകയല്ല. 'ബസ്വാഇറി'ന്റെ കർത്താവു തന്നെ പറയട്ടെ. "മുഹമ്മദ് ബ്ൻ അബ്ദുറഹ്മാൻ പറയുന്നു, അബൂ അബ്ദില്ല ഇപ്രകാരം പ്രസ്താവിച്ചിട്ടുണ്ട്: "നമ്മുടെ വിലായത്ത് അല്ലാഹുവിന്റെ വിലായത്ത് തന്നെയാണ്. ഒരൊറ്റ പ്രവാചകനേയും അതുമായിട്ടല്ലാതെ അല്ലാഹു നിയോഗിച്ചിട്ടില്ല." (ബസ്വാഇറുദ്ദറജാത്ത്, വാ. 2, അധ്യായം 9, ഇറാൻ)

മുഴുവൻ മുസ്ലിം സമൂഹത്തിനും ഉൾകൊള്ളാനായി പഠിപ്പിക്കപ്പെടുന്ന ഈ സുപ്രധാന വിശ്വാസം, വാനലോകത്തെ മലക്കുകൾ മുഴുവൻ വിശ്വസിക്കുന്നുണ്ട് എന്നാണ് ശീഇകളുടെ ജല്പനം!! 'ബസ്വാഇറി'ൽ നിന്നു തന്നെ വായിക്കുക: "അബൂ ജഅ്ഫർ പറഞ്ഞു: അല്ലാഹു സത്യം, വാനലോകത്ത് എഴുപതു വിഭാഗം മലക്കുകളുണ്ട്. അതിലെ ഒരു വിഭാഗത്തിന്റെ എണ്ണമെടുക്കാൻ പോലും ഭൂവാസികൾ മുഴുവൻ ശ്രമിച്ചാലും സാധ്യമല്ല. ആ മലക്കുകളിഖിലവും നമ്മുടെ വിലായത്തിന് കീഴൊതുങ്ങി ജീവിക്കുന്നവരാണ്." (ബസ്വാഇറുദ്ദറജാത്ത്, വാ. 2, അധ്യായം 6, ഇറാൻ)

ഇത്രയും സ്ഥാനമാനങ്ങളുള്ള, പ്രാധാന്യമേറിയ ഒരു സംഗതി, അതില്ലെങ്കിൽ ഒരു ആരാധനാ കർമ്മവും സാധുവാകില്ലെന്ന് വിശ്വസിക്കപ്പെടുന്ന ഒരു കാര്യം അല്ലാഹു സുബ്ഹാനഹു വ തആല അവന്റെ വിശുദ്ധ ഗ്രന്ഥത്തിൽ പറയാതെ വിട്ടുകളഞ്ഞു എന്നു പറഞ്ഞാൽ ആർക്കത് ഉൾക്കൊള്ളാനാകും?

കുലൈനിയുടെ പ്രസ്താവന വായിക്കുക. ജഅ്ഫർ സ്വാദിക്വ് പറഞ്ഞു: "ഇസ്ലാമിന്റെ അടുപ്പിൻ കല്ലുകൾ മൂന്നെണ്ണമാണ്: നമസ്കാരം, സകാത്ത്, വിലായത്ത്. ഇവയിൽ ഒന്നിന്റെ അഭാവത്തിൽ മറ്റൊന്ന് സാധുവാകുകയില്ല." (അൽ കാഫീ ഫിൽ ഉസ്വൂൽ, വാ. 2, പേ. 18, ടഹ്റാൻ)

വീണ്ടും കാണുക. അബുൽ ഹസൻ(അ) പറഞ്ഞു: "പ്രവാചകൻമാരുടെ മുഴുവൻ ഗ്രന്ഥങ്ങളിലും (ക്വുർആനി ലൊഴികെ! ഗ്ര.) അലി(അ)യുടെ വിലായത്ത് രേഖപ്പെടുത്തപ്പെട്ടിട്ടുണ്ട്. മുഹമ്മദ് നബി(സ്വ)യുടെ നുബുവ്വത്തും അലി(അ)യുടെ വസ്വിയ്യത്തുമായിട്ടല്ലാതെ അല്ലാഹു ഒരു ദൂതനേയും നിയോഗിച്ചിട്ടില്ല." (അൽകാഫി, കിതാബുൽ ഹുജ്ജ, അന്നവാദിർ അധ്യായം, വാ. 1, പേ. 412, ടഹ്റാൻ പതിപ്പ്, പേ. 261, ഇന്ത്യൻ പതിപ്പ്)

ഇവ്വിധ വാദങ്ങളുടെ നിരർത്ഥകത വിശുദ്ധ ക്വുർആൻ പാരായണം ചെയ്യുന്ന ഏതൊരാൾക്കും ബോധ്യപ്പെടുന്നതാണ്. അല്ലാഹുവികൽ അതിപരിഗണനീയമായ, ആരാധനാ കർമ്മങ്ങളെ മുഴുവൻ സാധൂകരിക്കുന്ന, സകല പ്രവാചകൻമാരും പ്രതിജ്ഞയെടുത്ത, എല്ലാ ദൈവിക ഗ്രന്ഥങ്ങളിലും പ്രസ്താവിക്കപ്പെട്ടിട്ടുള്ള, അലി(റ)യുടെ 'വിലായത്ത്' വിശുദ്ധ ക്വുർആനിൽ മാത്രം കാണുന്നില്ല എന്നത് ആരേയും അതിശയിപ്പിക്കുക തന്നെ ചെയ്യും. ഇത് ശീഇകളെ സംബന്ധിച്ചിടത്തോളം സന്നിഗ്ദാവസ്ഥയാണ്, സങ്കീർണ്ണതയാണ്. ഈ സങ്കീർണ്ണതയെ മറികടക്കാനാണ് വിശുദ്ധ ക്വുർആനിൽ വെട്ടും തിരുത്തും നടന്നിട്ടുണ്ട് എന്ന ആരോപണത്തിന് അവർ ധൃഷ്ടരായത്. ക്വുർആനിൽ നിന്ന് ഒരുപാട് ആയത്തുകൾ ഒഴിവാക്കിയിട്ടുണ്ടെന്നും, പല ആയത്തുകളുടേയും ഘടനയിൽ സാരമായ മാറ്റം വരുത്തിയിട്ടുണ്ടെന്നും, ആയത്തുകൾക്കിടയിൽ നിന്ന് ചില പദങ്ങളെ ബോധപൂർവം വിട്ടുകളഞ്ഞിട്ടുണ്ടെന്നും, അലിയോടും മക്കളോടുമുള്ള പകയാൽ, ഇസ്ലാമിലെ പ്രമുഖരായ സ്വഹാബികൾ തന്നെയാണ് പ്രസ്തുത കടുംകൈ ചെയ്തതെന്നും പറഞ്ഞു പരത്തുകയല്ലാതെ, തങ്ങളകപ്പെട്ട പ്രതിസന്ധിയിൽ നിന്ന് കരകയറാൻ ശീഇകൾക്ക് മറ്റു പോംവഴികളില്ലായിരുന്നു.

## ചില ഉദാഹരണങ്ങൾ

മുഹമ്മദ് ബ്ൻ യഅ്ക്വൂബ് അൽ കുലൈനി, ജാബിറിൽ നിന്നും രേഖപ്പെടുത്തുന്നു. "ഞാൻ അബൂ ജഅ്ഫറി(അ)നോട് ചോദിച്ചു: 'എന്തു കൊണ്ടാണ് അലി ബ്ൻ അബീത്വാലിബിന് അമീറുൽ മുഅ്മിനീൻ എന്ന് പേര് വെക്കപ്പെട്ടിരിക്കുന്നത്?' അദ്ദേഹം പറഞ്ഞു: 'അല്ലാഹുവാണ് അദ്ദേഹത്തിന് ആ പേര് നൽകിയത്. ക്വുർആനിൽ അത് അങ്ങനെത്തന്നെ അവതരിച്ചിട്ടുമുണ്ട്.' എന്നിട്ട് അദ്ദേഹം താഴെ കാണും വിധം ഓതി:

"وإذ أخذ ربك من بني آدم من ظهورهم ذريتهم وأشهدهم على أنفسهم ألست بربكم وأن محمداً رسولي وأن علياً أمير المؤمنين"

സൂറത്തുൽ അഅ്റാഫിലെ 172ാമത്തെ ആയത്തിൽ കൃത്രിമം കാണിച്ചാണ് ശീഇകൾ ഈ ദുഷ്കൃത്യം ചെയ്തത്. 'മുഹമ്മദ് അല്ലാഹുവിന്റെ റസൂലാണ് അലി അമീറുൽ മുഅ്മിനീനാണ്' എന്ന വസ്തുത എല്ലാവർക്കും അറിയാം. അതു പക്ഷെ, പടച്ചതമ്പുരാന്റെ വചനമല്ല, തങ്ങളുടെ വളഞ്ഞവിശ്വാസത്തിന് അടിസ്ഥാനമുണ്ടാക്കാൻ ശീഇകളുണ്ടാക്കിയ ബോധപൂർവ്വമായ വ്യാജോക്തിയാണ്.

കുലൈനി ജാബിറിൽ നിന്ന് വീണ്ടും രേഖപ്പെടുത്തുന്നു. "ജിബ്രീൽ(അ) മുഹമ്മദിന് ഈ ആയത്ത് അവതരിപ്പിച്ചു കൊടുക്കുകയുണ്ടായി: "وإن كنتم في ريب مما نزلنا على عبدنا في علي فأتوا بسورة من مثله" (അൽകാഫീ, കിതാബുൽ ഹുജ്ജ, വാ. 1, പേ. 417, ടഹ്റാൻ പതിപ്പ്, പേ. 263, ഇന്ത്യൻ പതിപ്പ്)

മേലെപ്പറഞ്ഞ സൂറത്തുൽ ബക്വറയിലെ 23ാമത്തെ ആയത്തിൽ في علي (അലിയുടെ കാര്യത്തിൽ) എന്ന് തിരുകിക്കയറ്റിയത് വായനക്കാർ ശ്രദ്ധിച്ചു കാണുമല്ലോ!!

അബൂ ബസ്വീർ ഉദ്ധരിക്കുന്നത്. അബൂ അബ്ദില്ല, "سأل سائل بعذاب واقع للكافرين بولاية علي ليس له دافع" എന്ന് ചൊല്ലിക്കൊണ്ട് പറഞ്ഞു: 'അല്ലാഹു സത്യം, ഈ വിധമാണ് ജിബ്രീൽ മുഹമ്മദ് നബി(സ്വ)ക്ക് അവതരിപ്പിച്ചു

കൊടുത്തിട്ടുള്ളത്." (അൽകാഫീ, കിതാബുൽ ഹുജ്ജ, വാ. 1, പേ. 422, ടഹ്റാൻ പതിപ്പ്, പേ. 266, ഇന്ത്യൻ പതിപ്പ്)

സൂറത്തുൽ മആരിജിലെ ഒന്നും രണ്ടും വചനങ്ങളാണ് ഇവിടെ بولاية علي എന്ന് കൂട്ടിച്ചേർത്ത കൃത്രിമത്തിന് വിധേയമായിട്ടുള്ളത്!

അബൂ ഹംസ ഉദ്ധരിക്കുന്നത്. അബൂജഅ്ഫർ(അ) പറഞ്ഞു: "ജിബ്രീൽ(അ) ഈ ആയത്തിനെ മുഹമ്മദു നബിക്ക് നൽകിയത് ഈ വിധത്തിലാണ്."فأبى أكثر الناس بولاية علي إلا كفوراً"

അദ്ദേഹം തുടർന്നു: ഈ ആയത്ത് ഇങ്ങനെയാണ് അവതരിപ്പിച്ചത്:

" وقل الحق من ربكم في ولاية علي فمن شاء فليؤمن ومن شاء فليكفر إنا أعتدنا للظالمين آل محمد ناراً"

(അൽകാഫീ, കിതാബുൽ ഹുജ്ജ, വാ. 1, പേ. 425, ടഹ്റാൻ പതിപ്പ്, പേ. 268, ഇന്ത്യൻ പതിപ്പ്)

സൂറത്തുൽ ഫുർഖാനിലെ 50ാമത്തെ ആയത്തിലും സൂറത്തുൽ കഹ്ഫിലെ 29ാമത്തെ ആയത്തിലുമാണ് ഇവിടെ കൃത്രിമം നടന്നിട്ടുള്ളത്.

ജാബിർ ഉദ്ധരിക്കുന്നത്. അബൂ ജഅ്ഫർ(അ), സൂറത്തുന്നിസാഇലെ 66ാമത്തെ ആയത്തിനെ ഇങ്ങനെ ഓതുകയുണ്ടായി: "ولو أنهم فعلوا ما يوعظون به في علي لكان خيراً لهم" (അൽകാഫീ, കിതാബുൽ ഹുജ്ജ, വാ. 1, പേ. 424, ടഹ്റാൻ പതിപ്പ്, പേ. 268, ഇന്ത്യൻ പതിപ്പ്)

മിൻഖൽ ഉദ്ധരിക്കുന്നത്. അബൂ അബ്ദില്ല(അ) പറഞ്ഞു: (സൂറത്തുന്നിസാഇലെ 47ാമത്തെ വചനം) മുഹമ്മദ് നബിക്ക് ജിബ്രീൽ(അ) നൽകിയത് ഇങ്ങനെയാണ്: يا أيها الذين أوتوا الكتاب آمنوا بما نزلنا في علي نوراً مبيناً

(അൽകാഫീ, കിതാബുൽ ഹുജ്ജ, വാ. 1, പേ. 417, ടഹ്റാൻ പതിപ്പ്, പേ. 262, ഇന്ത്യൻ പതിപ്പ്)

ജാബിർ ഉദ്ധരിക്കുന്നത്. അബൂജഅ്ഫർ(അ) പറഞ്ഞു: (സൂറത്തുൽ ബക്വറയിലെ 90ാമത്തെ വചനം) മുഹമ്മദി(സ്വ)ന് ജിബ്രീലിൽ നിന്ന് കിട്ടിയത് ഈ വിധത്തിലാണ്:

"بئسما اشتروا به أنفسهم أن يكفروا بما أنزل الله في علي بغياً"

(അൽകാഫീ, കിതാബുൽ ഹുജ്ജ, വാ. 1, പേ. 417, ടഹ്റാൻ പതിപ്പ്, പേ. 262, ഇന്ത്യൻ പതിപ്പ്)

അലി ബ്ൻ ഇബ്റാഹീം അൽ ക്വുമ്മി തന്റെ തഫ്സീറിന്റെ മുഖദ്ദിമയിൽ, ക്വുർആനിൽ തിരിമറി നടന്നിട്ടുണ്ട് എന്നതിന് തെളിവായി പറയുന്നു: "തിരിമതി നടന്ന ദൈവിക വചനത്തിനുള്ള ഉദാഹരണമാണ്, (സൂറത്തു ആലുഇംറാനിലെ 110ാമത്തെ വചനമായ) كنتم خير أمة أخرجت للناس تأمرون بالمعروف وتنهون عن المنكر وتؤمنون بالله എന്നത്. ഈ വിധത്തിൽ ഓതിയ ഒരാളോട് അബു അബ്ദില്ല (അ) പറഞ്ഞു: 'ഉത്തമ സമുദായം അമീറുൽ മുഅ്മിനീനേയും അദ്ദേഹത്തിന്റെ പുത്രനായ ഹുസൈനേയും വധിക്കുന്നവരാകുമൊ?' അയാൾ ചോദിച്ചു: 'എകിൽ ഈ ആയത്തിന്റെ ശരിയായ രൂപമെന്താണ്, പ്രവാചക പുത്രാ?' അപ്പോൾ അദ്ദേഹം ഓതി:

أنتم خير أئمة أخرجت للناس

എന്നിട്ട് പറഞ്ഞു: (സൂറത്തുന്നിസാഇലെ 166ാമത്തെ വചനം) അവതരിച്ചിട്ടുള്ളത്:

يا أيها الرسول لكن الله يشهد بما أنزل إليك في علي എന്നും (സൂറത്തുൽ മാഇദയിലെ 67ാമത്തെ വചനം) അവതരിച്ചിട്ടുള്ളത് بلغ ما أنزل إليك من ربك في علي എന്നുമാണ്. (തഫ്സീറുൽ ക്വുമ്മിയുടെ മുഖദ്ദിമ, വാ. 1, പേ. 10, നജഫ്)

അയാഷിയുടെ തഫ്സീറിൽ നിന്നും അൽകാഷി തന്റെ തഫ്സീറുസ്സ്വാഫിയിൽ എടുത്തുദ്ധരിച്ചത്. "അബൂ അബ്ദില്ല പറഞ്ഞു: ക്വുർആൻ അതിന്റെ അവതീർണ്ണ രൂപത്തിൽ വായിക്കപ്പെട്ടിരുന്നെകിൽ രണ്ട് (മുഹമ്മദ്

നബിയുടേയും അലിയുടേയു) നാമങ്ങളും നമുക്കതിൽ കാണാമായിരുന്നു.'' (തഫ്സീറുസ്സ്വാഫി, മുഖവുര, പേ. 11, ഇറാൻ)

കുലൈനി ഉദ്ധരിക്കുന്നത്. ഹുസൈൻ ബ്ൻ മിയാഹ് പറഞ്ഞു: അബൂ അബ്ദില്ല(അ)യുടെ അരികിൽ വെച്ച് (സൂറത്തു തൗബയിലെ 105ാമത്തെ ആയത്തായ) "وقل اعملوا فسيرى الله عملكم ورسوله والمؤمنون" ഓതുകയുണ്ടായി. അപ്പോൾ അദ്ദേഹം പറഞ്ഞു: 'والمؤمنون എന്നല്ല والمأمونون എന്നാണ് വായിക്കേണ്ടത്. കാരണം നമ്മളാണ് المأمونون (വിശ്വസ്തൻമാർ)'' (അൽകാഫി, കിതാബുൽ ഹുജ്ജ, വാ. 1, പേ. 424, ടഹ്റാൻ പതിപ്പ്, പേ. 268, ഇന്ത്യൻ പതിപ്പ്)

വിലായത്തു സംബന്ധമായ രിവായത്തുകൾ ശീഇകളുടെ ഹദീസ് ഗ്രന്ഥങ്ങളിൽ നിന്നും തഫ്സീറുകളിൽ നിന്നും ഇനിയും നമുക്ക് ധാരാളം ഉദ്ധരിക്കാനാകും.

വിലായത്തിൻെറ കാര്യത്തിലെന്ന പോലെത്തന്നെ 'വിസ്വായത്തി'ൻെറ കാര്യത്തിലും ഇതേ പോലുള്ള റിപ്പോർട്ടുകൾ ശീഈ ഗ്രന്ഥങ്ങളിൽ ധാരാളം കാണാനാകും. ഉദാഹരണമായി കുലൈനിയുടെ ഒരു പ്രസ്താവന കാണുക. മുഅല്ല പറയുന്നു: فبأي آلاء ربكما تكذبان أبالنبي أم بالوصي (അപ്പോൾ നിങ്ങൾ ഇരു വിഭാഗത്തിന്റെയും രക്ഷിതാവ് ചെയ്ത അനുഗ്രഹങ്ങളിൽ ഏതിനെയാണ് നിങ്ങൾ നിഷേധിക്കുന്നത്? നബിയെയാണൊ അതൊ വസ്വിയ്യിനെയൊ?)എന്ന രൂപത്തിലാണ് സൂറത്തു റഹ്മാനിൽ ആയത്ത് അവതരിച്ചിരുന്നത്.'' (അൽ കാഫീ ഫിൽ ഉസ്വൂൽ, അല്ലാഹു പ്രസ്താവിച്ച അനുഗ്രഹം എന്ന അധ്യായം, വാ. 1, പേ. 217, ടഹ്റാൻ)

ചുരുക്കത്തിൽ, അല്ലാഹുവിൻെറ ക്വുർആനിൽ തിരുത്തും തിരിമറിയും നടന്നിട്ടുണ്ടെന്ന് ശീഇകൾ ജല്പിക്കുന്നതിൻെറ ലക്ഷ്യങ്ങളിലൊന്ന്, ഇമാമത്ത്, വിലായത്ത് പോലുള്ള തങ്ങളുടെ മതത്തിൻെറ അടിത്തറയായി നിശ്ചയിച്ചിട്ടുള്ള വിശ്വാസങ്ങളെ ന്യായീകരിക്കുകയും സാധൂകരിക്കുകയും ചെയ്യുക എന്നതാണ്. അക്കാര്യം അവരുടെ ഇമാമായ അർറിള തൻെറയൊരു പ്രസംഗത്തിൽ പ്രഖ്യാപിച്ചിട്ടുള്ളതുമാണ്. അദ്ദേഹം പറഞ്ഞു: ''ഇമാമത്ത് വിശ്വാസം ഇസ്ലാമിൻെറ മുരടും ശിഖരവുമാണ്. നമസ്കാരവും സകാത്തും നോമ്പും ഹജ്ജും സഫലമാകുന്നത് ഇമാമിലൂടെ മാത്രമാണ്.'' (അൽ കാഫി, കിതാബുൽഹുജ്ജ, വാ. 1, പേ. 200, ടഹ്റാൻ)

അതെ, ഈ വളഞ്ഞ വിശ്വാസത്തിൻെറ നിലനിൽപ്പിന് ക്വുർആൻ തിരുത്തപ്പെട്ടിട്ടുണ്ടെന്ന് വാദിക്കുകയല്ലാതെ ശീഇകൾക്ക് വേറെ നിവൃത്തിയില്ല.

**രണ്ട്:** ക്വുർആനിൽ തിരിമറി നടന്നിട്ടുണ്ടെന്ന് വിശ്വസിക്കാൻ ശീഇകളെ പ്രേരിപ്പിക്കുന്ന മറ്റൊരു താത്പര്യം കൂടി അവർക്കുണ്ട്. വിശുദ്ധ ക്വുർആൻ, ഉന്നതരും ഉദാത്തരുമെന്ന് പുകഴ്ത്തിപ്പറഞ്ഞ സ്വഹാബികളുടെ മഹത്വവും മഹിമയും അംഗീകരിക്കാൻ അവർക്കുള്ള വിമുഖത കൊണ്ടാണത്. മുഹാജിറുകളേയും അൻസ്വാറുകളേയും, അവരുടെ സ്വഭാവഗുണങ്ങളേയും ജീവിത നിഷ്ഠകളേയും വാഴ്ത്തുന്ന വചനങ്ങൾ ക്വുർആനിലുണ്ട്. താഴ്ഭാഗത്തുകൂടി അരുവികളൊഴുകുന്ന സ്വർഗമവർക്ക് ലഭിക്കുമെന്ന സുവിശേഷവും അതിലുണ്ട്. അവർക്ക്, വിശിഷ്യാ അബൂബക്കർ(റ), ഉമർ(റ), ഉസ്മാൻ(റ), അലി(റ) എന്നീ ഖുലഫാഉറാശിദുകൾക്ക് ഭൂമിയിൽ സൗകര്യവും, അധികാരവും, ഋജുമതമായ ഇസ്ലാമിൻെറ പ്രചരണത്തിനുള്ള അവസരങ്ങളും, ദേശങ്ങളിൽ അതിൻെറ വെന്നിക്കൊടി പാറിക്കാനുള്ള അനുഗ്രഹങ്ങളും നൽകുമെന്ന അല്ലാഹുവിൻെറ വാഗ്ദാനങ്ങളും ക്വുർആനിലുണ്ട്. പ്രവാചകനോട് ചേർത്ത് പറയുക വഴി ചില സ്വഹാബികളെ ബഹുമാനിക്കുന്ന വചനങ്ങളും അതിലുണ്ട്. അന്ത്യപ്രവാചകന്ന് അവതരിച്ചു കിട്ടിയ, അന്ത്യനാൾവരെ സംരക്ഷിക്കപ്പെടുമെന്ന വാക്കു ലഭിച്ച, ആദരണീയ ഗ്രന്ഥത്തിൽ മുഹാജിറുകളേയും അൻസ്വാറുകളേയും വാഴ്ത്തിക്കൊണ്ട് അല്ലാഹു പറഞ്ഞു:

''മുഹാജിറുകളിൽ നിന്നും അൻസാറുകളിൽ നിന്നും ആദ്യമായി മുന്നോട്ട് വന്നവരും, സുകൃതം ചെയ്തുകൊണ്ട് അവരെ പിന്തുടർന്നവരും ആരോ അവരെപ്പറ്റി അല്ലാഹു സംതൃപ്തനായിരിക്കുന്നു. അവനെപ്പറ്റി അവരും സംതൃപ്തരായിരിക്കുന്നു. താഴ്ഭാഗത്ത് അരുവികൾ ഒഴുകിക്കൊണ്ടിരിക്കുന്ന

സ്വർഗത്തോപ്പുകൾ അവർക്ക് അവൻ ഒരുക്കിവെക്കുകയും ചെയ്തിരിക്കുന്നു. എന്നെന്നും അവരതിൽ നിത്യവാസികളായിരിക്കും. അതത്രെ മഹത്തായ ഭാഗ്യം.'' (തൗബ:100)

''വിശ്വസിക്കുകയും സ്വദേശം വെടിഞ്ഞ് പോകുകയും അല്ലാഹുവിന്റെ മാർഗത്തിൽ സമരത്തിൽ ഏർപെടുകയും ചെയ്തവരും, അവർക്ക് അഭയം നൽകുകയും സഹായിക്കുകയും ചെയ്തവരും തന്നെയാണ് യഥാർത്ഥത്തിൽ സത്യവിശ്വാസികൾ. അവർക്ക് പാപമോചനവും മാന്യമായ ഉപജീവനവും ഉണ്ടായിരിക്കും.'' (അൻഫാൽ: 74)

''നിങ്ങളുടെ കൂട്ടത്തിൽ നിന്നു (മക്കാ) വിജയത്തിനു മുമ്പുള്ള കാലത്ത് ചെലവഴിക്കുകയും യുദ്ധത്തിൽ പങ്കെടുക്കുകയും ചെയ്തവരും (അല്ലാത്തവരും) സമമാകുകയില്ല. അക്കൂട്ടർ പിന്നീടു ചെലവഴിക്കുകയും യുദ്ധത്തിൽ പങ്കുവഹിക്കുകയും ചെയ്തവരെക്കാൾ മഹത്തായ പദവിയുള്ളവരാകുന്നു. എല്ലാവർക്കും ഏറ്റവും നല്ല പ്രതിഫലം അല്ലാഹു വാഗ്ദാനം ചെയ്തിരിക്കുന്നു. നിങ്ങൾ പ്രവർത്തിക്കുന്നതിനെപ്പറ്റി സൂക്ഷ്മജ്ഞാനമുള്ളവനാണ് അല്ലാഹു.'' (ഹദീദ്: 10)

''അപ്പോൾ അദ്ദേഹത്തിൽ വിശ്വസിക്കുകയും അദ്ദേഹത്തെ പിന്തുണക്കുകയും സഹായിക്കുകയും അദ്ദേഹത്തോടൊപ്പം അവതരിപ്പിക്കപ്പെട്ടിട്ടുള്ള ആ പ്രകാശത്തെ പിൻപറ്റുകയും ചെയ്തവരാരോ, അവർ തന്നെയാണ് വിജയികൾ.'' (അഅ്റാഫ്: 157)

ഹുദൈബിയ്യയിൽ വെച്ച് പ്രവാചകനോടൊപ്പമുണ്ടായിരുന്ന, മരിക്കാൻ തയ്യാറായി തിരുമേനിയോട് പ്രതിജ്ഞ ചെയ്ത സ്വഹാബികളെപ്പറ്റി അല്ലാഹു പറഞ്ഞു:

''തീർച്ചയായും നിന്നോട് പ്രതിജ്ഞ ചെയ്യുന്നവർ അല്ലാഹുവോട് തന്നെയാണ് പ്രതിജ്ഞ ചെയ്യുന്നത്. അല്ലാഹുവിന്റെ കൈ അവരുടെ കൈകൾക്കു മീതെയുണ്ട്.'' (ഫത്ഹ്: 10)

സ്വഹാബികൾക്ക് സ്വർഗം ലഭിക്കുമെന്ന സുവിശേഷം കാണുക:

''ആ മരത്തിന്റെ ചുവട്ടിൽ വെച്ച് സത്യവിശ്വാസികൾ നിന്നോട് പ്രതിജ്ഞ ചെയ്തിരുന്ന സന്ദർഭത്തിൽ തീർച്ചയായും അല്ലാഹു അവരെ പറ്റി തൃപ്തിപ്പെട്ടിരിക്കുന്നു. അവരുടെ ഹൃദയങ്ങളിലുള്ളത് അവൻ അറിയുകയും, അങ്ങനെ അവർക്ക് മനസ്സമാധാനം ഇറക്കികൊടുക്കുകയും, ആസന്നമായ വിജയം അവർക്ക് പ്രതിഫലമായി നൽകുകയും ചെയ്തു.'' (ഫത്ഹ്: 18)

പുണ്യാത്മാക്കളായ പ്രവാചകാനുചരൻമാരെ കുറിച്ച് അല്ലാഹു മറ്റൊരിടത്തു ഇങ്ങനെ പറഞ്ഞു:

''മുഹമ്മദ് അല്ലാഹുവിന്റെ റസൂലാകുന്നു. അദ്ദേഹത്തോടൊപ്പമുള്ളവർ സത്യനിഷേധികളുടെ നേരെ കർക്കശമായി വർത്തിക്കുന്നവരാകുന്നു. അവർ അന്യോന്യം ദയാലുക്കളുമാകുന്നു. അല്ലാഹുവിങ്കൽ നിന്നുള്ള അനുഗ്രഹവും പ്രീതിയും തേടിക്കൊണ്ട് അവർ കുമ്പിട്ടും സാഷ്ടാംഗം ചെയ്തും നമസ്കരിക്കുന്നതായി നിനക്ക് കാണാം. സുജൂദിന്റെ ഫലമായി അവരുടെ അടയാളം അവരുടെ മുഖങ്ങളിലുണ്ട്. അതാണ് തൗറാത്തിൽ അവരെ പറ്റിയുള്ള ഉപമ. ഇൻജീലിൽ അവരെ പറ്റിയുള്ള ഉപമ ഇങ്ങനെയാകുന്നു: ഒരു വിള, അത് അതിന്റെ കൂമ്പ് പുറത്ത് കാണിച്ചു. എന്നിട്ടതിനെ പുഷ്ടിപ്പെടുത്തി. എന്നിട്ടത് കരുത്താർജിച്ചു. അങ്ങനെ അത് കർഷകർക്ക് കൗതുകം തോന്നിച്ചു കൊണ്ട് അതിന്റെ കാണ്ഡത്തിൻമേൽ നിവർന്നു നിന്നു. (സത്യവിശ്വാസികളെ ഇങ്ങനെ വളർത്തിക്കൊണ്ട് വരുന്നത്) അവർ മൂലം സത്യനിഷേധികളെ അരിശം പിടിപ്പിക്കാൻ വേണ്ടിയാകുന്നു. അവരിൽ നിന്ന് വിശ്വസിക്കുകയും സൽകർമ്മങ്ങൾ പ്രവർത്തിക്കുകയും ചെയ്തവർക്കു അല്ലാഹു പാപമോചനവും മഹത്തായ പ്രതിഫലവും വാഗ്ദാനം ചെയ്തിരിക്കുന്നു.'' (ഫത്ഹ്: 29)

''അതായത് സ്വന്തം വീടുകളിൽ നിന്നും സ്വത്തുക്കളിൽ നിന്നും കുടിയൊഴിപ്പിക്കപ്പെട്ട മുഹാജിറുകളായ ദരിദ്രൻമാർക്ക് (അവകാശപ്പെട്ടതാകുന്നു ആ ധനം.) അവർ അല്ലാഹുവിങ്കൽ നിന്നുള്ള അനുഗ്രഹവും പ്രീതിയും തേടുകയും അല്ലാഹുവെയും അവന്റെ റസൂലിനെയും സഹായിക്കുകയും ചെയ്യുന്നു. അവർ തന്നെയാകുന്നു സത്യവാൻമാർ. ''

''അവരുടെ (മുഹാജിറുകളുടെ) വരവിനു മുമ്പായി വാസസ്ഥലവും വിശ്വാസവും സ്വീകരിച്ചുവെച്ചവർക്കും (അൻസാറുകൾക്ക്). തങ്ങളുടെ അടുത്തേക്ക് സ്വദേശം വെടിഞ്ഞു വന്നവരെ അവർ സ്നേഹിക്കുന്നു.

അവർക്ക് (മുഹാജിറുകൾക്ക്) നൽകപ്പെട്ട ധനം സംബന്ധിച്ചു തങ്ങളുടെ മനസ്സുകളിൽ ഒരു ആവശ്യവും അവർ (അൻസാറുകൾ) കണ്ടെത്തുന്നുമില്ല. തങ്ങൾക്ക് ദാരിദ്ര്യമുണ്ടായാൽ പോലും സ്വദേഹങ്ങളെക്കാൾ മറ്റുള്ളവർക്ക് അവർ പ്രാധാന്യം നൽകുകയും ചെയ്യും. ഏതൊരാൾ തന്റെ മനസ്സിന്റെ പിശുക്കിൽ നിന്ന് കാത്തുരക്ഷിക്കപ്പെടുന്നുവോ അത്തരക്കാർ തന്നെയാകുന്നു വിജയം പ്രാപിച്ചവർ.'' (ഹശ്ർ: 8, 9)

''എങ്കിലും അല്ലാഹു നിങ്ങൾക്ക് സത്യവിശ്വാസത്തെ പ്രിയങ്കരമാക്കിത്തീർക്കുകയും, നിങ്ങളുടെ ഹൃദയങ്ങളിൽ അത് അലംകൃതമായി തോന്നിക്കുകയും ചെയ്തിരിക്കുന്നു. അവിശ്വാസവും അധർമ്മവും അനുസരണക്കേടും നിങ്ങൾക്കവൻ അനിഷ്ടകരമാക്കുകയും ചെയ്തിരിക്കുന്നു. അങ്ങനെയുള്ളവരാകുന്നു നേർമാർഗം സ്വീകരിച്ചവർ. ''

''അല്ലാഹുവിങ്കൽ നിന്നുള്ള ഒരു ഔദാര്യവും അനുഗ്രഹവുമാകുന്നു അത്. അല്ലാഹു സർവ്വജ്ഞനും യുക്തിമാനുമാകുന്നു.'' (ഹുജുറാത്ത്: 7, 8)

ഖുലഫാഉറാശിദുകളെക്കുറിച്ച് അല്ലാഹു പറഞ്ഞു:

''നിങ്ങളിൽ നിന്ന് വിശ്വസിക്കുകയും സൽകർമ്മങ്ങൾ പ്രവർത്തിക്കുകയും ചെയ്തവരോട് അല്ലാഹു വാഗ്ദാനം ചെയ്തിരിക്കുന്നു; അവരുടെ മുമ്പുള്ളവർക്ക് പ്രാതിനിധ്യം നൽകിയത് പോലെതന്നെ

തീർച്ചയായും ഭൂമിയിൽ അവൻ അവർക്ക് പ്രാതിനിധ്യം നൽകുകയും, അവർക്ക് അവൻ തൃപ്തിപ്പെട്ട് കൊടുത്ത അവരുടെ മതത്തിന്റെ കാര്യത്തിൽ അവർക്ക് അവൻ സ്വാധീനം നൽകുകയും, അവരുടെ ഭയപ്പാടിന് ശേഷം അവർക്ക് നിർഭയത്വം പകരം നൽകുകയും ചെയ്യുന്നതാണെന്ന്.'' (നൂർ: 55)

''നിങ്ങൾ അദ്ദേഹത്തെ സഹായിക്കുന്നില്ലെങ്കിൽ; സത്യനിഷേധികൾ അദ്ദേഹത്തെ പുറത്താക്കുകയും, അദ്ദേഹം രണ്ടുപേരിൽ ഒരാൾ ആയിരിക്കുകയും ചെയ്ത സന്ദർഭത്തിൽ അഥവാ അവർ രണ്ടുപേരും (നബിയും അബൂബക്കറും) ആ ഗുഹയിലായിരുന്നപ്പോൾ അല്ലാഹു അദ്ദേഹത്തെ സഹായിച്ചിട്ടുണ്ട്.

അദ്ദേഹം തന്റെ കൂട്ടുകാരനോട്, ദുഃഖിക്കേണ്ട. തീർച്ചയായും അല്ലാഹു നമ്മുടെ കൂടെയുണ്ട് എന്ന് പറയുന്ന സന്ദർഭം. അപ്പോൾ അല്ലാഹു തന്റെ വകയായുള്ള സമാധാനം അദ്ദേഹത്തിന് ഇറക്കികൊടുക്കുകയും, നിങ്ങൾ കാണാത്ത സൈന്യങ്ങളെക്കൊണ്ട് അദ്ദേഹത്തിന് പിൻബലം നൽകുകയും, സത്യനിഷേധികളുടെ വാക്കിനെ അവൻ അങ്ങേയറ്റം താഴ്ത്തിക്കളയുകയും ചെയ്തു.'' (തൗബ: 40)

നാം ഇതുവരെ വായിച്ച ആയത്തുകൾ മുഴുവൻ ശീഇകൾക്കും അവരുടെ സംബന്ധക്കാർക്കുമെതിരിലുള്ള ആറ്റം ബോംബുകളാണ്. വിശുദ്ധ ക്വുർആനിൽ ഇത്തരം അപ്രതിരോധ്യമായ ആയത്തുകൾ നിലനിൽക്കെ അബൂബക്കറിനേയും ഉമറിനേയും ഉസ്മാനിനേയും മറ്റു സ്വഹാബികളേയും കാഫിറാക്കാൻ അവർക്ക് സാധ്യമല്ല. അപ്പോൾ ഈ കുടുക്കിൽ നിന്ന് രക്ഷപ്പെടാൻ ക്വുർആനിൽ തിരിമറി നടന്നിട്ടുണ്ടെന്ന് ആരോപിക്കുക മാത്രമേ ശീഇകൾക്ക് നിവൃത്തിയുള്ളൂ. അതുമല്ലെങ്കിൽ ഖണ്ഡിതമായ ആശയങ്ങൾ നൽകുന്ന ആയത്തുകളെ, ബുദ്ധിക്കു നിരക്കാത്ത വ്യാഖ്യാനങ്ങളും വിശദീകരണങ്ങളും കൊണ്ട് വികൃതമാക്കുക. അവർക്കറിയാം, പ്രവാചക സ്വഹാബത്തിനെ, വിശിഷ്യാ ഖുലഫാഉറാശിദുകളെ കാഫിറുകളാക്കാതെ തങ്ങളുടെ മതത്തിന് അസ്ഥിവാരം കീറാനൊ അടിത്തറ പണിയാനൊ സാധ്യമല്ലെന്ന്. അതിനാലാണ് അവർ ഇങ്ങനെ പറഞ്ഞത്: ''പ്രവാചക വിയോഗാനന്തരം മൂന്നു പേരൊഴികെ മറ്റെല്ലാവരും മതഭ്രഷ്ടരായി ത്തീർന്നു.'' തങ്ങളുടെ പന്ത്രണ്ടു ഇമാമുമാരിൽ ഒരാളായ അബൂ ജഅ്ഫർ പറഞ്ഞതായി, പ്രമുഖ ശീഈ ചരിത്രകാരനായ അൽ കുഷി തന്റെ ഗ്രന്ഥലുദ്ധരിച്ചതാണിത്. (രിജാലുൽ കുഷി, പേ. 12, സൽമാനുൽ ഫാരിസിയുടെ ചരിത്രം, കർബല, ഇറാഖ്)

ഹംദവൈഹിയിൽ നിന്നും കുഷിയുദ്ധരിക്കുന്ന മറ്റൊരു പ്രസ്താവന ഇങ്ങനെ: ''ഹംറാൻ പറയുകയാണ്: 'നമ്മൾ വളരെ ന്യൂനപക്ഷമാണ്, നമ്മളെല്ലാവരും ഒത്തു കൂടിയാൽ പോലും ഒരു ആടിനെ കൊല്ലുക സാധ്യമല്ല. എന്താണിതിനു കാരണം?' അപ്പോൾ അദ്ദേഹം പറഞ്ഞു: 'ഇതിലും അത്ഭുതകരമായ മറ്റൊന്ന് ഞാൻ പറഞ്ഞു തരട്ടെ?' ഞാൻ പറഞ്ഞു: 'അതെ.' ''മുഹാജിറുകളും അൻസ്വാറുകളും മതത്തിൽ നിന്ന് പുറത്തു പോയവരാണ്... മൂന്നു പേരൊഴികെ' അദ്ദേഹം വിശദീകരിച്ചു.'' (ഇബിഡ്, പേ. 13)

ഇനിയുമുണ്ട് ശീഈ പ്രഭൃതികളുടെ കളവുകളും അവാസ്തവങ്ങളും. വിശുദ്ധ ക്വുർആനും ശീഈ പ്രസ്താവനകളും രണ്ടും രണ്ടുതട്ടിലാണ്. എന്തേ ഇങ്ങനെ വരാൻ? അവരീ ചോദ്യത്തിന് നിഷേധാത്മകമായേ മറുപടി പറയൂ. 'ഈ ആളുകൾ അവരെപ്പറ്റി അല്ലാഹു വാഴ്ത്തിപ്പറയാത്തത് വിശുദ്ധ ക്വുർആനിൽ കൂട്ടിച്ചേർത്തു. അവരെ ആക്ഷേപിച്ചു കൊണ്ടും കാഫിറാക്കിക്കൊണ്ടും അവർക്ക് നരകമുണ്ടെന്ന താക്കീതു നൽകിക്കൊണ്ടുമുള്ള വചനങ്ങളെ അതിൽ നിന്നും ഒഴിവാക്കിക്കളഞ്ഞു.' എന്നേ പ്രതികരിക്കൂ.

ഇത് വെറുതെ പറയുന്നതല്ല. കുലൈനിയെ വായിക്കുക. അഹ്മദ് ബ്ൻ മുഹമ്മദ് ബ്ൻ അബു നസ്വ്ർ പറയുകയാണ്: "അബുൽ ഹസൻ എനിക്കൊരു മുസ്വ്ഹഫ് നൽകി. എന്നിട്ട് പറഞ്ഞു, 'നീ അതിലേക്ക് നോക്കരുത്'. അപ്പോൾ ഞാനതു തുറന്നു നോക്കി. അതിൽ നിന്നും لم يكن الذين كفروا (സൂറത്തുൽ ബയ്യിന) എന്നത് വായിച്ചു. പ്രസ്തുത ഭാഗത്തിൽ ഖുറൈശികളിലെ എഴുപതാളുകളുടേയും അവരുടെ പിതാക്കളുടേയും പേരുകൾ രേഖപ്പെടുത്തിയിരുന്നു." (അൽകാഫീ ഫിൽ ഉസ്വൂൽ, കിതാബു ഫദ്ലുൽ ക്വുർആൻ, വാ. 2, പേ. 631, ടഹ്റാൻ, വാ. 1, പേ. 670, ഇന്ത്യൻ പതിപ്പ്)

അലി(റ) തൻെറ കയ്യിലുണ്ടായിരുന്ന ക്വുർആനിനെ മുഹാജിറുകൾക്കും അൻസ്വാറുകൾക്കും കാണിച്ചു കൊടുക്കുകയും. അത് വാങ്ങി വായിച്ച അബൂബക്കർ(റ) തങ്ങളെപ്പറ്റിയുള്ള മോശമായ പ്രസ്താവനകൾ കണ്ടപ്പോൾ 'ഈ ക്വുർആൻ ഞങ്ങൾക്ക് ആവശ്യമില്ല' എന്നു പറഞ്ഞ് അദ്ദേഹത്തിനു തന്നെ തിരിച്ചു നൽകുകയും ചെയ്ത ഒരു കഥ, ഈ പുസ്തകത്തിൽ മുമ്പൊരിക്കൽ വ്യക്തമാക്കിയത് വായനക്കാർ ഓർക്കുന്നുണ്ടാകുമല്ലൊ.

മുല്ലാ മുഹമ്മദ് തക്വി അൽ കാഷാനി തൻെറ പാർസീ ഗ്രന്ഥമായ 'ഹിദായത്തു ത്ത്വാലിബീൻ' എന്ന കൃതിയിലെഴുതുന്നു: "ഉസ്മാൻ തൻെറ സുഹൃത്തും അലിയുടെ പ്രതിയോഗിയുമായ സൈദ് ബ്ൻ സാബിതിനോട് ക്വുർആൻ ക്രോഡീകരിക്കാനും, അതിൽ പ്രസ്താവിക്കപ്പെട്ടിട്ടുള്ള അഹ്ലുബൈത്തിൻറ മഹത്വങ്ങളും അവരുടെ ശത്രുക്കളെപ്പറ്റിയുള്ള ആക്ഷേപങ്ങളും മായ്ചു കളയുവാനും ആവശ്യപ്പെടുകയുണ്ടായി. 'മുസ്വ്ഹഫു ഉസ്മാൻ' എന്ന പേരിൽ ഇന്ന് മുസ്ലിംകളുടെ കൈവശമുള്ള ക്വുർആൻ ഉസ്മാൻെറ ആവശ്യ പ്രകാരം ക്രോഡീകൃതമായ അതേ ക്വുർആനാണ്." (ഹിദായത്തുത്ത്വാലിബീൻ, പേ. 368, ഇറാൻ, 1282, ഹി.)

ശൈഖുൽ ഇസ്ലാം, ഖാതിമത്തുൽ മുജ്തഹിദീൻ എന്നീ അപരനാമങ്ങളിലറിയപ്പെടുന്ന മുല്ലാ മുഹമ്മദ് ബാക്വിർ അൽ മജ്ലിസി പറയുന്നു: "അലിയുടെ ഖിലാഫത്തിനെ മുനാഫിക്വുകൾ കവർന്നെടുക്കുകയായിരുന്നു. ഖലീഫയോട് ഇപ്രകാരം ചെയ്ത അവർ രണ്ടാം ഖലീഫയായ അല്ലാഹുവിൻെറ ഗ്രന്ഥത്തേയും പിച്ചിച്ചീന്തി." (ഹയാത്തുൽ ക്വുലൂബ്, വാ. 2, പേ, 681, പേർഷ്യൻ പതിപ്പ്, ഇന്ത്യ)

മജ്ലിസി തന്നെ മറ്റൊരു പുസ്തകത്തിലെഴുതി: "ഉസ്മാൻ ഈ ക്വുർആനിൽ നിന്ന് മൂന്ന് കാര്യങ്ങളാണ് ഒഴിവാക്കിക്കളഞ്ഞത്: അമീറുൽ മുഅ്മിനീൻ അലിയുടെ മനാക്വിബുകൾ, അഹ്ലുൽ ബൈത്തിനെ സംബന്ധിച്ച പ്രസ്താവനകൾ, ക്വുറൈശികളേയും ആദ്യ മൂന്ന് ഖലീഫമാരേയും ആക്ഷേപിച്ചു കൊണ്ടുള്ള, يا ليتني لم أتخذ أبابكر خليلاً പോലുള്ള ആയത്തുകൾ" (തദ്കിറത്തുൽ അഇമ്മ, പേ. 9)

**മൂന്ന്:** ക്വുർആനിൽ തിരിമറി നടന്നിട്ടുണ്ടെന്ന് പറയാൻ ശീഇകളെ പ്രേരിപ്പിക്കുന്ന മറ്റൊരു ഘടകം എന്താണ്? വിശുദ്ധ ക്വുർആൻ പുകഴ്ത്തിയ പ്രവാചകാനുചരൻമാരെ അവമതിക്കുന്ന ശീഈകൾക്ക്, അവരാൽ, വിശിഷ്യാ അബൂബക്കർ(റ), ഉമർ(റ), ഉസ്മാൻ(റ) എന്നിവരാൽ സംരക്ഷിതമായി നിലനിൽക്കുന്ന ദൈവിക ഗ്രന്ഥത്തെ ആക്ഷേപിക്കേണ്ടി വരിക സ്വാഭാവികം മാത്രം. ക്വുർആനിൻെറ ക്രോഡീകരണത്തിൽ പങ്കുവഹിച്ച ആദ്യ മൂന്നു ഖലീഫമാരും യഥാർത്ഥത്തിൽ മഹത്തായ ശ്രേഷ്ഠത കൈവരിച്ചവരാണ്. (അല്ലാഹു അവർക്ക് ഏറ്റവും നല്ല പ്രതിഫലം നൽകി അനുഗ്രഹിക്കട്ടെ.) ആ മഹാത്മാക്കളുടെ കൈകളാലാണ് ക്വുർആനിനെ അല്ലാഹു സംരക്ഷിച്ചു നിർത്തിയത് എന്നു കണ്ട ശീഇകൾ, അവരോടുള്ള പകയും വിദ്വേഷവും കൈമുതലാക്കിയ ശീഇകൾ, ഇസ്ലാമിൻെറ അടിസ്ഥാനാധാരമായ ക്വുർആനിനെ തകർക്കാൻ ശ്രമിക്കുകയായിരുന്നു. അതിനാണ് അതിൽ കൈകടത്തലുകളും തിരുത്തലുകളും നടന്നിട്ടുണ്ട് എന്ന്

വാദിക്കാൻ അവർ ധൃഷ്ടരായത്. ഉസ്മാനി(റ)നെതിരിലുള്ള പത്ത് ആരോപണങ്ങളിൽ ഏഴാമത്തെ ആരോപണമായി മയ്സമുൽ ബഹ്റാനി എഴുതിയത് വായിക്കുക.: "ഉസ്മാൻ, സൈദ് ബ്ൻ സാബിതിന്റെ ക്വുർആൻ മാത്രം വായിക്കാൻ ജനങ്ങളെ നിർബന്ധിച്ചു. മറ്റു മുസ്ഹഫുകളെ കത്തിച്ചു കളയുകയും, അല്ലാഹുവിൽ നിന്നും അവതീർണ്ണമായതാണെന്ന് പൂർണ്ണബോധ്യമുള്ള പലതിനേയും അയാൾ തള്ളിക്കളയുകയും ചെയ്തു." (ശറഹു നഹ്ജുൽ ബലാഗ, വാ. 11, പേ. 1, ഇറാൻ)

ഇതു കൊണ്ടുള്ള മറ്റൊരു ലക്ഷ്യം, 'അലിക്കും സന്താനങ്ങൾക്കും അല്ലാഹു അനുവദിച്ചു നൽകിയിരുന്ന അവകാശങ്ങൾ വിശുദ്ധ ക്വുർആനിൽ വ്യക്തമായി കാണുകയും, അതിൽ തങ്ങൾക്കെതിരിലുള്ള ആക്ഷേപങ്ങളുടേയും വിമർശനങ്ങളുടേയും പ്രസ്താവങ്ങൾ ദർശിക്കുകയും ചെയ്തപ്പോൾ, അവ മുഴുവനും ഒഴിവാക്കുകയോ തിരുത്തുകയോ ചെയ്തവരാണ് ആദ്യ മൂന്ന് ഖലീഫമാർ' എന്ന് അപവാദം പറഞ്ഞ് അവരെ മുഴുവൻ അധിക്ഷേപിക്കുക എന്നതായിരുന്നു. അവരൊഴിവാക്കിയ വചനങ്ങളെന്ന നിലക്ക് ചില ആയത്തുകൾ പോലും അവർ കൃത്രിമമായി മെനഞ്ഞുണ്ടാക്കി. 'അൽ കാഫി'യിലെ കുലൈനിയുടെ പ്രസ്താവന വായിക്കുക. അബൂ ഹംസ നിവേദനം ചെയ്യുന്നു. അബൂ ജഅ്ഫർ(അ) പറഞ്ഞു: "(സൂറത്തുന്നിസാഇലെ 168, 169ാമത്തെ ആയത്തുകൾ) ജിബ്രീൽ(അ) മുഹമ്മദ് നബിക്ക് നൽകിയത് താഴെ കാണും വിധത്തിലാണ്:

"إن الذين كفروا وظلموا آل محمد حقهم لم يكن الله ليغفر لهم ولا ليهديهم طريقاً إلا طريق جهنم خالدين فيها أبداً وكان ذلك على الله يسيراً"

(അൽ കാഫി, കിതാബുൽ ഹുജ്ജ, വാ. 1, പേ. 424, ടഹ്റാൻ, പേ. 268, ഇന്ത്യൻ പതിപ്പ്)

അബൂ ഹംസ തന്നെ നിവേദനം ചെയ്യുന്നു. അബൂ ജഅ്ഫർ പറഞ്ഞു: "(സൂറത്തുൽ ബക്വറയിലെ 59ാമത്തെ വചനം) മുഹമ്മദ് നബി(സ്വ)ക്ക് ജിബ്രീൽ(അ) നൽകിയത് ഇപ്രകാരമാണ്:

"فبدل الذين ظلموا آل محمد حقهم قولاً غير الذي قيل لهم فأنزلنا على الذين ظلموا آل محمد حقهم رجزاً من السماء بما كانوا يفسقون"

(അൽ കാഫി, കിതാബുൽ ഹുജ്ജ, വാ. 1, പേ. 423, ടഹ്റാൻ, പേ. 267, ഇന്ത്യൻ പതിപ്പ്)

അൽ ക്വുമ്മി തന്റെ തഫ്സീറിൽ പ്രസ്താവിക്കുന്നു. (സൂറത്തുൽ അൻആമിലെ 93ാമത്തെ വചനം) അബൂ അബ്ദില്ല ഓതിയത് ഇങ്ങനെയാണ്:

"ولو ترى إذ الظالمون آل محمد حقهم في غمرات الموت والملائكة باسطوا أيديهم، أخرجوا أنفسكم اليوم تجزون عذاب الهون"

എന്നിട്ട് അദ്ദേഹം പറഞ്ഞു: 'ഇത് മുആവിയ, ബനൂ ഉമയ്യ, അവരുടെ കൂട്ടാളികൾ, നേതാക്കൾ തുടങ്ങിയവരെ സംബന്ധിച്ച് അവതരിച്ചതാണ് ആയത്താണ്."

(തഫ്സീറുൽ ക്വുമ്മി, വാ. 1, പേ. 211, നജഫ്)

സൂറത്തു ശുഅറാഇന്റെ അവസാന ഭാഗം വിശദീകരിക്കവെ അൽ ക്വുമ്മി എഴുതി: "പിന്നീട്, മുഹമ്മദിന്റെ കുടുംബത്തേയും, അവിടുത്തെ സന്മാർഗചാരികളായ വിഭാഗ(ശീഅത്ത്)ത്തേയും പറ്റി പ്രതിപാദിച്ചു കൊണ്ട് അല്ലാഹു പറഞ്ഞു: "إلا الذين آمنوا وعملوا الصالحات وذكروا الله كثيراً وانتصروا من بعد ما ظلموا" ശേഷം, അവരുടെ ശത്രുക്കളും അവരെ ദ്രോഹിച്ചവരുമായ ആളുകളെപ്പറ്റിയും പറഞ്ഞു:

وسيعلم الذين ظلموا آل محمد حقهم أي منقلب ينقلبون

അല്ലാഹു സത്യം, ഇവ്വിധമാണ് ഈ ആയത്തിന്റെ അവതരണം." (തഫ്സീറുൽ ക്വുമ്മി, വാ. 2, പേ. 125)

ഈ ആയത്തുകളിലൊക്കെ കാണുന്ന **آل محمد حقهم** എന്ന ഭാഗം പരമോന്നതനായ പടച്ചവനെതിരിൽ ശീഇകൾ കരുതിക്കൂട്ടിയുണ്ടാക്കിയ കളവുകളാണ് എന്ന കാര്യത്തിൽ യാതൊരു സന്ദേഹമില്ല.

അവസാനമായി, അത്തബ്റസി തന്റെ 'അൽ ഇഹ്തിജാജ്' എന്ന കൃതിയിൽ രേഖപ്പെടുത്തിയ, അല്പം ദീർഘമായ ഒരു പ്രസ്താവന നൽകുകയാണ്. മേലെ നൽകിയ മുഴുവൻ വിഷയങ്ങളും വിശദീകരിക്കുന്ന ഒരു

ഭാഗമാണത്. "ഒരിക്കൽ ഒരു നിരീശ്വരവാദി വന്നു കൊണ്ട് അമീറുൽ മുഅ്മിനീൻ അലി(റ)യോട് ചില ചോദ്യങ്ങൾ ചോദിക്കുകയുണ്ടായി. അയാൾക്കുള്ള മറുപടിയിൽ അലി(റ) പറഞ്ഞു: 'അമ്പിയാക്കൻമാരുടെ നാമങ്ങൾ ക്വുർആനിൽ വന്നിട്ടുള്ളത് ബുദ്ധിമാൻമാർക്ക് വല്ല പ്രോത്സാഹനവും നൽകാൻ വേണ്ടിയല്ല. അതിന്റെ താത്പര്യം, മുനാഫിക്വുകളിലെ മഹാപാതകികളെപ്പറ്റി ക്വുർആനിൽ വന്ന പ്രസ്താവനകൾ അല്ലാഹുവിൻെറയല്ല, ക്വുർആനിനെ കച്ചവട വസ്തുവാക്കിയ 'തിരിമറിക്കാരു'ടെ പ്രവൃത്തിയാണ് എന്നും, ദീനിനു പകരം അവർ ദുൻയാവിനെ വാങ്ങിയവരാണെന്നും അവർക്ക് തുറന്ന് കാണിക്കാനാണ്. ക്വുർആനിൽ തിരിമറി നടത്തുന്നവരെപ്പറ്റി അല്ലാഹു തന്നെ കൃത്യമായി വ്യക്തമാക്കിയിട്ടുള്ളതാണ്.

"എന്നാൽ സ്വന്തം കൈകൾ കൊണ്ട് ഗ്രന്ഥം എഴുതിയുണ്ടാക്കുകയും എന്നിട്ട് അത് അല്ലാഹുവിങ്കൽ നിന്ന് ലഭിച്ചതാണെന്ന് പറയുകയും ചെയ്യുന്നവർക്കാകുന്നു നാശം. അത് മുഖേന വില കുറഞ്ഞ നേട്ടങ്ങൾ കരസ്ഥമാക്കാൻ വേണ്ടിയാകുന്നു ( അവരിത് ചെയ്യുന്നത്. )" (അൽബക്വറഃ 79)

"വേദഗ്രന്ഥത്തിലെ വാചകശൈലികൾ വളച്ചൊടിക്കുന്ന ചിലരും അവരുടെ കൂട്ടത്തിലുണ്ട്." (ആലുഇംറാൻ: 78)

"അവർ ജനങ്ങളിൽ നിന്ന് (കാര്യങ്ങൾ) ഒളിച്ചു വെക്കുന്നു." (നിസാഅ്: 108) പ്രവാചക വിയോഗാനന്തരം തങ്ങളുടെ അടിസ്ഥാനരഹിതമായ വാദങ്ങളെ നിലനിർത്താൻ വേണ്ടിയാണത്. ജൂത ക്രൈസ്തവർ, മൂസയുടേയും ഈസയുടേയും മരണശേഷം തൗറാത്തിലും ഇഞ്ചീലിലും മാറ്റങ്ങൾ വരുത്തിയ അതേ സമ്പ്രദായം.

"അവരുടെ വായ്കൊണ്ട് അല്ലാഹുവിന്റെ പ്രകാശം കെടുത്തിക്കളയാമെന്ന് അവർ ആഗ്രഹിക്കുന്നു. അല്ലാഹുവാകട്ടെ തന്റെ പ്രകാശം പൂർണ്ണമാക്കാതെ സമ്മതിക്കുകയില്ല." (തൗബഃ 32) അഥവാ, ഖലീഫക്കുമേൽ സംശയത്തിൻെറ മറയിടാൻ അല്ലാഹു പറഞ്ഞിട്ടില്ലാത്ത പലതും അവർ ക്വുർആനിൽ കടത്തിക്കൂട്ടി. തങ്ങൾ ക്വുർആനിൽ തിരിമറി നടത്തിയിട്ടുണ്ട് എന്ന് വിളിച്ചോതുന്ന തെളിവുകൾ ക്വുർആനിൽ തന്നെയുണ്ടായിട്ടും, അവ കാണാൻപോലും പറ്റാത്തവിധം അല്ലാഹു അവരെ ഹൃദയാന്ധരാക്കിത്തീർത്തു. അവരുടെ കള്ളത്തരത്തേയും, മുഖംമൂടിയേയും, പഠിച്ച കാര്യങ്ങൾ പൂഴ്ത്തിവെക്കുന്നതിനേയും ജനസമക്ഷം വ്യക്തമാക്കിക്കൊണ്ട് അല്ലാഹു പറഞ്ഞു: "നിങ്ങളെന്തിനാണ് സത്യത്തെ അസത്യവുമായി കൂട്ടി കലർത്തുന്നത്" (ആലുഇംറാൻ: 71) അവരെ ഉപമിച്ചു കൊണ്ട് അല്ലാഹു പറഞ്ഞു: "എന്നാൽ ആ നുര ചവറായി പോകുന്നു. മനുഷ്യർക്ക് ഉപകാരമുള്ളതാകട്ടെ ഭൂമിയിൽ തങ്ങിനിൽക്കുന്നു." (റഅ്ദ്: 17) ഇവിടെ 'നുര' എന്നതു കൊണ്ടുദ്ദേശിക്കുന്നത്, ദൈവനിഷേധികൾ ക്വുർആനിൽ കടത്തിക്കൂട്ടിയ കാര്യങ്ങളാണ്. തത്വത്തിൽ, അവയെല്ലാം നശിച്ചു നിഷ്ഫലമായിത്തീരും എന്നാണ് അത് വ്യക്തമാക്കുന്നത്. 'ജനങ്ങൾക്ക് ഉപകാരമുള്ളത്' എന്നതു കൊണ്ടുള്ള ഉദ്ദേശ്യം, ഒരു നിലക്കും അസത്യം കടന്നു കയറിയിട്ടില്ലാത്ത, യഥാർത്ഥ വഹ്‌യാണ്. അതിനെയാണ് ഹൃദയങ്ങൾ ഉൾക്കൊള്ളുക. ഈ ആയത്തിലെ 'ഭൂമി'യുടെ ഉദ്ദേശ്യം അറിവിൻേറയും അതിൻെറ ഉറപ്പിൻേറയും സ്ഥലം എന്നാണ്. തക്വിയ്യയുടെ പൊതുതത്വമനുസരിച്ച് 'തിരിമറിക്കാ'രുടെ പേരുകൾ വ്യക്തമാക്കുന്നത് സംഗതമല്ല. അതിന് ഇനിയും ക്വുർആനിക വചനങ്ങൾ അധികം ഉദ്ധരിക്കേണ്ടതുമില്ല. അത്തരം ആളുകൾ തങ്ങളുടെ വകയായി ക്വുർആനിൽ കടത്തിക്കൂട്ടിയവയാണ് നിരീശ്വരവാദികളും നമ്മുടെ ആദർശവിരുദ്ധരും അവരുടെ വാദങ്ങൾക്ക് തെളിവായി ഉദ്ധരിച്ചു കൊണ്ടിരിക്കുന്നത്.

ക്വുർആനിക വചനങ്ങളിൽ 'ആശയദുരൂഹത' സംഭവിച്ചതിന് തെളിവാണ് സൂറത്തുന്നിസാഇലെ 3ാമത്തെ വചനം. وإن خفتم ألا تقسطوا في اليتامى فانكحوا ما طاب لكم من النساء مثنى وثلاث ورباع "അനാഥകളുടെ കാര്യത്തിൽ നിങ്ങൾക്കു നീതി പാലിക്കാനാവില്ലെന്ന് നിങ്ങൾ ഭയപ്പെടുകയാണെങ്കിൽ (മറ്റു) സ്ത്രീകളിൽ നിന്ന് നിങ്ങൾ ഇഷ്ടപ്പെടുന്ന രണ്ടോ, മൂന്നോ, നാലോ പേരെ വിവാഹംചെയ്തുകൊള്ളുക." എന്ന വചനത്തിൽ പ്രസ്താവിക്കുന്ന, അനാഥക്കുട്ടികളോട് നീതിപാലിക്കലും പെണ്ണുങ്ങളെ വിവാഹം കഴിക്കലും തമ്മിൽ എന്താണ് ചേർച്ചയുള്ളത്? പെണ്ണുങ്ങൾ മുഴുവനും അനാഥക്കുട്ടികളാണൊ? അതെ, അനാഥക്കുട്ടികളെപ്പറ്റി പ്രസ്താവിച്ചതിനും വിവാഹത്തെപ്പറ്റി പറഞ്ഞതിനുമിടക്ക് ക്വുർആനിലെ മൂന്നിലൊരുഭാഗം വിഷയങ്ങളും കഥകളും നഷ്ടപ്പെട്ടു പോയിട്ടുണ്ട് എന്നർത്ഥം. അവ മുഴുവൻ മുനാഫിക്വുകളുടെ കൈക്രിയയിലൂടെ ഒഴി

വാക്കപ്പെട്ടതാണ്. അവരുടെ കൈകളിലൂടെ കൈകളിലൂടെ വികൃതമാക്കപ്പെട്ട ഇതും ഇതുപോലുള്ള വചനങ്ങളും എടുത്തു കൊണ്ട് നിരീശ്വരവാദികളും ഇസ്‌ലാമിൻെറ ശരിയായ ആദർശത്തിൽ നിന്നും പിഴച്ചു പോയവരും ക്വുർആനിൽ പ്രമാദമുണ്ടെന്ന് ആക്ഷേപിക്കുകയാണ്. ക്വുർആനിൽ നിന്നും ഒഴി വാക്കപ്പെടുകയോ, തിരുത്തപ്പെടുകയോ, അതിൽ തിരുകിക്കയറ്റുകയോ ചെയ്തിട്ടുള്ള ആയത്തുകളേതൊക്കെ എന്ന് ഞാൻ നിനക്ക് വിശദീകരിക്കാൻ തുടങ്ങിയാൽ അത് ദീർഘിച്ചു പോകും. മാത്രമല്ല മിത്രങ്ങളുടെ മഹത്വവും ശത്രുക്കളുടെ രോഗങ്ങളും 'തക്വിയ്യ'യുടെ മറഭേദിച്ച് പുറത്ത് വരും. ഇതര പ്രവാചകൻമാരേക്കാൾ നബി തിരുമേനി(സ്വ)ക്കുള്ള ശ്രേഷ്ഠത വെളിപ്പെടുത്തിയ അല്ലാഹു, എല്ലാ നബി മാർക്കും മുശ്രിക്കീങ്ങളിൽ നിന്നും ഓരോ ശത്രുവിനേയും നിശ്ചയിച്ചിട്ടുണ്ട്. ക്വുർആനിൽ അവനത് പ്രസ്താവിച്ചിട്ടുള്ളതാണ്. നമ്മുടെ പ്രവാചകന്ന് തൻെറ രക്ഷിതാവികൽ മഹത്വം നിലനിൽക്കുമ്പോഴും, അവിടുന്ന് ശത്രുക്കളുടെ പരീക്ഷണത്തിന് വിധേയമായിട്ടുണ്ട്. അദ്ദേഹത്തെ തകർക്കാനും, അദ്ദേഹത്തോട് കാപട്യം കാണിക്കാനും, അവിടുത്തെ പ്രബോധനത്തിന് തടയിടാൻ വേണ്ടി പലവിധ ദ്രോഹങ്ങൾ ചെയ്യുവാനും, അവിടുന്നു കൊണ്ടുവന്ന ആദർശത്തെ മാറ്റിമറിക്കാനും, തിരുമേനിയുടെ സുന്നത്തിനെതിരിൽ നി ലകൊള്ളുവാനും ശത്രുക്കൾ പരമാവധി അധ്വാനിച്ചിട്ടുണ്ട്. അദ്ദേഹത്തിൻെറ വസ്വിയ്യിനോടുള്ള സ്നേഹബന്ധത്തെ ഇല്ലാതാക്കാനും, അദ്ദേഹത്തെ ഒറ്റപ്പെടുത്താനും, അദ്ദേഹത്തിനെതിരിൽ ഊരുവി ലക്കേർപ്പെടുത്താനും, അദ്ദേഹവുമായി സദാ വിദ്വേഷത്തിലേർപ്പെടാനും ശത്രുക്കൾ കാണിച്ച കുതന്ത്രങ്ങളെക്കാൾ ഭീമമായ മറ്റൊരു കുതന്ത്രം അവർ പ്രവാചകനോട് കാണിച്ചിട്ടില്ലെ എന്നതാണ് നേര്. അദ്ദേഹം കൊണ്ടുവന്ന ഗ്രന്ഥത്തിൽ തിരിമറി നടത്തുക, അതിൽ പ്രസ്താവിക്കപ്പെട്ടിട്ടുള്ള മഹാൻമാരുടെ മഹത്വങ്ങളെ മായ്ചുകളയുക, കാഫിറുകളുടെ കുഫ്റിനെ സംബന്ധിച്ചും വചനങ്ങളെ എടുത്തു മാറ്റുക തുടങ്ങിയ ലക്ഷ്യങ്ങളായിരുന്നു അതിൻെറ പിന്നിൽ. അല്ലാഹുവിനതറിയാമായിരുന്നു. അവൻ പറഞ്ഞു: "നമ്മുടെ ദൃഷ്ടാന്തങ്ങളുടെ നേരെ വക്രത കാണിക്കുന്നവരാരോ അവർ നമ്മുടെ ദൃഷ്ടിയിൽ നിന്ന് മറഞ്ഞു പോകുകയില്ല; തീർച്ച." (ഫുസ്സ്വിലത്ത്: 40) അല്ലാഹു വീണ്ടും പറഞ്ഞു: "അല്ലാഹുവിന്റെ വാക്കിന് മാറ്റം വരുത്താനാണ് അവർ ഉദ്ദേശിക്കുന്നത്." (ഫത്ഹ്: 15) 'അവർ' ആരൊക്കെയാണെന്ന്, അഥവാ സത്യത്തി ൻെറയും അസത്യത്തിൻേറയും ആളുകളുടെ പേരുകൾ അല്ലാഹു വ്യക്തമാക്കിയത് വായിച്ചപ്പോഴായിരുന്നു, 'ഞങ്ങൾക്ക് നിൻെറയീ ക്വുർആൻ ആവശ്യമില്ല, ഞങ്ങളുടെ കയ്യിലുള്ളതു തന്നെ ഞങ്ങൾക്ക് മതി യാകുന്നതാണ്' എന്ന് അവർ പറഞ്ഞത്. അല്ലാഹു പറഞ്ഞതാണ് സത്യം: "എന്നിട്ട് അവരത് (വേദഗ്രന്ഥം) പുറകോട്ട് വലിച്ചെറിയുകയും, തുച്ഛമായ വിലയ്ക്ക് അത് വിറ്റുകളയുകയുമാണ് ചെയ്തത്. അവർ പകരം വാങ്ങിയത് വളരെ ചീത്ത തന്നെ." (ആലുഇംറാൻ: 187) അങ്ങനെയാണ് തങ്ങളുടെ കുഫ്റിന് സഹായകമാകും വിധമുള്ള ഒരു ഗ്രന്ഥരചനക്ക് അവർ ധൃഷ്ടരായത്. 'ക്വുർആനിൽ നിന്ന് വല്ലതും കൈവശമുള്ളവർ അത് കൊണ്ടുവരുവീൻ' എന്നവർ ആഹ്വാനം ചെയ്തു. അല്ലാഹുവിൻെറ ഔലി യാക്കളോട് വിരോധമുള്ള ചിലരെ അതിൻെറ ക്രോഡീകരണത്തിനായി ഏൽപ്പിച്ചു. അങ്ങനെ തങ്ങളുടെ അഭീഷ്ടത്തിനനുസരിച്ച് അവരൊരു ക്വുർആനിന് രൂപം കൊടുത്തു. തങ്ങൾക്കെതിരിലാണെന്നു കണ്ടവയെ മുഴുവൻ അവർ അതിൽ നിന്നും ഒഴിവാക്കി. പരസ്പര വൈരുധ്യങ്ങൾ നിറഞ്ഞ പലതും അതിൽ തിരുകിക്കയറ്റി. ഈ വക കുതന്ത്രങ്ങൾ മനസിലാക്കിയ അല്ലാഹു അതു കൊണ്ടു തന്നെ ഇങ്ങനെ പ്രഖ്യാപിച്ചു: "അറിവിൽനിന്ന് അവർ ആകെ എത്തിയിട്ടുള്ളത് അത്രത്തോളമാകുന്നു." (നജ്മ്: 30) പക്ഷെ, നിരീശ്വരവാദികളായ കള്ളൻമാർക്ക് പ്രവാചകനെ പരിഹസിക്കാൻ സാധ്യമാക്കുന്ന, ക്വുർആനിൽ തുടങ്ങിവെച്ച അവരുടെ കള്ളങ്ങളും, കരുതിക്കൂട്ടിയ വ്യാജങ്ങളും തിരിച്ചറിയാൻ ഉൾക്കാഴ്ചയുള്ള ആളുകൾക്കൊക്കെ കഴിഞ്ഞിട്ടുണ്ട്. അതുകൊണ്ടാണ് അല്ലാഹു പറഞ്ഞത്: "തീർച്ചയായും അവർ നിഷിദ്ധമായ വാക്കും അസത്യവുമാണ് പറയുന്നത്." (മുജാദില: 2) (അൽ ഇഹ്തിജാജ്, അത്തബ്റസീ, പേ. 119 മുതൽ)

**നാല്:** ക്വുർആനിൽ തിരിമറിയാരോപിക്കാൻ ഇവർക്ക് മറ്റൊരു ലക്ഷ്യം കൂടിയുണ്ട്. അഥവാ ക്വുർആനിക നി ർദ്ദേശങ്ങളിലും അതിൻെറ വിധികളിലും വിരോധങ്ങളിലും ഒതുങ്ങി നിൽക്കാതെ തോന്നിയതു പോലെ ജീവിക്കണം എന്ന മോഹം. ക്വുർആനിൽ സ്കലിതങ്ങൾ നടന്നിട്ടുണ്ടെന്ന് സ്ഥാപിക്കപ്പെട്ടാൽ പിന്നെ അതിൻെറ വിധിവി ലക്കുകളനുസരിച്ച് പ്രവർത്തിക്കേണ്ടതില്ലല്ലൊ? ക്വുർആനിലെ ഓരോ ആയത്തുകളും, പദങ്ങളും, അക്ഷരങ്ങളും മാറ്റത്തിരുത്തലിന് വിധേയമായിരിക്കെ, തീർച്ചയായും അതിലെ ഓരോ വിധികളും വിലക്കുകളും

സംശയാസ്പദങ്ങളായിരിക്കുമല്ലൊ? ശീഇകൾക്ക് വേണ്ടിയിരുന്നത് ഈ സന്ദേഹാവസ്ഥ നിലനിൽക്കലായിരുന്നു. ശരീഅത്തിൻെറ പരിധിയിൽ നിന്നും ചാടിരക്ഷപ്പെടാൻ അതുമുഖേന അവർക്ക് എളുപ്പം സാധിക്കുമായിരുന്നു. അതു കൊണ്ടു തന്നെ, എന്ത് തെമ്മാടിത്തം ചെയ്താലും, തോന്നുവാസങ്ങളിലേർപ്പെട്ടാലും, പാപങ്ങളിൽ മുഴുകിയാലും ശീഈസത്തിലെ അംഗങ്ങളായി ജീവിക്കുന്നിടത്തോളം അല്ലാഹു തങ്ങളെ ശിക്ഷിക്കുകയില്ല എന്നാണ് ശീഇകൾ വിശ്വസിക്കുന്നത്. ഹുസൈനി(റ)ൻെറ ദുഃഖാചരണ വേദികളൊരുക്കി, അദ്ദേഹത്തിൻെറ പിതാമഹൻെറ സ്വഹാബികളെ തത്വദീക്ഷയില്ലാത്ത വിധം ചീത്തവിളിക്കാൻ ശീഇകളെ പ്രേരിപ്പിക്കുന്നതും ഈ വിശ്വാസം തന്നെ. ദീനെന്നാൽ 'അലിയോടും മക്കളോടുമുള്ള സ്നേഹം' എന്നല്ലാതെ മറ്റൊന്നും അവരുടെ പക്കലില്ല. തദാവശ്യാർത്ഥം അനവധി ഹദീസുകളും അവർ കെട്ടിയുണ്ടാക്കിയിട്ടുമുണ്ട്.

ഒരു ഉദാഹരണം കാണുക: കുലൈനി 'അൽ കാഫി'യിൽ ഉദ്ധരിക്കുന്നു. യസീദ് ബ്ൻ മുആവിയ (അബൂസുഫ്യാൻെറ പേരമകൻ യസീദല്ല ഇത്, അബ്ബാസിൻെറ പേരമകനാണ്) യാണ് നിവേദനം ചെയ്യുന്നത്. അബൂജഅ്ഫർ(അ) പ്രസ്താവിച്ചു: "സ്നേഹമല്ലാതെ ദീനുണ്ടൊ? ഒരു മനുഷ്യൻ പ്രവാചകനെ സമീപിച്ചു കൊണ്ട് പറഞ്ഞു: റസൂലേ, ഞാൻ നമസ്കരിക്കുന്നവരെ സ്നേഹിക്കുന്നു, പക്ഷെ ഞാൻ നമസ്കരിക്കാറില്ല. ഞാൻ നോമ്പുകാരെ ഇഷ്ടപ്പെടുന്നു പക്ഷെ, ഞാൻ നോമ്പെടുക്കാറില്ല. തിരുമേനി (സ്വ) പറഞ്ഞു: നീ ആരെ സ്നേഹിക്കുന്നുവൊ അവരോടൊപ്പമാകും നീ." (അൽകാഫി ഫിൽ ഫുറൂഅ്, കിതാബുർറൗദ, വാ. 8)

പടച്ച തമ്പുരാൻെറ വിശുദ്ധ ക്വുർആനിൽ തിരിമറി നടന്നിട്ടുണ്ടെന്ന അപവാദ പ്രചരണത്തിന് ശീഇകളെ ധൃഷ്ടരാക്കിയ സുപ്രധാന സംഗതികളാണ് ഇവിടെ വിവരിക്കപ്പെട്ടത്.

## ഖുർആൻ തിരുത്തപ്പെട്ടിട്ടില്ല എന്നതിനുള്ള തെളിവുകളും, അതിന്നെതിരിലുള്ള ശീഇകളുടെ പ്രസ്താവനകളും

മുകളിൽ ഉദ്ധരിക്കപ്പെട്ടവ മുഴുവനും ശീഈ ലോബികളുടെ കറ്റുകെട്ടിയ വർത്തമാനങ്ങളും, വ്യാജമായി പടച്ചുണ്ടാക്കി പറഞ്ഞുപരത്തിയ കഥകളുമാണെന്ന കാര്യത്തിൽ സംശയമേതുമില്ല. ക്വുർആനിൻെറ പദത്തിലൊ, അക്ഷരത്തിലൊ, പുള്ളിയിൽ പോലുമൊ തിരുത്തൽ നടന്നിട്ടില്ലെന്ന് അടിയുറച്ചു വിശ്വസിക്കുന്നവരാണ് ശീഇകളൊഴികെയുള്ള മുസ്ലിംലോകം മുഴുവൻ. ഈ വസ്തുതയെ നിഷേധിക്കുന്നവൻ ഉദിച്ചു നിൽക്കുന്ന സൂര്യൻെറ സാന്നിധ്യത്തെ നിഷേധിക്കുന്നവനെപ്പോലെയാണ്. അവൻെറ കണ്ണുകൾക്ക ചികിത്സ വേണം. മാറ്റത്തിരുത്തുകൾക്കു വിധേയമാകാത്തവിധം വിശുദ്ധ ക്വുർആൻ സംരക്ഷിക്കപ്പെടുമെന്നതിനുള്ള പ്രമാണയുക്തവും ബുദ്ധിപരവുമായ തെളിവുകൾ ഒരാൾക്കും നിഷേധിക്കാൻ സാധ്യമാകാത്ത വിധം സമൃദ്ധമായി ഉദ്ധരിക്കപ്പെട്ടിട്ടുള്ളവയാണ്.

അല്ലാഹുവിൻെറ ഖണ്ഡിതമായ പ്രസ്താവന കാണുക:

"അതിന്റെ മുന്നിലൂടെയോ, പിന്നിലൂടെയോ അതിൽ അസത്യം വന്നെത്തുകയില്ല." (ഫുസ്സിലത്ത്: 42)

"തീർച്ചയായും നാമാണ് ആ ഉൽബോധനം അവതരിപ്പിച്ചത്. തീർച്ചയായും നാം അതിനെ കാത്തു സൂക്ഷിക്കുന്നതുമാണ്." (ഹിജ്ര്: 9)

കൃത്യവും വ്യക്തവുമായ ഈ രണ്ട് വചനങ്ങൾക്കു നേരെ ഒരാൾക്കും കണ്ണടക്കുക സാധ്യമല്ല. യാതൊരു സന്ദേഹത്തിനും വഴിനൽകാത്ത പ്രസ്താവനകളാണ് ഇത് രണ്ടും. എന്നാലും പക്ഷെ, ശീഇകൾ ഈ രണ്ട് ആയത്തുകളേയും സ്വാർത്ഥപ്രകാരം വളഞ്ഞു വ്യാഖ്യാനിക്കും. അബൂൽ ഹസൻ അലി അന്നക്വി എന്ന ശീഈ പണ്ഡിതൻെറ ജല്പനം കാണുക:

"എന്നാൽ ക്വുർആനിൽ തിരിമറിയൊ തിരുത്തൊ നടന്നിട്ടില്ല എന്നതിന് സാധാരണ ഉദ്ധരിക്കാറുള്ള തെളിവുകൾ, "അതിന്റെ മുന്നിലൂടെയോ, പിന്നിലൂടെയോ അതിൽ അസത്യം വന്നെത്തുകയില്ല." (ഫുസ്സിലത്ത്: 42), "തീർച്ചയായും നാമാണ് ആ ഉൽബോധനം അവതരിപ്പിച്ചത്. തീർച്ചയായും നാം അതിനെ കാത്തുസൂക്ഷിക്കുന്നതുമാണ്." (ഹിജ്ര്: 9) എന്നീ ആയത്തുകളാണ്. സത്യത്തിൽ ഇവ രണ്ടും വാദികൾക്ക് പ്രതികൂലമാണ്. നമ്മുടെ കൈകളിൽ ഇന്നുള്ള ഈ ക്വുർആനിൽ തിരിമറികൾ നടക്കുകയില്ല എന്നതിന് ഈ

ആയത്തുകളിൽ യാതൊരു രേഖയുമില്ല. മറിച്ച്, സംരക്ഷിക്കപ്പെട്ട ക്വുർആൻ ഇമാമുകളുടെ കൈവശമാണുള്ളത് എന്ന അറിവിലേക്കാണ്, 'അൽ ഹാഫിളൂൻ' അഥവ 'അൽ ആലിമൂൻ' എന്ന ക്വുർആനിക പ്രയോഗം വിരൽ ചൂണ്ടുന്നത്. ഇന്ന് നിലവിലുള്ള ക്വുർആനും കൂട്ടിച്ചേർക്കലുകളിൽ നിന്നും, ഒഴിവാക്കലിൽ നിന്നും സുരക്ഷിതമാണ് എന്ന് വാദിക്കുന്നത് ക്വുർആനിൻെറ പ്രസ്താവനയോട് യോജിക്കുന്നതല്ല." (മൻബഉൽ ഹയാത്ത്, നിഅ്മത്തുല്ല അൽ ജസാഇരി, അബുൽ ഹസൻ അലി അന്നക്വിയുടെ 'അൽ ഇസ്ആഫി'ൽ നിന്നും എടുത്തുദ്ധരിച്ചത്, പേ. 115, ഇസ്നാ അഷരീ പ്രസ്, ഇന്ത്യ, 1312 ഹി.)

ഇറാനീ ശീഇയായ അലി അസ്ഗർ അൽ ബർജർദീ, മുഹമ്മദ് ഷായുടെ ഭരണകാലത്ത്, ശീഊകളുടെ അടിസ്ഥാന വിശ്വാസങ്ങൾ വിശദീകരിച്ചു കൊണ്ടെഴുതിയ തൻെറ ഗ്രന്ഥത്തിൽ ഇതേ വീക്ഷണം പ്രകടിപ്പിച്ചിട്ടുണ്ട്.

"യഥാർഥ ക്വുർആനിൽ മാറ്റത്തിരുത്തുകൾ സംഭവിച്ചിട്ടില്ലെന്ന് നിർബന്ധമായും വിശ്വസിക്കുന്നവരാണ് നമ്മൾ. എന്നാൽ ചില മുനാഫിക്വുകളുടെ കൈകളാൽ വിരചിതമായ ക്വുർആനിൽ പ്രമാദങ്ങൾ സംഭവിച്ചിട്ടുണ്ട്. യഥാർഥ ക്വുർആൻ 'യുഗപുരുഷ'നായ 'വാഗ്ദത്ത മഹ്ദി'യുടെ കൈവശം മാത്രമാണുള്ളത്. അല്ലാഹു അദ്ദേഹത്തിന് എത്രയും വേഗം വിടുതൽ നൽകട്ടെ." (അക്വാഇദു ശ്ശീആ, പേ. 27, ഇറാൻ)

ഇന്ത്യൻ ശീഊ പണ്ഡിതനായ സയ്യിദ് അലി അൽ ഹാഇരി ലാഹോരിയുടെ ഇതു സംബന്ധമായ വാദം വായിക്കുക:

"അല്ലാഹു ക്വുർആനിനെ സംരക്ഷിക്കും എന്ന് പറഞ്ഞത് കൊണ്ടുള്ള വിവക്ഷ, അതിനെ അവൻ ലൗഹുൽ മഹ്ഫൂളിൽ പരിരക്ഷിക്കും എന്നാണ്. "അല്ല, അത് മഹത്വമേറിയ ഒരു ഖുർആനാകുന്നു. സംരക്ഷിതമായ ഒരു ഫലകത്തിലാണ് അതുള്ളത്" എന്ന സൂറത്തുൽ ബുറൂജിലെ 21, 21 വചനങ്ങളിൽ നിന്ന് മനസിലാക്കാനാകുന്നതും അതു തന്നെ." (മൗഇളത്തു തഹ്രീഫിൽ ക്വുർആൻ, സയ്യിദ് അലി അൽ ഹാഇരി, പേ. 48, ലാഹോർ, 1923 ക്രി.)

ഇതേ ആശയമുള്ള ഉദ്ധരണികൾ ഇനിയും ധാരാളമുണ്ട്. കുത്സിതമായ അത്തരം വ്യാഖ്യാനങ്ങളുടേയും, വിലപ്പോകാത്ത ഉത്തരങ്ങളുടേയും ബലഹീനത മനസിലാക്കാൻ ക്വുർആനിൽ അല്പജ്ഞാനമുള്ളവർക്കു പോലും സാധ്യമാണ്. നമുക്കൊന്നു വിശകലനം ചെയ്യാം.

ഒന്ന്: ശീകൾ പറയുന്നു, സംരിക്ഷത ക്വുർആൻ വരാനിരിക്കുന്ന ഇമാമിൻെറ കൈവശമാണുള്ളത് എന്ന്. എങ്കിൽ അതിനെ സംരക്ഷിക്കും എന്നു പറഞ്ഞതിൻെറ സാംഗത്യമെന്താണ്? ഇമാമിൻെറ ദുനിയാവിലെ അസാന്നിധ്യം, ഫലത്തിൽ അതിനെ പ്രമാദങ്ങളിൽ നിന്ന് സുരക്ഷിതമല്ലാതാക്കുകയല്ലെ ചെയ്യുന്നത്? അതേ പ്രകാരം തന്നെ, ഇമാമിൻെറ കൈവശമാണ് യഥാർഥ ക്വുർആനുള്ളതെങ്കിൽ വിശ്വാസികൾക്ക് മാർഗദർശനവും ഉദ്ബോധനവും നൽകി നിലകൊള്ളാൻ അതിന് സാധ്യമല്ലല്ലൊ? വിശ്വാസ-ആരാധനാ-സ്വഭാവ കാര്യങ്ങൾക്കും, ഇതര മതനിയമങ്ങൾക്കും അതിനെ അവലംബിക്കാൻ കഴിയില്ലല്ലൊ? ക്വുർആനാണ് ഇസ്ലാമിൻെറ അടിത്തറയെന്ന് പറയുന്നു. പ്രസ്തുത അടിത്തറയില്ലാതെ ഇസ്ലാമിന് ഉറച്ചു നിൽക്കാൻ സാധിക്കുന്നതെങ്ങിനെ? മാത്രമല്ല, ശരിയായ ദിശയിലേക്ക് ദർശനം നൽകുന്ന ഒരു ഗ്രന്ഥത്തിൻെറ അഭാവത്തിൽ, ജനങ്ങൾ ചെയ്തു കൂട്ടുന്ന അവിവേകങ്ങൾക്ക് അവർ ഉത്തരവാദികളാകുമൊ? ഒരു ആധികാരിക പ്രമാണത്തിൻെറ അഭാവം ഇസ്ലാമിക ശരീഅത്തിനെ ഫലശൂന്യമായി അവശേഷിപ്പിക്കുകയല്ലെ ചെയ്യുക? വിശുദ്ധ ക്വുർആൻ മുഹമദ് നബി(സ്വ)യുടെ നിയോഗ ശേഷമല്ല, എപ്പോൾ വരും, എവിടെ വരും എന്ന് ഒരാൾക്കുമറിയാത്ത വാഗ്ദത്ത മഹ്ദിയുടെ അവതാരത്തിനു ശേഷമാണ് ലോകത്തിന് ഉദ്ബോധനമായി ഭവിക്കുക എന്ന ബുദ്ധിശൂന്യമായ നിലവാരത്തിലേക്കല്ലെ ശീഇകളുടെ വാദം കൊണ്ടെത്തിക്കുക?

രണ്ട്: ക്വുർആനിനെ അല്ലാഹു സംരക്ഷിക്കും എന്നു പറഞ്ഞതിൻെറ താത്പര്യം, അതിനെയവൻ ലൗഹുൽ മഹ്ഫൂളിൽ സൂക്ഷിക്കുമെന്നാണ് എന്ന് വാദിക്കുന്നവരോട് നമുക്ക് പറയാനുള്ളത്, തൗറാത്തും ഇഞ്ചീലും ലൗഹുൽ മഹ്ഫൂളിൽ തന്നെ സംരക്ഷിക്കപ്പെട്ടു കിടക്കുന്നുണ്ടല്ലൊ എന്നാണ്. എങ്കിൽ 'നാമാണ് അതിനെ അവതരിപ്പിച്ചത്, നാം തന്നെ അതിനെ സംരക്ഷിക്കും' എന്ന് ക്വുർആനിനെ സംബന്ധിച്ച് മാത്രം പറയുന്നതിൽ എന്ത് പ്രത്യേകതയാണുള്ളത്?

മൂന്ന്: “തീർച്ചയായും നാമാണ് ആ ഉൽബോധനം അവതരിപ്പിച്ചത്. തീർച്ചയായും നാം അതിനെ കാത്തുസൂക്ഷിക്കുന്നതുമാണ്.” (ഹിജ്ർ: 9) എന്ന ആയത്തിൽ നിന്ന് മനസിലാക്കാനാകുന്നത്, ക്വുർആനിന്റെ അവതരണത്തിനു ശേഷമുള്ള സംരക്ഷണം തന്നെയാണ് അല്ലാഹു ഏറ്റെടുത്തിട്ടുള്ളത് എന്നത്രെ. അവതരിക്കപ്പെട്ട ഒന്നിലേ കൈകടത്തലുകൾക്ക് സാധ്യതയുള്ളൂ. അങ്ങനെയുള്ള ഒന്നിനേ സംരക്ഷണവും വേണ്ടിവരുന്നുള്ളൂ. ഈ സാമാന്യ തത്വം ഏതൊരാൾ അറിയാവുന്ന ബാലപാഠമാണ്. പക്ഷെ, ഇസ്‌ലാമിനോടും അതിന്റെ ഇമാമുകളോടും മുസ്‌ലിംകളോടും പകവെച്ചു ജീവിക്കുന്ന ശീഇകൾക്ക് ഖണ്ഡിതമായ പ്രമാണങ്ങളെ സ്വീകരിക്കുക വയ്യല്ലൊ. അറിവിനേയും ബുദ്ധിയേയും ഒരുപോലെ പരിഹസിക്കും വിധമുള്ള ജല്പനങ്ങളെയല്ലെ അവർക്ക് അവലംബിക്കാനാകൂ!!!

ക്വുർആൻ തിരുത്തിന് വിധേയമായിട്ടില്ല എന്നതിന് ആയത്തുകളും ഹദീസുകളുമായി ഇനിയും ഒരുപാട് തെളിവുകളുണ്ട്. ശരിയായ അറിവും വിവേകവുമുള്ള ഏതൊരാൾക്കും ‘അതിൽ അങ്ങനെയൊരു പ്രമാദം സംഭവിക്കുകയില്ല’ എന്ന് പറയാവുന്ന ബൗദ്ധികമായ രേഖകളും എമ്പാടുമുണ്ട്. കാരണം ഈ വിശുദ്ധ ഗ്രന്ഥം ലിഖിതമായും ഹൃദിസ്ഥമായും തലമുറകളിൽ നിന്ന് തലമുറകൾ കൈമാറി വന്നതാണ്. നിരീശ്വരത്വവും കുഴപ്പങ്ങളും നിറഞ്ഞു നിൽക്കുന്ന ഈ കാലഘട്ടത്തിൽ പോലും മില്യൻകണക്കിന് വിശ്വാസികൾ ക്വുർആൻ മുഴുവനും മനഃപാഠമാക്കി നെഞ്ചിൽ സൂക്ഷിക്കുന്നു. റമദാനിന്റെ രാവുകളിൽ ഓരോ മസ്ജിദിലും ഇമാമുകൾ തങ്ങളുടെ തറാവീഹു നമസ്കാരങ്ങളിൽ ഇതേ ക്വുർആനിനെ പാരായണം ചെയ്യുന്നു, ഒരു വള്ളി പുള്ളി വ്യത്യാസമില്ലാതെ. അദ്ദേഹത്തിനെങ്ങാനും പാരായണത്തിലൊരു തെറ്റു സംഭവിക്കുന്നുവെങ്കിൽ ഉടൻതന്നെ അത് തിരുത്തപ്പെടുന്നു. ഇമാം ശാത്വിബി പറഞ്ഞു: “വിശുദ്ധ ക്വുർആനിന് അല്ലാഹു സംരക്ഷകരെ വിധിച്ചിട്ടുണ്ട്. അതിൽ ഒരു അന്യായമായി ഒരക്ഷരം അധികരിച്ചിട്ടുണ്ടെങ്കിൽ ആയിരക്കണക്കിന് കുട്ടികൾ അതിനെ പുറത്തു കൊണ്ടുവരും, അതിന് പ്രഗത്ഭരായ ക്വുർആൻ പാരായണക്കാരെ പോലും ആവശ്യമില്ല.” (അൽ മുവാഫക്വാത്ത്, ഇമാം ശാത്വിബി, വാ. 2, പേ. 59, ഈജിപ്ത്)

ഇവിടെ പ്രാധാന്യപൂർവം എടുത്തു പറയേണ്ട ഒരു സംഗതിയുണ്ട്. പാകിസ്ഥാനിലെ പഞ്ചാബ് പ്രവിശ്യയിലെ രണ്ട് പ്രദേശങ്ങളാണ് ഗുജ്റാത്ത്, ത്ധലം എന്നിവ. ഈ പ്രദേശങ്ങളിലെ ചില ഗ്രാമങ്ങളിലും പട്ടണങ്ങളിലും ക്വുർആൻ പാഠമാക്കിയ പുരുഷൻമാരേയും സ്ത്രീകളേയുമല്ലാതെ കാണാൻ സാധിക്കില്ല എന്നതാണ് അത്ഭുതം. കലുഷിതമായ ഈ കാലഘട്ടത്തിൽ പോലും ക്വുർആനിന്റെ നില ഇതാണെങ്കിൽ നന്മനിറഞ്ഞ പൂർവ നൂറ്റാണ്ടുകളിൽ അതിന്റെ അവസ്ഥ എത്രമേൽ സുരക്ഷിതമായിരുന്നിരിക്കണം!

## ഖുർആനിൽ തിരുത്ത് നടന്നിട്ടില്ലെന്ന് അവർ വാദിക്കുന്നത് എന്തു കൊണ്ട് ?

അല്ലാഹുവിന്റെ സുവ്യക്തമായ ക്വുർആനിൽ തിരുത്തുകൾ നടന്നതായി ശീഇകൾ വിശ്വസിക്കുന്നില്ലെന്ന് ആർക്കെങ്കിലും ഇനിയും വാദിക്കാം. ശരിയാണ്, ചില ശീഈ അനുകൂലികൾ ക്വുർആനിൽ അപ്രകാരം കൈകടത്തലുകൾ നടന്നിട്ടില്ലെന്ന് വിശ്വസിക്കുന്നുണ്ട്. ശീഇകൾക്കിടയിൽ സദൂക്വ് എന്ന പേരിലറിയപ്പെടുന്ന, ‘മൻ ലാ യഹ്ളുറുഹുൽ ഫക്വീഹ്’ എന്ന കൃതിയുടെ കർത്താവായ മുഹമ്മദ് ബ്ൻ അലി ബ്ൻ അൽ ബാബവയ്ഹി അൽ ക്വുമ്മി (മരണം ഹി. 381) അവരിലൊരാളാണ്. ക്വുർആനിൽ തിരിമറികൾ നടന്നിട്ടില്ലെന്ന് ശീഇകൾക്കിടയിൽ നിന്നും ആദ്യമായി പ്രഖ്യാപിച്ചത് അദ്ദേഹമാണ്. നാലാം നൂറ്റാണ്ടുവരെ അല്ലെങ്കിൽ അതിന്റെ ആദ്യപകുതിവരെ, ക്വുർആനിൽ തിരുത്ത് നടന്നിട്ടില്ലെന്ന് പറയുകയൊ അങ്ങനെയൊരു സൂചന നൽകുകയൊ ചെയ്ത ഒരു പൗരാണിക പണ്ഡിതന്റെ പേരും പറയപ്പെട്ടിട്ടില്ല. അതേ സമയം, ദൈവികഗ്രന്ഥത്തിൽ ഒഴിവാക്കലും കൂട്ടിച്ചേർക്കലും സംഭവിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുന്ന നൂറുക്കണക്കിന് രേഖകൾ ശീഈ ലോകത്ത് സമൃദ്ധമാണുതാനും.

ദുനിയാവിലെ മുഴുവൻ ശീഈ പണ്ഡിതപ്രമാണിമാരേയും വെല്ലുവിളിക്കുകയാണ്, ആദ്യ നാല് നൂറ്റാണ്ടുകളിൽ, ഇബ്നു ബാബവയ്ഹിക്കു മുമ്പ്, ഏതെങ്കിലുമൊരാൾ ക്വുർആനിൽ തിരുത്തു നടന്നിട്ടില്ലെന്ന് പ്രഖ്യാപിച്ചതായി ശീഈ ലോകത്തു നിന്നും ഉദ്ധരിക്കാൻ അവർക്ക് സാധിക്കുമൊ? ഈ വെല്ലുവിളി ഏറ്റെടുക്കാൻ, ഇല്ല, അവരിൽ നിന്ന് ഒരാളെപ്പോലും കിട്ടില്ല.

കാര്യം വളരെ വ്യക്തമാണ്. ശീഈ അഖീദകൾക്ക് നിലനിൽപു വേണമൊ, ക്വുർആനിൽ കൈകടത്തലുകൾ നടന്നിട്ടുണ്ടെന്ന് പറയാൻ അവർ നിർബന്ധിതരാണ്. വ്യർത്ഥമായ തങ്ങളുടെ വിശ്വാസങ്ങൾ ജനങ്ങക്കിടയിൽ പ്രചരിപ്പിക്കാൻ അവർക്കങ്ങനെ പറഞ്ഞേ പറ്റൂ. അതല്ലെങ്കിൽ, ക്വുർആൻ പ്രമാദമുക്തമാണെന്ന് അവർ വിശ്വസിക്കുന്നുവെങ്കിൽ വ്യാജാടിത്തറയിൽ കെട്ടിപ്പൊക്കിയ അവരുടെ നിയമസംഹിതയുടെ കൊട്ടാരം തകർന്നടിഞ്ഞ് കാറ്റിനൊപ്പം ചിതറിപ്പോകുക തന്നെ ചെയ്യും.

പിന്നെ എന്തു കൊണ്ടാണ് ഇക്കാര്യത്തിൽ മൂന്ന് നൂറ്റാണ്ടുകൾക്കു ശേഷം നാലാം നൂറ്റാണ്ടിൻെറ പകുതിയായപ്പോഴേക്കും ശീഈ മൻഹജിൽ പെട്ടൊന്നൊരു അഭിപ്രായമാറ്റം വന്നതിൻെറ രഹസ്യം? ഇവിടെ അനുവാചകൻെറ, ഒരു സത്യാന്വേഷിയുടെ മുന്നിൽ വ്യക്തമാക്കേണ്ട ചില വസ്തുതകളുണ്ട്. ക്വുർആൻ കടത്തിക്കൂട്ടലിൽ നിന്നും ഒഴിവാക്കലിൽ നിന്നും സുരക്ഷിതമല്ല എന്ന വിശ്വാസമാണ് ശീഇകൾക്കുള്ളതെന്ന് അവരുടെ തിവായത്തുകളിൽ നിന്നും ഹദീസുകളിൽ നിന്നും നാം ഉദ്ധരിക്കുകയുണ്ടായി. ശീഈ മുഫസ്സിറുകളുടേും ഇമാമുകളുടേയും വാക്കുകളുദ്ധരിച്ചു കൊണ്ട്, യഥാർത്ഥ ക്വുർആൻ 'വാഗ്ദത്ത മഹ്ദി'യുടെ കൈവശമാണുള്ളതെന്ന് വിശ്വസിക്കുന്നവരാണ് ശീഇകളെന്നും സ്ഥാപിക്കുകയുണ്ടായി. പക്ഷെ, ഹിജ്റ നാലാം നൂറ്റാണ്ടിൽ മുഹമ്മദ് ബ്ൻ അലി ബ്ൻ ബാബവയ്ഹി അൽ ക്വുമ്മി പിറവിയെടുക്കുന്നു. ക്വുർആൻ സംരക്ഷിതമല്ല എന്ന് വാദിക്കുന്നതിനാൽ ജനങ്ങൾ മുഴുവൻ ശീഇകളെ പഴിക്കുകയും അവരെ അകറ്റിനിർത്തുകയും ചെയ്യുന്നതായി അയാൾ കാണുന്നു. ക്വുർആൻ സുരക്ഷിതമല്ലെന്ന അവരുടെ വാദം അംഗീകരിക്കുകയാണെങ്കിൽ, പിന്നെങ്ങിനെ അതിൻെറ ശരീഅത്തനുസരിച്ച് ഒരാൾക്ക് മുസ്ലിമായി ജീവിക്കാനാകും? ഏതു വിധത്തിൽ ഇസ്ലാമിക ദഅ്വത്ത് നടക്കും? എന്നിങ്ങനെയുള്ള ചോദ്യങ്ങൾകൊണ്ട് അവരെ ആക്ഷേപിക്കുന്നതായി മനസിലാക്കുന്നു. പ്രവാചകൻ(സ്വ) തങ്ങളോട് മുറുകെപ്പിടിക്കാനാവശ്യപ്പെട്ട രണ്ടു കാര്യങ്ങളാണ്, ക്വുർആനും നബികുടുംബവും. അവയിലെ ആദ്യത്തേതു തന്നെ സ്ഥിരപ്പെട്ടതല്ലെങ്കിൽ പിന്നെ രണ്ടാമത്തേതെങ്ങിനെ സ്ഥിരപ്പെടും? ഏതുവിധത്തിൽ അതിനെ മുറുകെപ്പിടിക്കാനാകും? ഈ വക സങ്കീർണ്ണതകൾ ഇബ്നു ബാബവയ്ഹി തിരിച്ചറിയുന്നു.

അപ്പോൾ ഈ സന്നിഗ്ദാവസ്ഥകളെ മറികടക്കാൻ ഇബ്നു ബാബവയ്ഹി ഒരു പുതിയ മാർഗം സ്വീകരിച്ചു. അയാൾ പറഞ്ഞു: "മുഹമ്മദ് നബി(സ്വ)ക്ക് അല്ലാഹു അവതരിപ്പിച്ചു കൊടുത്ത ക്വുർആൻ, രണ്ട് ചട്ടകൾക്കുള്ളിലുള്ള, ഇന്ന് ജനങ്ങളുടെ കൈവശം നിലനിൽക്കുന്ന ക്വുർആൻ തന്നെയാണ് എന്നത്രെ ഞങ്ങളുടെ വിശ്വാസം, അതിനപ്പുറം മറ്റൊന്നുമില്ല... അതിനപ്പുറം ഞങ്ങൾ പറയുന്നുണ്ടെന്ന് ആരോപിക്കുന്നവൻ നുണയനാണ്." (അൽ ഇഅ്തിക്വാദാത്ത്, അൽ ഇഅ്തിക്വാദാത്തു ഫിൽ ക്വുർആൻ എന്ന അധ്യായം, ഇബ്നു ബാബവയ്ഹി, ഇറാൻ, 1224 ഹി.)

ഇബ്നു ബാബവയ്ഹിയെ പിന്തുടർന്നു കൊണ്ട് 'ഇൽമുൽ ഹുദ' എന്ന അപരനാമത്തിലറിയപ്പെടുന്ന സയ്യിദ് അൽ മുർതദ്വ (മരണം ഹിജ്റ 436 ൽ) വരികയുണ്ടായി. ശീഈ മുഫസ്സിറായ അലി അത്തബ്റസീ സയ്യിദ് അൽ മുർതദ്വയെ ഉദ്ധരിച്ചു കൊണ്ട് പ്രസ്താവിക്കുന്നു: "ക്വുർആനിൽ കൂട്ടിച്ചേർക്കൽ നടന്നിട്ടുണ്ടെന്ന വാദം നിരർത്ഥകമാണ്. എന്നാൽ അതിൽ കുറവുകളും തിരുത്തുകളും വന്നിട്ടുണ്ടെന്ന അഭിപ്രായം നമ്മുടെ കൂട്ടക്കാരിൽ ചില പണ്ഡിതൻമാർക്കും സാധാരണക്കാർക്കുമുണ്ട്. പക്ഷെ, സയ്യിദ് അൽ മുർത്വദ പറഞ്ഞതു പോലെ, സത്യം അവർക്കെതിരിലാണ്." (തഫ്സീർ മജ്മഉൽ ബയാൻ, വാ. 1, പേ. 5, ഇറാൻ, 1284 ഹി.)

മേൽ പ്രസ്താവിക്കപ്പെട്ട രണ്ടു പേരേയും അംഗീകരിച്ചു കൊണ്ട് അബൂ ജഅ്ഫർ അത്തൂസി (മരണം ഹി. 460ൽ) തൻെറ 'അത്തിബ്യാൻ' എന്ന തഫ്സീറിലെഴുതി: "ക്വുർആനിൽ കൂട്ടിച്ചേർക്കലും മാറ്റിത്തിരുത്തലും നടന്നിട്ടുണ്ടെന്ന വാദം നിലനിൽക്കുന്നതല്ല... പ്രവാചകനിൽ നിന്നും ഉദ്ധൃതമായ ഒരു തിവായത്തുണ്ട്. ഒരാൾക്കും അതിനെ പ്രതിരോധിക്കുക സാധ്യമല്ല. അതിങ്ങനെയാണ്: 'രണ്ട് ഭാരങ്ങളെ നിങ്ങൾക്ക് ഞാൻ നൽകുകയാണ്, നിങ്ങളവ മുറുകെപ്പിടിക്കുവോളം വഴിപിഴക്കുകയില്ല. ഒന്ന്, അല്ലാഹുവിൻെറ ഗ്രന്ഥം, രണ്ട്, എൻെറ കുടുംബം അഥവാ അഹ്ലുൽ ബൈത്ത്...' ഈ വചനം കൃത്യമായി അറിയിക്കുന്നത് കാലഘട്ടങ്ങളെ അതിജീവിച്ച് ക്വുർആൻ ഇന്നും നിലനിൽക്കുന്നു എന്നു തന്നെയാണ്. മുറുകെപ്പിടിക്കാൻ അസാധ്യമായ ഒരു സംഗതിയെ 'നിങ്ങൾ മുറുകെപ്പിടിക്കണം' എന്ന് അല്ലാഹുവിൻെറ റസൂൽ കല്പിക്കുമെന്ന് പറയുന്നത് ആശാസ്യമല്ലല്ലൊ." (അത്തിബ്യാൻ, വാ. 1, പേ. 3, നജഫ്)

ഇബ്നു ബാബവയ്ഹി, സയ്യിദ് അൽ മുർതദ്വ, അബൂ ജഅ്ഫർ അത്തൂസി, ഹിജ്റ 548 ൽ മരണമടഞ്ഞ അബൂ അലി അത്തബ്റസി എന്നീ നാലുപേരല്ലാതെ, ഹിജ്റ നാലാം നൂറ്റാണ്ടുമുതൽ ആറാം നൂറ്റാണ്ടുവരെ, ഈ അഭിപ്രായം പ്രകടിപ്പിച്ച മറ്റൊരാളെ ശീഈ ഭൂമികയിൽ കാണുക സാധ്യമല്ല. ഇവരോട് കൂറു പ്രഖ്യാപിച്ച അഞ്ചാമതൊരാളെ ചൂണ്ടിക്കാണിക്കാൻ ശീഈ പണ്ഡിതരിലെ ഒരാൾക്കും കഴിയുകയുമില്ല. അതുകൊണ്ടാണ് ഹിജ്റ 1325 ൽ നിര്യാതനായ മീർസാ ഹുസൈൻ തക്വി അന്നൂരി അത്ത്വബ്റസി എഴുതിയത്:

''രണ്ട്, ക്വുർആനിൽ തിരുത്തും ഒഴിവാക്കലും സംഭവിച്ചിട്ടില്ലെന്നും, പ്രവാചക(സ്വ)ന്ന് അവതരിച്ചു കിട്ടിയതു മുഴുവൻ രണ്ട് ചട്ടകൾക്കുള്ളിലായി ജനങ്ങളുടെ പക്കൽ നിലവിലുണ്ടെന്നുമുള്ള അഭിപ്രായം സ്വദൂക്വ് (ഇബ്നു ബാബവയ്ഹി) തന്റെ 'ഇഅ്തിക്വാദാത്തിലും, സയ്യിദ് അൽ മുർതദ്വ, അത്തൂസി എന്നിവർ 'അത്തിബ്യാ'നിലും വ്യക്തമാക്കിയിട്ടുണ്ട്. അബൂ അലി അത്ത്വബ്റസിയും അങ്ങനെത്തന്നെ. എന്നാൽ ഇവരോട് യോജിക്കുന്ന ഒരാൾ പോലും പൗരാണിക പണ്ഡിതൻമാരിൽ കാണുന്നില്ല... അവരുടെ അഭിപ്രായങ്ങൾക്ക് വിരുദ്ധമായ ഒരൊറ്റ അഭിപ്രായവും ഈ നാലു പണ്ഡിതൻമാരിൽ നിന്നല്ലാതെ ഉണ്ടായിട്ടുമില്ല.'' (ഫസ്സ്ലുൽ ഖിത്വാബ്, പേ. 24, ഇറാൻ)

ക്വുർആനിൽ തിരുത്ത് സംഭവിച്ചിട്ടില്ലെന്ന് ഈ 'നാൽവർ' വളരെ ഖണ്ഡിതമായി പറഞ്ഞിട്ടൊന്നുമില്ല. നിലവിലുള്ള ക്വുർആനിൽ അങ്ങനെത്തന്നെ വിശ്വസിക്കണമെന്ന് പറഞ്ഞത് ആക്ഷേപകരിൽ നിന്നും രക്ഷപ്പെടാനുള്ള ഒരു ഉപായം മാത്രമാണ്. അതാകട്ടെ ശിയാ മതത്തിന്റെ അടിത്തറയായി വർത്തിക്കുന്ന 'തക്വിയ്യ' എന്ന കാപട്യത്തിന്റെ ഭാഗവുമാണ്. ('തക്വിയ്യ'യെപ്പറ്റി വിശദീകരിക്കുന്ന അധ്യായം ശേഷം വരുന്നുണ്ട്).

അതെ, താഴെ കൊടുക്കുന്ന തെളിവുകളുടെ വെളിച്ചത്തിൽ നമുക്ക് പറയാം, ഈ നാൽവരുടെ 'നിഷേധക്കുറിപ്പ്' സത്യസന്ധതയുടേതല്ല, മറിച്ച് തക്വിയ്യയുടേതാണ് അഥവാ തികഞ്ഞ കാപട്യത്തിന്റേത്.

ഒന്ന്: ക്വുർആനിൽ പ്രമാദമുണ്ടെന്നതിന് തെളിവുകളായി ഉദ്ധരിക്കപ്പെടുന്ന രിവായത്തുകൾ മുഴുവൻ ശീഈകൾക്കിടയിൽ മുതവാതിറുകളായി അഥവാ കളവിന് സാധ്യതയില്ലാത്തവിധം അനേകം വിശ്വസ്തരാൽ നിവേദനം ചെയ്യപ്പെട്ടവയായി അംഗീകരിക്കപ്പെടുന്നവയാണ്. സയ്യിദ് തക്വി അന്നൂരി ഉദ്ധരിക്കുന്നു: ''പ്രമുഖ മുഹദ്ദിസായ സയ്യിദ് നിഅ്മത്തുള്ള അൽ ജസാഇരി തന്റെ 'അൽ അൻവാർ' എന്ന കൃതിയിൽ ഇപ്രകാരം എഴുതി: 'ക്വുർആനിൽ തിരുത്തുകൾ സംഭിവിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുന്ന റിപ്പോർട്ടുകൾ മുഴുൻ മുസ്തഫീളായ അല്ലെങ്കിൽ മുതവാതിറുകളായ സ്വീകാര്യ യോഗ്യമായ നിവേദനങ്ങളാണെന്ന് നമ്മുടെ പണ്ഡിതൻമാർ മുഴുവൻ ഏകകണ്ഠേന അംഗീകരിച്ചിട്ടുള്ളതാണ്.'' (ഫസ്സ്ലുൽ ഖിത്വാബ് ഫീ ഇസ്ബാതി തഹ്രീഫി കിതാബി റബ്ബിൽ അർബാബ്, നൂരി അത്ത്വബ്റസീ, പേ. 30, ഇറാൻ)

അദ്ദേഹത്തിൽ നിന്നു തന്നെ വീണ്ടും: ''അതിലെ (ക്വുർആനിലെ) തിരിമറിയെ സംബന്ധിച്ച് വ്യക്തമാക്കുന്ന റിപ്പോർട്ടുകൾ ആയിരത്തിലധികം വരും. അൽ മുഫീദ്, അദ്ദാമാദ്, അൽ മജ്ലിസി തുടങ്ങിയ ഒരു വിഭാഗം പണ്ഡിതൻമാർ അവ മുസ്തഫീളായ ഹദീസുകളായിട്ടാണ് അംഗീകരിക്കുന്നത്. ഇവ്വിഷയകമായി വന്നിട്ടുള്ള റിപ്പോർട്ടുകൾ ധാരാളമുണ്ടെന്ന് അല്ലാമാ അൽ മജ്ലിസിയും തന്റെ 'അത്തിബ്യാൻ' എന്ന ഗ്രന്ഥത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഒരു വിഭാഗം പണ്ഡിതൻമാർ അവയെ മുതവാതിറുകളായ ഹദീസുകൾ എന്നാണ് പരിചയപ്പെടുത്തിയിട്ടുള്ളത്... അറിയുക, മതപരമായ നിയമങ്ങളും പ്രവാചക സമ്പ്രദായങ്ങളും വിശദീകരിക്കാൻ നമ്മുടെ പണ്ഡിതൻമാർ ആധികാരികമായി അവലംബിക്കുന്ന കൃതികളിലാണ് പ്രസ്തുത റിപ്പോർട്ടുകൾ മുഴുവൻ പ്രസ്തിവിക്കപ്പെട്ടിട്ടുള്ളത്.'' (ഫസ്സ്ലുൽ ഖിത്വാബ്, പേ. 227)

അതിനാൽ, ചർച്ചാ വിഷയവുമായി ബന്ധപ്പെട്ട ഈ അനേകം നിവേദനങ്ങളെ നിഷേധിക്കാൻ ശീഇകൾക്ക് സാധ്യമല്ല. അങ്ങനെയവർ നിഷേധിക്കുന്നുവെങ്കിൽ, അലി(റ)യുടേയും അദ്ദേഹത്തിന്റെ സന്താനങ്ങളുടേയും ഇമാമത്ത്, ഖിലാഫത്ത് തുടങ്ങിയ വിഷയങ്ങളിൽ പറയപ്പെട്ടിട്ടുള്ള നിവേദനങ്ങളെ മുഴുവൻ അവർക്ക് നിഷേധിക്കേണ്ടിവരും. കാരണം 'ക്വുർആനിലെ തിരിമറി' വിഷയവുമായി ബന്ധപ്പെട്ടുദ്ധരിക്കപ്പെട്ട റിപ്പോർട്ടുകളുടെ അത്രപോലും വരില്ല പ്രസ്തുത വിഷയങ്ങളിൽ വന്നിട്ടുള്ള റിപ്പോർട്ടുകൾ.

ഇക്കാരണം കൊണ്ടു തന്നെ ഞങ്ങൾ നിലവിലുള്ള ക്വുർആനിൽ വിശ്വാസിക്കുന്നു എന്ന ശീഇകളുടെ വാദം തനി വ്യാജമാണ്.

രണ്ട്: സ്വന്തം ഇമാമുകളുടെ വാക്കുകളേയും വീക്ഷണങ്ങളേയും ആസ്പദിച്ചാണ് ശീഇ മദ്ഹബ് നിലകൊള്ളുന്നത്. ജനങ്ങളുടെ കൈകളിൽ നിലവിലുള്ള ക്വുർആനിനെ സമ്പൂർണ്ണ ക്വുർആനായി, സംരക്ഷിത ക്വുർആനായി പ്രസ്തുത ഇമാമുകൾ വിശ്വസിക്കുന്നില്ല എന്നതിന് അവരുടെ തന്നെ വാക്കുകളെ മുമ്പ് നാം ഉദ്ധരിച്ചിട്ടുണ്ട്. അതിന് അപവാദം നേരെ പറയപ്പെട്ട നാലു പേർ മാത്രമാണ്. അവരാകട്ടെ തങ്ങളുടെ വാദങ്ങൾ സ്ഥാപിക്കാൻ, പാപസുരക്ഷിതരായി വിശ്വസിക്കപ്പെടുന്ന ഇമാമുകളിൽ നിന്ന് ചെറിയൊരു തെളിവു പോലും ഉദ്ധരിച്ചിട്ടില്ല. എന്നാൽ ക്വുർആനിലെ പ്രമാദവാദികൾ അതിനെ സ്ഥാപിക്കാൻ തങ്ങളുടെ പന്ത്രണ്ട് ഇമാമുകളിൽ നിന്നും യോഗ്യമായ, സ്ഥിരീകൃതമായ നിവേദനങ്ങളെ രേഖകളായി സമർപ്പിച്ചിട്ടുണ്ട്. ആകയാൽ നിലവിലുള്ള ക്വുർആൻ തിരുത്തപ്പെട്ടുവെന്ന് വാദിക്കുന്നവരല്ല ശീഇകൾ എന്ന് ആരെങ്കിലും വാദിക്കുന്നുവെങ്കിൽ അത് വെറും കാപട്യം മാത്രമാണ്.

മൂന്ന്: ക്വുർആനിൽ കൈകടത്തൽ നടന്നിട്ടില്ലെന്ന് പ്രഖ്യാപിച്ച നാലുപേരിൽ ഒരാൾ പോലും തങ്ങൾ 'പാപസുരക്ഷിതർ' എന്ന് വിശ്വസിക്കുന്ന പന്ത്രണ്ട് ഇമാമുകളുടേയും കാലത്ത് ജീവിച്ചവരല്ല. എന്നാൽ ക്വുർആനിൽ തിരുത്തുണ്ടെന്ന് വാദിക്കുകയും വിശ്വസിക്കുകയും ചെയ്യുന്ന അവരുടെ മുൻഗാമികളായ പണ്ഡിതൻമാർ, തങ്ങളുടെ ഇമാമുകളുടെ കാലത്ത് ജീവിച്ചവരും, അവരോടൊപ്പം സഹവസിച്ചവരും, അവർക്കു പിറകിൽ നിന്ന് നമസ്കരിച്ചവരും, അവരിൽ നിന്ന് നേർക്കു നേരെ വിജ്ഞാനങ്ങൾ കരസ്ഥമാക്കിയവരും, അവരോട് നേരിട്ട് സംസാരിച്ചവരുമാണ്. അതു കൊണ്ടു തന്നെ ക്വുർആനിൽ തിരുത്തു സംഭവിച്ചിട്ടില്ലെന്ന് പറയുന്ന നാൽവരേക്കാൾ നമുക്ക് പരിഗണിക്കാവുന്നത് അവരുടെ പൂർവികരെത്തന്നെയാണ്. അങ്ങനെ വരുമ്പോൾ മുസ്ലിം ലോകമൊന്നടകം കൈമുതലാക്കിയ ക്വുർആനിനെ ശീഇകൾ അംഗീകരിക്കുന്നുണ്ട് എന്ന് പറയുന്നത് വിശ്വാസ്യമല്ല.

നാല്: ക്വുർആനിലെ പ്രമാദ വിഷയം സ്ഥിരീകരിക്കുന്ന റിപ്പോർട്ടുകൾ രേഖപ്പെടുത്തിയ മുഴുവൻ ഗ്രന്ഥങ്ങളും ശീഈകൾ സർവാംഗീകൃതമായി അവലംബിക്കുന്ന കൃതികളാണ്. അവയിൽ ചിലത് തങ്ങളുടെ ഇമാമുകളുടെ ശ്രദ്ധക്ക് വിഷയീഭവിച്ചിട്ടുള്ളതും അവരുടെ തൃപ്തി നേടിക്കൊടുത്തിട്ടുള്ളതുമാണ്. കുലൈനിയുടെ 'അൽകാഫീ' എന്ന ഗ്രന്ഥവും അൽകുമ്മിയുടെ തഫ്സീറും അതിന് ഉദാഹരണങ്ങളാണ്.

അഞ്ച്: മേൽ പ്രസ്താവിക്കപ്പെട്ട നാൽവർ, തങ്ങളുടെ ഗ്രന്ഥങ്ങളിൽ തന്നെ, ക്വുർആനിൽ തിരുത്തു നടന്നിട്ടുണ്ടെന്ന് വ്യക്തമാക്കുന്ന ഹദീസുകൾ ഇമാമുകളിൽ നിന്നും ഉദ്ധരിച്ചിട്ടുണ്ട്. അവിടങ്ങിലൊന്നും തന്നെ ആ ഹദീസുകളുടെ സ്വീകാര്യതയെ തള്ളിപ്പറയുകയൊ, അതിൻെറ നിവേദകരെ അസ്വീകാര്യരായി പ്രഖ്യാപിക്കുകയൊ ചെയ്തിട്ടില്ല.

ഉദാഹരണമായി, 'ക്വുർആനിൽ തിരുത്തു നടന്നിട്ടുണ്ടെന്ന വാദം ഞങ്ങളിൽ ആരോപിക്കുന്നവൻ നുണയനാണ്' എന്ന് പ്രസ്താവിച്ച ഇബ്നു ബാബവയ്ഹി അൽ ക്വുമ്മി, തൻെറ 'അൽഖിസ്വാൽ' എന്ന ഗ്രന്ഥത്തിൽ മുഴുവൻ നിവേദക പരമ്പരയോടും കൂടി ഒരു ഹദീസ് ഉദ്ധരിച്ചിട്ടുണ്ട്. "ജാബിർ(റ) പറയുന്നു: നബി തിരുമേനി(സ്വ) ഇപ്രകാരം പറയുന്നത് ഞാൻ കേട്ടു: 'ക്വിയാമത്തു നാളിൽ മൂന്നു പേർ അല്ലാഹുവിനോട് ആവലാതി പറയും: ക്വുർആൻ, മസ്ജിദ്, നബി കുടുംബം എന്നിവയാണത്. മുസ്വ്ഹഫ് പറയും: എൻെറ രക്ഷിതാവേ, അവരെന്നെ അഗ്നിക്കിരയാക്കി, അവരെന്നെ വലിച്ചു കീറി. (ഹദീസ്") (അൽ ഖിസ്വാൽ, ഇബ്നു ബാബവയ്ഹി അൽ ക്വുമ്മി, പേ. 83, ഇറാൻ, 1302 ഹി.)

ക്വുർആൻ തിരുത്തു വാദത്തെ ശക്തമായെതിർക്കുന്ന അബൂ അലി അത്ത്വബ്റസിയും തൻെറ തഫ്സീറിൽ ക്വുർആൻ തിരുത്തു വാദത്തെ സ്ഥാപിക്കുന്ന ഹദീസുകൾ എടുത്തു കൊടുത്തിട്ടുണ്ട്. ഉദാഹരണമായി, സൂറത്തു ന്നിസാഇലെ 24ാമത്തെ ആയത്തിനെ വ്യാഖ്യാനിക്കവെ, പ്രസ്തുത ആയത്തിൽ إلى أجل مّسمى എന്ന ഭാഗം നഷ്ടപ്പെട്ടു പോയിട്ടുണ്ട് എന്ന് സ്ഥാപിക്കാൻ ഒരു റിപ്പോർട്ട് എടുത്തദ്ധരിച്ചിട്ടുണ്ട്. "ഉബയ്യ്ബ്ൻ കഅബ്, അബ്ദുല്ലാഹിബ്നു അബ്ബാസ്, അബ്ദുല്ലാഹിബ്നു മസ്ഊദ് തുടങ്ങിയ സ്വഹാബികൾ ഈ വചനത്തെ ഓതിയിരുന്നത്, فما استمتعتم به منهن إلى أجل مّسمى فآتوهن أجورهن എന്നാണ്. ഈ വചനം 'മുത്അ വിവാഹ'ത്തെയാണ് ഉദ്ദേശിക്കുന്നത് എന്നത്രെ ഇതിൻെറ താത്പര്യം." (മജ്മഉൽ ബയാൻ, അത്ത്വബ്റസി, വാ. 3, പേ. 32, ടഹ്റാൻ, 1374 ഹി.)

ഇതുപോലുള്ള രേഖകൾ മുഴുവൻ തെളിയിക്കുന്നത് ശീഈ പണ്ഡിതരിൽ ചിലരുടെ നിഷേധക്കുറിപ്പ് സത്യസന്ധമല്ലെന്നും, മുസ്ലിം ജനതയെ വഞ്ചിക്കാനുള്ള അവരുടെ തക്വിയ്യയുടെ, കാപട്യത്തിന്റെ ഭാഗമാണെന്നുമാണ്. കളവു പറയുക എന്ന 'തക്വിയ്യ'യെ തങ്ങളുടെ മതത്തിന്റെ അടിസ്ഥാന ശിലയായി വിശ്വസിക്കുന്നവരാണ് ശീഇകൾ. ഇബ്നു ബാബവയ്ഹി അൽക്വുമ്മി തന്റെ 'ഇഅ്തിക്വാദാ'ത്തിൽ അത് വ്യക്തമാക്കിയിട്ടുണ്ട്. ''തക്വിയ്യ വാജിബാണ്. അതിനെ ഉപേക്ഷിക്കുന്നവൻ നമസ്കാരം ഉപേക്ഷിക്കുന്നവന് തുല്യമാണ്... 'അവതാര പുരുഷൻ' വരുവോളം ഒരാളും അതിനെ കയ്യൊഴിച്ചു കൂടാ. അദ്ദേഹത്തിന്റെ വരവിനു മുമ്പ് തക്വിയ്യയെ ഉപേക്ഷിക്കുന്നവൻ മതഭ്രഷ്ടനാണ്. ഇമാമിയ്യ ദീനിൽ നിന്നും പുറത്തു പോയവനാണ്. അല്ലാഹുവിനേയും, റസൂലിനേയും, ഇമാമുകളേയും ധിക്കരിച്ചവനാണ്. സ്വാദിക്വി(അ)നോട് ഒരാൾ ചോദിച്ചു: 'അല്ലാഹുവികൽ നിങ്ങളിൽ ഏറ്റവും ആദരണീയൻ നിങ്ങളിലെ 'അത്ക്വ' ആയവനാണ്.' എന്ന ക്വുർആനിക വചനത്തിന്റെ താത്പര്യമെന്താണ്?' അദ്ദേഹം പറഞ്ഞു: നിങ്ങളിൽ 'തക്വിയ്യ' പ്രകാരം കൂടുതൽ പ്രവർത്തിക്കുന്നവരാണ്.' (അൽ ഇഅ്തിക്വാദാത്ത്, അധ്യായം: തക്വിയ്യ, ഇറാൻ, 1274 ഹി)

ആറ്: ഈ നാലു പേരുടെ വാദമാണ് അംഗീകരിക്കുന്നത് എങ്കിൽ, യഥാർഥ ക്വുർആൻ അലിയാണ് ക്രോഡീകരിച്ചിട്ടുള്ളതെന്നും, അത് സ്വഹാബികൾക്ക് കാണിച്ചു കൊടുക്കുകയുണ്ടായെന്നും, 'ഇതിനെ ഞങ്ങൾക്കാവശ്യമില്ല' എന്നു പറഞ്ഞ് അതിനെയവർ തിരസ്കരിച്ചുവെന്നും, 'ഈ ക്വുർആനിനെ അവതാര പുരുഷൻ' വരുമ്പോഴേ ഇനി നിങ്ങൾക്ക് കാണാനാകൂ എന്ന് അലി(റ) പ്രതികരിച്ചു എന്നും വിശദീകരിക്കുന്ന നീണ്ട നിവേദനത്തിന് യാതൊരടിസ്ഥാനവുമില്ലാതായിത്തീരും. ജാബിർ(റ), അബൂ ജഅ്ഫറി(അ)ൽ നിന്ന് ഉദ്ധരിച്ച, ''പ്രവാചകന്റെ വസ്വിയ്യുകളല്ലാത്ത വേറൊരാൾക്കും ക്വുർആൻ മുഴുവനും തന്റെ കൈവശമുണ്ടെന്ന് അവകാശപ്പെടാൻ അർഹതയില്ല'' (അൽകാഫീ, കിതാബുൽ ഹുജ്ജ, വാ. 1, പേ. 228) എന്ന ഹദീസും ദുർബ്ബലമാക്കപ്പെടും.

മാത്രമല്ല, സ്വഹാബികൾ വിശിഷ്യാ ആദ്യ മൂന്ന് ഖലീഫമാർ, ക്വുർആനിൽ അതിലില്ലാത്തതു കടത്തിക്കൂട്ടിയെന്നും, അതിലുള്ള പലതും എടുത്തു കളഞ്ഞുവെന്നുമുള്ള ശീഈകളുടെ വ്യാജാരോപണങ്ങൾ മുഴുവൻ തകർന്നടിയുന്നതാണ്. ക്വുർആൻ ക്രോഡീകരിക്കുകയും, അല്ലാഹുവിന്റെ അനുഗ്രഹത്താൽ അതിന്റെ സംരക്ഷണത്തിന് ഹേതുവാകുകയും ചെയ്ത സ്വഹാബത്തിന്റെ ശ്രമങ്ങളെയും ശ്രേഷ്ഠതകളേയും അംഗീകരിക്കാൻ ശീഇകൾ നിർബന്ധിതരാവുകയും ചെയ്യുന്നതാണ്.

പന്ത്രണ്ടു ഇമാമുകളിലൂടെ നിവേദനം ചെയ്യപ്പെടാത്ത ഒരു ഹദീസും അംഗീകരിക്കാവതല്ലെന്നും, അവരിലൂടെയുള്ളതല്ലാത്ത ഒരു വിശ്വാസവും സ്വീകരിക്കാവതല്ലെന്നുമുള്ള വാദവും ഇതോടെ തകരുകയാണ് ചെയ്യുക. കാരണം ഇന്ന് ലോകത്ത് നിലനിൽക്കുന്ന, ഞങ്ങളും അംഗീകരിക്കുവെന്ന് അവകാശപ്പെടുന്ന ക്വുർആൻ മൂന്നാം ഖലീഫ ഉസ്മാനി(റ)ലൂടെ ലഭ്യമായതാണ്.

ഇക്കാരണങ്ങൾ കൊണ്ടൊക്കെത്തന്നെ, ക്വുർആനിൽ കൈകടത്തൽ നടന്നിട്ടില്ലെന്ന് വാദിക്കുന്ന പ്രസ്തുത നാലുപേരെ അംഗീകരിക്കാൻ മുൻകാലക്കാരോ പിൽകാലക്കാരോ ആയ ശീഈ പണ്ഡിതൻമാർ തയ്യാറായിട്ടില്ല. എന്നല്ല, അവരുടെ നിശിതമായ നിരൂപണത്തിന് ഈ നാലുപേർ വിധേയമായിട്ടുണ്ട് താനും. മുഹ്സീനുൽ കാഷി എന്ന ശീഈ മുഫസ്സിർ തന്റെ 'അസ്സ്വഫി' എന്ന തഫ്സീറിൽ, സയ്യിദ് അൽ മുർതദ്വയുടെ വാദങ്ങളുദ്ധരിച്ച് കൊണ്ട് പറയുന്നു:

''ക്വുർആൻ വിശ്വാസികളിലൂടെ സുരക്ഷിതമായി ലഭ്യമായിട്ടുണ്ടെന്നതിന് ധാരാളം തെളിവുകളുണ്ടെന്ന് വാദിക്കുന്ന പക്ഷം, അവരോട് പറയാനുള്ളത്, വിലായത്തിലും വിസ്വായത്തിലും തിരുത്തു വരുത്തിയ മുനാഫിക്വുകളാൽ ക്വുർആൻ കൈകടത്തലിന് വിധേയമായിട്ടുണ്ടെന്ന് വ്യക്തമാക്കുന്ന അത്രതന്നെ തെളിവുകളും നിരവധിയുണ്ട് എന്നാണ്. അവ ഇക്കൂട്ടരുടെ വാദങ്ങൾക്കുള്ള ഖണ്ഡനവുമാണ്... ഇന്ന് കാണുന്നതു പോലുള്ള ക്വുർആൻ പ്രവാചക കാലത്ത് ക്രോഡീകൃതമായിരുന്നു എന്ന വാദം സ്ഥിരീകരണമുള്ളതല്ല. ഘട്ടംഘട്ടമായി അവതരിച്ച ആ ഗ്രന്ഥം അദ്ദേഹത്തിന്റെ ആയുസ് പൂർണ്ണമാകുന്നതോടെയല്ലെ പൂർത്തീകരിക്കപ്പെടുക.'' (തഫ്സീർ അസ്സ്വഫി, മുഖദ്ദിമ, വാ. 1, പേ. 14)

സയ്യിദ് അൽ മുർതദ്വയുടെ വാദത്തെ ഇന്ത്യൻ ശീഈ പണ്ഡിതൻ ഖണ്ഡിക്കുന്നത് വായിക്കുക: "സത്യത്തെയാണ് ആത്യന്തികമായി പിന്തുടരേണ്ടതുള്ളൂ. സയ്യിദ് ഇൽമുൽ ഹുദ (അൽമുർതദ്വ) നിർബന്ധമായും അനുസരിക്കപ്പെടേണ്ട മഅ്സൂമൊന്നുമല്ല. ക്വുർആനിൽ പ്രമാദമില്ലെന്ന അദ്ദേഹത്തിന്റെ വാദം സ്ഥിരീകരിക്കപ്പെട്ടാൽ പോലും അദ്ദേഹത്തെ നിരുപാധികം അംഗീകരിക്കേണ്ട ആവശ്യം നമുക്കില്ല. അതിൽ നന്മയൊട്ടില്ലതാനും." (ദ്വർബത്തുൻ ഹൈദരിയ്യ, വാ. 2, പേ. 81, ഇന്ത്യ)

ഏഴ്: നാം പറഞ്ഞുവരുന്നത്, ക്വുർആനിനെ സംബന്ധിച്ച ശീഇകളുടെ വിശ്വാസത്തിന് വിരുദ്ധമായി ഈ നാൽവർ പ്രസ്താവിച്ചത് ആത്മാർത്ഥതയോടെയല്ലെന്നും, മറ്റെന്തൊ താത്പര്യത്തിനു വേണ്ടിയായിരുന്നു എന്നുമാണ്. അതിനുള്ള രേഖകളാണ് നാമുദ്ധരിച്ചു കൊണ്ടിരിക്കുന്നത്.

'ശീഇകളേ, ഏതൊന്നിലേക്കാണ് നിങ്ങൾ ജനങ്ങളെ ക്ഷണിക്കുന്നത്? നിങ്ങളുടെ കൈവശമില്ലാത്ത ഒന്നിലേക്കോ?' എന്ന ഇസ്‌ലാമിക ശത്രുക്കളുടെ ചോദ്യത്തെ നേരിടാൻ, 'എവിടെപ്പോയി നിങ്ങളുദ്ധരിക്കാറുള്ള ആ 'രണ്ടു ഭാരങ്ങ'ളുടെ (ക്വുർആനും, അഹ്‌ലുൽ ബൈത്തും) ഹദീസ്? പ്രവാചകൻ ഏൽപ്പിച്ചു പോയ ആ രണ്ടു കാര്യങ്ങളിൽ ആദ്യത്തേതു തന്നെ നിലവിലില്ലെങ്കിൽ പിന്നെ നിങ്ങളേത് ഇസ്‌ലാമിനെയാണ് പ്രബോധനം ചെയ്യുന്നത്?' എന്ന അഹ്‌ലുസ്സുന്നത്തിന്റെ നിരന്തരമായ ആക്ഷേപത്തിന് തടയിടാൻ കോപ്പില്ലാതെ വന്നപ്പോൾ, ഇവർ സ്വീകരിച്ച ഒരു തന്ത്രം മാത്രമാണ്, 'നിലവിലുള്ള ക്വുർആൻ സംരക്ഷിതമാണെന്ന് ഞങ്ങൾ അംഗീകരിക്കുന്നു' എന്ന പ്രഖ്യാപനം.

പക്ഷെ, അവർക്ക് രക്ഷപ്പെടാനായിട്ടില്ല. അതെ, ഇവർ രഹസ്യമായി വെച്ചു പുലർത്തുന്ന വിശ്വാസം ശീഇകൾക്കിടയിൽ സർവ്വാംഗീകൃതമായ വിശ്വാസം തന്നെയാണ്. അങ്ങനെയല്ലെങ്കിൽ ശീഈ മദ്ഹബെന്ന ഈ കോമഡി വൃത്തത്തിൽ അവർക്ക് നിലനിൽപുണ്ടാകുമായിരുന്നില്ല. 'ക്വുർആനിലെ തിരിമറി' എന്ന പ്രശ്നത്തിൽ നിന്നും തലയൂരാൻ ഈ നാൽവരുടെ പച്ചയായ വാദങ്ങളെ ശീഈകൾ ദുർവ്യാഖ്യാനം നടത്തി വിശദീകരിച്ചിട്ടുണ്ട്. ദൈവിക വചനങ്ങളെപ്പോലും ബുദ്ധിക്കൊ പ്രമാണങ്ങൾക്കൊ നിരക്കാത്ത വിധം ദുർവ്യാഖാനങ്ങൾ നൽകുന്ന ഇവർക്കുണ്ടൊ, മാനുഷിക വചനങ്ങളെ ദുർവ്യാഖ്യാനം നടത്താൻ പ്രയാസം? ക്വുർആനിൽ മാറ്റത്തിരുത്തുകൾ സംഭവിച്ചിട്ടുണ്ടെന്ന വിശ്വാസം ശീഇകളുടെ ഏകോപിത വിശ്വാസമാണെന്ന് വ്യക്തമാക്കിയതിനു ശേഷം, സയ്യിദ് അൽ ജസാഇരി പറയുന്നത് കാണുക:

"ഈ വാദത്തോട് മുർതദ്വയും, സ്വദൂക്വും, ത്വബ്റസിയും വിയോജിപ്പ് പ്രകടിപ്പിച്ചിട്ടുണ്ടെന്നത് ശരിയാണ്. രണ്ട് ചട്ടകൾക്കുള്ളിൽ ഇന്ന് കാണുന്ന മുസ്ഹഫ് തന്നെയാണ് അല്ലാഹുവിൽ നിന്നും അവതീർണ്ണമായ ശരിയായ ക്വുർആനെന്നും അതിൽ യാതൊരു തിരുത്തും സംഭവിച്ചിട്ടില്ല എന്നും അവർ വിധി പറഞ്ഞിട്ടുണ്ട്... സത്യത്തിൽ ഈ അഭിപ്രായം അവരിൽ നിന്നുണ്ടായത് ചില അനുകൂല താത്പര്യങ്ങളെ മുൻനിർത്തിയാണ്. അഥവാ പ്രതിയോഗികളുടെ ആക്ഷേപത്തെ മറിക്കാൻ വേണ്ടി മാത്രം... എങ്കിൽ പ്രഗത്ഭരായ പണ്ഡിതൻമാർ അവരുടെ രചനകളിൽ, ക്വുർആനിൽ പലതും സംഭവിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുന്ന തിവായത്തുകൾ രേഖപ്പെടുത്തിയതെന്തിന്? അതിലെ പല ആയത്തുകളും ഉദ്ധരിച്ച്, 'ഈ ആയത്ത് ഇങ്ങനെയായിരുന്നു, ഇപ്പോഴിത് ഇങ്ങനെയായി തിരുത്തപ്പെട്ടിരിക്കുന്നു' എന്ന് വ്യക്തമാക്കിയത്?" (അൽ അൻവാർ, നിഅ്മത്തുല്ല അൽ ജസാഇരി)

'ശൈഖുത്ത്വാഇഫ' എന്ന അപരനാമത്തിലറിയപ്പെടുന്ന ശൈഖ് അത്ത്വൂസിയുടെ തഫ്സീറിനെ സംബന്ധിച്ച് ശീഇകൾ തന്നെ പറയുന്നത്: " 'അത്തിബ്‌യാൻ' എന്ന ഗ്രന്ഥത്തെ വിലയിരുത്തുന്ന ഒരാൾക്ക് മനസിലാകുന്ന വസ്തുത, അത് പ്രതിയോഗികളെ സുഖിപ്പിക്കാനും സോപ്പിടാനുമുള്ള മാർഗം സ്വീകരിച്ചിട്ടുണ്ട് എന്നാണ്.... ഈ ഗ്രന്ഥ രചനയുടെ ഉദ്ദേശ്യം, സയ്യിദ് അലി ബ്ൻ ത്വാവൂസ്, 'സഅ്ദു സ്സുഊദ്' എന്ന കൃതിയിൽ വ്യക്തമാക്കിയതു പോലെ 'തക്വിയ്യ'യുടെ ഭാഗമാകാനേ തരമുള്ളൂ." (ഫസ്ലുൽ ഖിത്വാബ്, നൂരി ത്വബ്റസി, പേ. 34)

എട്ട്: നടെ പറയപ്പെട്ട നാലു പേരുടെ വാദങ്ങളു ശീഇകളുടെ പാപസുരക്ഷിതരായ ഇമാമുകളൊ, പിൽകാലക്കാരായ പണ്ഡിതൻമാരൊ അംഗീകരിച്ചിട്ടില്ല. എന്നല്ല, പിൽകാലക്കാരിലെ പ്രമുഖരായ ശീഈ നേതാക്കൾ ക്വുർആനിൽ തിരിമറി നടന്നിട്ടില്ലെന്ന ഇവരുടെ വാദത്തെ നിശിതമായി വിമർശിച്ചിട്ടുണ്ട്.

'അൽകാഫി'യുടെ വ്യാഖ്യാതാവായ മുല്ലാ ഖലീൽ ക്വസ്വീനി (മരണം 1089ൽ), 'ക്വുർആനിൽ എഴുപതിനായിരം ആയത്തുകളുണ്ട്...' എന്ന ഹദീസ് വ്യഖ്യാനിച്ചു കൊണ്ട് പറഞ്ഞു: "സ്വഹീഹായ ഇത്തരം ഹദീസുകളിൽ നിന്ന് മനസിലാകുന്നത്, ക്വുർആനിൽ നിന്ന് ധാരാളം ആയത്തുകൾ ഒഴിവാക്കപ്പെട്ടിട്ടുണ്ട് എന്നാണ്. ആ വിഷയകമായി ഉദ്ധരിക്കപ്പെട്ട ഹദീസുകൾ നിഷേധിക്കാനാകാത്ത വിധം നിരവധിയാണ്.... മേൽപ്രസ്താവിക്കപ്പെട്ട ഇത്തരം ഹദീസുകളെ അവഗണിച്ചു കൊണ്ട്, നിലവിലുള്ള ക്വുർആൻ തന്നെയാണ് അല്ലാഹുവിൽ നിന്നും അവതീർണ്ണമായ യഥാർഥ ക്വുർആൻ എന്ന് പറയുക എളുപ്പമല്ല. അബൂബക്കറിൻേറയും, ഉമറിൻേറയും, ഉസ്മാനിൻേറയും പ്രവർത്തനം വിലയിരുത്തുമ്പോൾ, സ്വഹാബികളും മറ്റു മുസ്ലിംകളും ക്വുർആൻ ക്രോഡീകരണത്തിനും സംരക്ഷണത്തിനും ശ്രദ്ധകാട്ടിയിരുന്നുവെന്നത് ദുർബല രേഖയായിട്ടേ കണക്കാക്കാനാകൂ." (അസ്സ്വാഫീ ശറഹുൽ കാഫീ ഫിൽ ഉസ്വൂൽ, പേർഷ്യൻ പതിപ്പ്, വാ. 8. പേ. 75, ഇന്ത്യ)

അൽ കാഷി തൻെറ തഫ്സീറിൻെറ ആമുഖത്തിൽ പറയുന്നു: "അഹ്ലുൽ ബൈത്തിലെ അംഗങ്ങളിലൂടെ നിവേദനം ചെയ്യപ്പെട്ട ഹദീസുകൾ മുഴവനും വ്യക്തമാക്കുന്നത്, നമ്മുടെ മുമ്പിലുള്ള ഈ ക്വുർആൻ മുഹമ്മദ് നബി(സ്വ)ക്ക് അല്ലഹു അവതരിപ്പിച്ചു നൽകിയ യഥാർത്ഥ ക്വുർആനല്ലെന്നു തന്നെയാണ്. അതിൽ എത്രയോ തിരുത്തിനു വിധേയമായ ആയത്തുകളുണ്ട്. ഒരു പാട് സംഗതികൾ അതിൽ നിന്നും ഒഴിവാക്കപ്പെട്ടിട്ടുണ്ട്. പല ഭാഗങ്ങളിൽ പരാമർശിക്കപ്പെട്ടിരുന്ന അലിയുടെ നാമം, നബി കുടുംബത്തിൻെറ പേര് എന്നിവ അതിൽ നിന്നും എടുത്തു മാറ്റപ്പെട്ടവയാണ്. അതേ സമയം അവയുടെ സ്ഥാനങ്ങളിൽ മുനാഫിക്വുകളുടെ പേരുകൾ തിരുകിക്കയറ്റിയിട്ടുണ്ട്. അല്ലാഹു തൃപ്തിപ്പെടുന്ന രൂപത്തിലല്ല അതിൻെറ ക്രോഡീകരണവും." (മുഖദ്ദിമത്തു തഫ്സീറു സ്സ്വാഫി, പേ. 14)

അദ്ദേഹം തുടരുന്നു: "എന്നാൽ മുഹമ്മദ് ബ്ൻ യഅ്കൂബ് അൽ കുലൈനിയെപ്പോലുള്ള നമ്മുടെ മഹാൻമാരായ പണ്ഡിതൻമാരുടെ വിശ്വാസം ക്വുർആനിൽ ഏറ്റക്കുറവുകൾ സംഭവിച്ചിട്ടുണ്ടെന്നാണ്. അതിന്നുപോദ്ബലകമായ രിവായത്തുകൾ അദ്ദേഹം തൻെറ 'അൽകാഫി'യിൽ ഉദ്ധരിച്ചിട്ടുണ്ട്. ഒരാളും അതിൻെറ സ്വീകാര്യതയെ വിമർശിച്ചിട്ടില്ല. അദ്ദേഹത്തിൻെറ ഉസ്താദായ അലി ബ്ൻ ഇബ്റാഹീം അൽ ക്വുമ്മിയുടെ തഫ്സീറിലും, ശൈഖ് അഹ്മദ് ബ്ൻ അബുത്വാലിബ് അത്ത്വബ്റസിയുടെ ഗ്രന്ഥമായ 'അൽ ഇഹ്തിജാജി'ലും അത്തരം ഹദീസുകൾ സമൃദ്ധമായി ഉദ്ധരിക്കപ്പെട്ടിട്ടുണ്ട്." (മുഖദ്ദിമത്തു സ്സ്വാഫി, പേ. 14)

ശീഈ പണ്ഡിത പ്രമുഖനായ ശൈഖ് അൽ അർദബീലി പറയുന്നു: സൈദ് ബ്ൻ സാബിത് ക്രോഡീകരിച്ച മുസ്ഹഫ് സ്വീകരിക്കാനും, തൻെറ കൈവശമുള്ള ക്വുർആനിനെ കയ്യൊഴിക്കാനും വിസമ്മതം കാണിച്ച അബ്ദുല്ലാഹിബ്നു മസ്ഊദിനെ ഉസ്മാൻ കൊന്നു കളയുകയുണ്ടായി. തൻെറ എഴുത്തുകാരായിരുന്ന മർവാൻ ബ്ൻ ഹകമിനോടും സിയാദ് ബ്ൻ സംറയോടും അബ്ദുല്ലയുടെ ക്വുർആനിൽ നിന്ന്, അവർക്ക് യോജിക്കുന്നത് പകർത്തുവാനും യോജിക്കാത്തത് ഒഴിവാക്കുവാനും വേണ്ടി ഉസ്മാൻ കൽപന പുറപ്പെടുവിച്ചിരുന്നു. (ഹദീക്വത്തു ശീഅ, പേർഷ്യൻ പതിപ്പ്, അർദബീലി, പേ. 118, 119, ഇറാൻ)

ശീഈ മുജ്തഹിദുകളിൽ അന്തിമനായി പരിഗണിക്കപ്പെടുന്ന മുല്ലാ മുഹമ്മദ് ബാക്വിർ അൽ മജ്ലിസി പറയുന്നു: "അല്ലാഹു ക്വുർആനിൽ സൂറത്തുന്നൂറൈനി അവതരിപ്പിച്ചിരുന്നു. അതിങ്ങനെ:

بسم الله الرحمن الرحيم، يا أيها الذين آمنوا بالنورين أنزلناهما عليكم آياتي ويحذرانكم عذاب يوم عظيم، نوران بعضهما من بعض وأنا السميع العليم، الذين يوفون بعهد الله ورسوله في آيات لهم جنات النعيم، والذين كفروا من بعد آمنوا بنقضهم ميثاقهم وما عاهدهم الرسول عليه يقذفون في الجحيم، ظلموا أنفسهم وعصوا لوصي الرسول أولئك يسقون من حميم . . .

പക്ഷെ, ആ നീചൻമാർ ക്വുർആനിലെ ആയത്തുകൾ തോന്നിയതു പോലെ ഒഴിവാക്കുകയും തങ്ങൾക്കാവശ്യമുള്ളവ മാത്രം ഓതിവരികയും ചെയ്തു." (തദ്കിറത്തുൽ അഇമ്മ, മജ്ലിസി, പ്രൊ. നൂർബക്ഷ് തവക്കുലിയുടെ 'തുഹ്ഫത്തുശ്ശീഅ'യിൽ നിന്നും ഉദ്ധരണം, വാ. 1, പേ. 318, ലാഹോർ)

മീർസ മുഹമ്മദ, ബാക്വിർ മൂസവി എഴുതി: "അബ്ദുല്ലാഹിബ്നു മസ്ഊദിനോട് തൻെറ കയ്യിലുണ്ടായിരുന്ന ക്വുർആനിൽ മാറ്റത്തിരുത്തൽ നടത്താൻ ആവശ്യപ്പെട്ട് ഉസ്മാൻ ബ്ൻ അഫ്ഫാൻ അദ്ദേഹത്തെ മർദ്ദിക്കാറുണ്ടായിരുന്നു. അതേ പോലെ, യഥാർത്ഥ സുരക്ഷിത ക്വുർആൻ ഭൂമിയിൽ അവശേഷിക്കാത്തവിധം തന്നി

ഷ്ടത്തിൽ തനിക്കു വേണ്ടി അയാളൊരു ക്വുർആൻ കൃത്രിമമായി ഉണ്ടാക്കുകയുംചെയ്തു.'' (ബഹ്റുൽ ജവാഹിർ, അൽ മുസവി, പേ. 347, ഇറാൻ)

'മുർശിദുൽ അനാം' എന്ന പേരിലറിയപ്പെടുന്ന അൽ ഹാജ്ജ് കരീം ഖാൻ അൽ കിർമാനി തന്റെ ഗ്രന്ഥ ലെഴുതുന്നു: ''ഇമാം മഹ്ദി വന്നാൽ അദ്ദേഹം ക്വുർആൻ പാരായണം ചെയ്യും. എന്നിട്ട്, 'മുസ്ലിംകളേ, മുഹമ്മദ് നബി(സ്വ)ക്ക് അവതരിച്ച യഥാർത്ഥ ക്വുർആനാണ് ഇത്. ഇതിനെയാണ് മാറ്റത്തിരുത്തലുകൾക്ക് വിധേയമാക്കിയിരുന്നത്' എന്ന് പറയും.'' (ഇർശാദുൽ ഉവാം, പേർഷ്യൻ പതിപ്പ്, വാ. 3, പേ. 121, ഇറാൻ)

'ആയത്തുല്ല ഫിൽ ആലമീൻ' എന്ന പേരിലറിയപ്പെടുന്ന, ഇന്ത്യൻ ശീഈ പണ്ഡിതനായ സയ്യിദ് ദൽദാർ അലി പറയുന്നു: ''ക്വുർആനിൽ കൈകടത്തലുകൾ നടന്നിട്ടുണ്ടെന്നറിയിക്കുന്ന നിവേദനങ്ങൾ പരിചിന്തനത്തിന് വിധേയമാക്കുമ്പോൾ, നമ്മുടെ മുന്നിലുള്ള ഈ ക്വുർആനിൽ അക്ഷരങ്ങൾ കൂട്ടിച്ചേർത്തിട്ടുണ്ടെന്നും, പല പദങ്ങളും വെട്ടിച്ചുരുക്കിയിട്ടുണ്ടെന്നും, അതിന്റെ ക്രമീകരണത്തിൽ പോലും അപാകതകൾ സംഭവിച്ചിട്ടുണ്ടെന്നും മനസിലാക്കാനാകും. അതു കൊണ്ടു തന്നെ പ്രസ്തുത നിവേദനങ്ങളെ മുഴുവൻ സംശയരഹിതമായി അംഗീകരിക്കാനും സാധിക്കും.'' (ഇസ്തിക്വ്സ്വാഉൽ അഫ്ഹാം, വാ. 1, പേ. 11, ഇറാൻ)

മറ്റൊരു ശീഈയുടെ മൊഴി ഇങ്ങനെ: ''ക്വുർആനിന്റെ ക്രമീകരണം മൂന്നാം ഖലീഫയുടെ കൈകളാണ് നടന്നിട്ടുള്ളത്. അതിനാൽ ശീഇകൾക്ക് അത് തെളിവ് സ്വീകാര്യമല്ല.'' (ഉർബത്തുൻ ഹൈദരിയ്യ, പേർഷ്യൻ പതിപ്പ്, വാ. 2, പേ. 75, ഇന്ത്യ)

ക്വുർആനിലെ പ്രക്ഷിപ്തങ്ങളെ സ്ഥാപിക്കാൻ വേണ്ടി മാത്രം 'ഫസ്ലുൽ ഖിത്വാബ് ഫീ ഇസ്ബാത്തി തഹ്രീഫി കിതാബി റബ്ബിൽ അർബാബ്' എന്ന ഗ്രന്ഥം രചിച്ച മിർസാ അന്നൂരി അത്തബ്റസി അതിൽ ഒരിടത്തെഴുതി: ''സൂറത്തുൽ ഹിക്വ്ദ്, സൂറത്തുൽ ഖൽഅ്, സൂറത്തുൽ വിലായഃ പോലുള്ള അധ്യായങ്ങൾ (ക്വുർആനിൽ നിന്ന്) കുറഞ്ഞു പോയതിന് സാധ്യതയുണ്ട്.'' (ഫസ്ലുൽ ഖിത്വാബ്, പേ. 33, ഇറാൻ)

ചുരുക്കത്തിൽ, മുൻഗാമികളും പിൻഗാമികളുമായ, ചുരുക്കം ചിലരൊഴികെ, മുഴുവൻ ശീഈ പണ്ഡിതൻമാരും ഐക്യകണ്ഠേന അംഗീകരിക്കുന്ന വസ്തുതയത്രെ ക്വുർആനിൽ പ്രക്ഷിപ്തങ്ങൾ സംഭവിച്ചിട്ടുണ്ട് എന്നത്. 'പാപസുരക്ഷിത'രായ ഇമാമുകളാൽ ആ സംഗതി സ്ഥാപിക്കപ്പെട്ടിട്ടുണ്ടെന്നുമാണ് അവരുടെ വിശ്വാസം. സയ്യിദ് അൽ ജസാഇരി, ക്വുർആനിന്റെ വ്യത്യസ്ത പാരായണ രീതികളെ വിശദീകരിക്കവെ അക്കാര്യം വ്യക്തമാക്കുന്നതു കാണുക: ''മൂന്ന്, ഇലാഹീ വഹ്യിനെ സംബന്ധിച്ച മുതവാതിറായ ഹദീസുകളും, ജിബ്രീൽ(അ) കൊണ്ടുനൽകിയ പൂർണ്ണഗ്രന്ഥവും നിലനിൽക്കുന്നുവെന്നത്, ക്വുർആനിൽ കൈകടത്തലുകൾ നടന്നിട്ടുണ്ടെന്ന് വ്യക്തമാക്കുന്ന നിവേദനങ്ങളെ തള്ളിക്കളയുന്നതിലേക്ക് നയിക്കുന്നുണ്ട്. എന്നാൽ നമ്മുടെ പണ്ഡിതൻമാർ പ്രസ്തുത രിവായത്തുകളുടെ സ്വീകാര്യതയെ ഏകകണ്ഠം അംഗീകരിക്കുകയും അവയെ ആധികാരികമായി പ്രഖ്യാപിക്കുകയും ചെയ്തിട്ടുണ്ട്.'' (അൽ അൻവാറുന്നുഅ്മാനിയ്യ, സയ്യിദ് അൽ ജസാഇരി)

സംഗതികൾ ഇത്രയും വ്യക്തമായിരിക്കെ, 'ശീഇകൾ വിശുദ്ധ ക്വുർആനിൽ വിശ്വസിക്കുന്നവരാണെന്നും, അതിൽ യാതൊരു മാറ്റത്തിരുത്തും സംഭവിച്ചിട്ടില്ലെന്ന് വാദിക്കുന്നവരാണെന്നും' പറയാൻ ഇനി ആർക്കാണ് സാധിക്കുക? 'അത് അവരിൽ നിന്നുള്ള ദുർബലവും അതേ സമയം ശുഷ്കവുമായ റിപ്പോർട്ടുകളാണ്, അഹ്ലുസ്സുന്നയിലും അത്തരം അപവാദങ്ങൾ കാണില്ലെ?' എന്ന് ഒഴുവുകഴിവു പറയുന്നവർക്ക് ഇക്കാര്യത്തിൽ ഇനിയും ന്യായീകരണങ്ങളുണ്ടാകുമൊ?

ചില നിവേദനങ്ങളിലെ നിസാരമായ മസ്അല മാത്രമാണൊ ഇത്? അതല്ല ഗൗരവതരമായ ഇഅ്തിക്വാദീ (വിശ്വാസപരമായ) പ്രശ്നമൊ? നിവേദനങ്ങളിലെ നിസാരമായ പ്രശ്മാണ് ഇതെങ്കിൽ, ക്വുർആനിൽ പ്രക്ഷിപ്തങ്ങളുണ്ടായിട്ടുണ്ടെന്നും അതിൽ വ്യാപകമായ സ്ഖലിതങ്ങൾ സംഭവിച്ചിട്ടുണ്ടെന്നുമുള്ള ഇമാമുകളുടെയും, ശീഈകളിലെ തലമുതിർന്ന പണ്ഡിതൻമാരുടേയും ഖണ്ഡിതമായ പ്രഖ്യാപനങ്ങൾ രേഖപ്പെടുത്തപ്പെട്ടതെന്തു കൊണ്ട്? മുസ്ലിം സാമാന്യത്തെ പറ്റിക്കാൻ, കാപട്യത്തോടെയാണെങ്കിലും ക്വുർആനിൽ തിരുത്തുണ്ടായിട്ടില്ലെന്ന് വാദിച്ചവർക്കെതിരിൽ പ്രതികരണങ്ങളും വിമർശനങ്ങളും വിരചിതമായതെന്തു കൊണ്ട്? സത്യത്തിൽ ഇവ്വിഷയകമായി ഉദ്ധരിക്കപ്പെടുന്ന രിവായത്തുകൾ ശീഇകളെ

സംബന്ധിച്ചിടത്തോളം കേവലം അംഗുലീപരിമിതമോ, ദുർബലമോ അല്ല. മറിച്ച്, അവ ആയിരത്തിധികം വരുമെന്നും മുതവാതിറായ ഹദീസുകളുടെ പരിഗണന അവയ്ക്കുണ്ടെന്നുമാണ് അവരുടെ വാദം.

## ഖുർആനും അഹ്ലുസ്സുന്നയും

നടെ പറഞ്ഞതു പോലെ, അഹ്ലുസ്സുന്നക്കരികിലും ഇത്തരം നിവേദനങ്ങളുണ്ട് എന്ന പ്രസ്താവന തീർത്തും കളവു മാത്രമാണ്. പ്രവാചക തിരുമേനി (സ്വ) മരണപ്പെടുന്ന സമയത്ത് നമ്മെ ഏൽപ്പിച്ചു പോയ ക്വുർആനിൽ, ശേഷം കൂട്ടിച്ചേർക്കലും വെട്ടിക്കുറക്കലും നടന്നിട്ടുണ്ട് എന്ന് ദ്യോതിപ്പിക്കുന്ന ഒരൊറ്റ ഹദീസും അഹ്ലുസ്സുന്ന അംഗീകരിക്കുന്ന ആധികാരിക ഗ്രന്ഥങ്ങളിലൊന്നിലും സ്വീകാര്യയോഗ്യമായ നിലയിൽ ഉദ്ധരിക്കപ്പെട്ടിട്ടില്ല. മാത്രമല്ല, ക്വുർആനിനെ സംബന്ധിച്ച് അത്തരം വിശ്വാസം വെച്ചു പുലർത്തുന്നവൻ അവക്രമായ ഇസ്ലാമിക സരണിയിൽ നിന്ന് വ്യതിചലിച്ചവരാണെന്ന് ജ്ഞാനലബ്ധരായ മുസ്ലിം പണ്ഡിതൻമാരൊന്നടകം പ്രഖ്യാപിച്ചിട്ടുള്ളതുമാണ്. പ്രസ്തുത നികൃഷ്ട വാദത്തിന്റെ ആളുകൾ ശീഇകളാണെന്ന് അവർ വ്യക്തമാക്കിയിട്ടുമുണ്ട്.

ഇമാം ഇബ്നു ഹസം(റ) 'അൽ ഫസ്ലു ഫിൽ മിലലി വന്നിഹൽ' എന്ന വിശ്രുത ഗ്രന്ഥത്തിൽ പറയുന്നു: "പൗരാണികരും ആധുനികരുമായ മുഴുവൻ ഇമാമിയ്യ വിശ്വാസികളുടെയും വാദമാണ്, ക്വുർആൻ അതിലില്ലാത്ത് കൂട്ടിച്ചേർത്തും അതിലുള്ളത് വെട്ടിക്കുറച്ചും വികൃതമാക്കപ്പെട്ടിട്ടുണ്ട് എന്നത്... രണ്ട് ചട്ടകൾക്കുള്ളിലുള്ള മുസ്ഹഫിൽ തിരുത്തു സംഭവിച്ചിട്ടുണ്ട് എന്ന വാദം തികഞ്ഞ കുഫ്റാണ്, പ്രവാചകനെ കളവാക്കലാണത്." (അൽ ഫസ്ലു ഫിൽ മിലലി വന്നിഹൽ, ഇമാം ഇബ്നു ഹസം, വാ. 4, പേ. 182, ബഗ്ദാദ്)

ക്വുർആൻ തിരുത്തപ്പെട്ടിട്ടുണ്ടെന്ന ശീഈ വാദത്തെ ഖണ്ഡിച്ചു കൊണ്ട് ഇമാം ഇബ്നു ഹസം(റ) വീണ്ടുമെഴുതുന്നു: "അറിയുക, വിശ്രുത ജാഹിലീ കവികളായിരുന്ന നാബിഗഃയുടേയൊ, സുഹൈറിൻേറയൊ കവിതകളിൽ ഒരു വരി കൂട്ടിച്ചേർക്കാൻ, അല്ലെങ്കിൽ വെട്ടിച്ചുരുക്കാൻ ഒരാൾ ശ്രമിക്കുന്നുവെങ്കിൽ അവൻ പൊതുജന സമക്ഷം പരിഹാസ്യനാകും എന്നല്ലാതെ അവനതിന് സാധ്യമാവുകയില്ല. കാരണം, അവരുടെ സ്ഥിരപ്പെട്ട കവിതാ പ്രതികൾക്ക് അത് വിരുദ്ധമാകും എന്നതു തന്നെ. അപ്പോൾ അന്തലോഷ്യയുടെ അങ്ങേയറ്റത്തു നിന്ന് തുടങ്ങി, ബാർബേറിയൻ രാജ്യങ്ങളും, സുഡാൻ പ്രദേശങ്ങളും കടന്ന് സിന്ധിന്റെ ഇങ്ങേയറ്റം കാബൂൾ, ഖുറാസാൻ, തുർക്കി, ഇന്ത്യൻ പ്രദേശങ്ങളിൽവരെ, മുസ്ഹഫുകളിൽ നിറഞ്ഞു നിൽക്കുന്ന ക്വുർആനിൽ തിരുത്തുകൾ നടക്കുക എന്നത് സംഭവ്യമൊ?... ഉമറിന്റെ കാലത്ത് ഈജിപ്ത്, ഇറാഖ്, ശാം, യമൻ തുടങ്ങിയ നാടുകളിൽ നില നിന്ന ക്വുർആനിൽ?! ഉസ്മാനി(റ)ന്റെ ഭരണകാലത്ത് നാട്ടു വിജയങ്ങൾ കൂടുകയും ഭരണപ്രദേശം വിശാലമാവുകയും ചെയ്തതോടെ വ്യാപകമായിത്തീർന്ന ക്വുർആനിൽ?! അതെ, മുസ്ലിംകളുടെ കൈയ്യിലുണ്ടായിരുന്ന മുസ്ഹഫുകളുടെ എണ്ണമെടുക്കാൻ തുനിയുന്നവന് അതിന് സാധ്യമല്ല തന്നെ." (അൽ ഫസ്ലു ഫിൽ മിലലി വന്നിഹൽ, വാ. 2, പേ. 80)

'കിതാബുൽ അഹ്കാം' എന്ന ഗ്രന്ഥത്തിൽ അദ്ദേഹം തന്നെ എഴുതി: "അല്ലാഹു നമ്മെ ഏൽപ്പിച്ച, അംഗീകരിക്കാനും, കർമ്മങ്ങൾക്ക് ആധാരമാക്കുവാനും നമ്മോട് നിർദ്ദേശിച്ച, മുസ്ഹഫുകളിൽ വിരചിതമായ ഗ്രന്ഥം തന്നെയാണെന്ന് വിശ്വസ്തരായ വ്യക്തിത്വങ്ങളാൽ നിവേദനം ചെയ്യപ്പെട്ട, ലോകം മുഴുവനും കീർത്തികേട്ട് നിറഞ്ഞു നിൽക്കുന്ന ക്വുർആൻ, സുവ്യക്തമായ രേഖകളിലൂടെ സ്ഥാപിതമായ സ്ഥിതിക്ക് നാമതിന് കീഴ്പ്പെട്ടേ മതിയാകൂ. ഇതാണ് അടിസ്ഥാന ആധാരം. എന്തു കൊണ്ടെന്നാൽ ക്വുർആൻ പറയുന്നു: "ഗ്രന്ഥത്തിൽ നാം യാതൊന്നും വീഴ്ചവരുത്തിയിട്ടില്ല." (അൻആം: 38) (അൽഅഹ്കാം ഫീ ഉസ്വൂലിൽ അഹ്കാം, ഹാഫിള് ഇബ്നു ഹസം, വാ. 1, പേ. 95, ഈജിപ്ത്)

വിശ്രുത ശാഫിഈ നിദാനശാസ്ത്രജ്ഞനെഴുതുന്നു: "പ്രഥമ ഗ്രന്ഥമായ ക്വുർആൻ, അത് മുസ്ഹഫുകളിൽ രണ്ട് ചട്ടകൾക്കിടയിലായി നമുക്ക് മുതവാതിറായി ലഭിച്ച ഗ്രന്ഥമാണ്." (അത്തൗദ്വീഹ് ഫിൽ ഉസ്വൂൽ, വാ. 1, പേ. 26)

ഈ പ്രസ്താവനയെ വിശദീകരിച്ചു കൊണ്ട് 'അത്തൽവീഹി'ൽ ഇങ്ങനെ വായിക്കാം: "ക്വുർആനല്ലാത്ത മറ്റെല്ലാ ഗ്രന്ഥങ്ങളെത്തൊട്ടും സൂക്ഷ്മതയുദ്ദേശിച്ചു കൊണ്ടാണ് ഗ്രന്ഥകാരൻ 'മുസ്ഹഫുകളിലൂടെ

മുതവാതിറായി കൈമാറിലഭിച്ചത്' എന്ന പ്രസ്താവനയിൽ ഒതുക്കിയത്. എന്തു കൊണ്ടെന്നാൽ അല്ലാഹുവിൽ നിന്നും അവതീർണ്ണമായിരുന്ന ഇതര വേദഗ്രന്ഥങ്ങളുടേയും, പ്രവാചകൻമാരുടെ മൊഴികളുടേയും വായന നിയമ പ്രാപല്യമില്ലാതാക്കപ്പെട്ടിട്ടുണ്ട്. അവയൊന്നും രണ്ട് ചട്ടകൾക്കിടയിൽ ഗ്രന്ഥ രൂപേണ കൈമാറപ്പെട്ടിട്ടില്ല. അതുകൊണ്ടാണ് ജനങ്ങൾക്കിടയിൽ സുപരിചിതമായ ഈ വിശ്രുത ഗ്രന്ഥത്തിന് മുസ്വ്ഹഫ് എന്ന് നാമമുള്ളത്." (അത്തൽവീഹ്, വാ. 1, പേ. 27, ഈജിപ്ത്)

ഹനഫീ നിദാനശാസ്ത്രജ്ഞനെഴുതുന്നു: "ഈ ഗ്രന്ഥം, പ്രവാചക(സ്വ)ന്നവതരിച്ച, മുസ്വ്ഹഫുകളിൽ വിരചിതമായ, യാതൊരു സന്ദേഹ സാധ്യതയുമില്ലാത്ത വിധം മുതവാതിറായി ലഭിച്ച ക്വുർആനാണ്." (അൽമനാർ ഫിൽ ഉസ്വൂൽ, പേ. 9, ഇന്ത്യ)

അൽ ആമുദി എഴുതുന്നു: "മുതവാതിറായ നിലയിൽ കൈമാറിലഭിച്ച, രണ്ട് ചട്ടകൾക്കുള്ളിൽ കാണുന്ന ഗ്രന്ഥമാണ് യഥാർത്ഥ ക്വുർആൻ" (അൽ അഹ്കാം, അൽ ആമുദി, വാ. 1, പേ. 228)

ക്വുർആനിൻെറ ക്രോഡീകരണവും ക്രമീകരണവും ദൈവികവെളിപാടനുസരിച്ചു തന്നെ എന്ന് പ്രസ്താവിച്ച ശേഷം ഇമാം സുയൂത്വി(റ) എഴുതുന്നു: "ക്വാദ്വീ അബൂബക്കർ തൻെറ 'അൽഇൻതിസ്വാറി'ൽ ഇങ്ങനെ പറഞ്ഞിരിക്കുന്നു, 'ഇക്കാര്യത്തിലുള്ള നമ്മുടെ വീക്ഷണം ഇതാണ്, അല്ലാഹു അവതരിപ്പിക്കുകയും, എഴുതി രേഖപ്പെടുത്താൻ കല്പിക്കുകയും, ഇന്നും പാരായണം ചെയ്യപ്പെടുകയും ചെയ്യുന്ന ക്വുർആൻ, ഉസ്മാനീ മുസ്വ്ഹഫിൽ ഉൾക്കൊണ്ടിട്ടുള്ള, രണ്ടു ചട്ടകൾക്കുള്ളിൽ കാണുന്ന ഈ ക്വുർആൻ തന്നെയാണ്. അതിൽ യാതൊരു ഏറ്റക്കുറവും സംഭവിച്ചിട്ടില്ല."

"ശറഹു സ്സുന്നയിൽ ബഗ്വി പറയുന്നു: അല്ലാഹു തൻെറ റസൂലിന്നവതരിപ്പിച്ചു നൽകിയ ക്വുർആനിനെ, യാതൊരു കൂട്ടിച്ചേർക്കലും വെട്ടിക്കുറക്കലും നടത്താതെ സ്വഹാബികൾ രണ്ട് ചട്ടകൾക്കുള്ളിൽ ക്രോഡീകരിച്ചിട്ടുണ്ട്." (അൽ ഇത്ക്വാൻ, ഇമാം സുയൂത്വി, വാ. 1, പേ. 63, കെയ്റൊ, 1328 ഹി.)

ഇമാം അൽ ഖാസിൻ തൻെറ തഫ്സീറിൻെറ മുഖദ്ദിമയിൽ പറയുന്നു: "അല്ലാഹു തൻെറ പ്രവാചകന്ന് നൽകിയ ക്വുർആൻ യാതൊരു ഏറ്റക്കുറവുമില്ലാതെ സ്വഹാബികൾ രണ്ട് ചട്ടകൾക്കുള്ളിൽ ഒരൊറ്റ ഗ്രന്ഥമായി ക്രോഡീകരിച്ചിട്ടുണ്ട് എന്നത് തെളിവുകളാൽ സ്ഥിരീകരിക്കപ്പെട്ട വസ്തുതയാണ്... പ്രവാചകനിൽ നിന്ന് കേൾക്കുന്ന മാത്രയിൽ, കേട്ടതു പോലെത്തന്നെ അവരതിനെ എഴുതി രേഖപ്പെടുത്തിയിരുന്നു. അതിൻെറ ഘടനയിലൊ, ക്രമീകരണത്തിലൊ അവർ വ്യത്യാസം വരുത്തിയിരുന്നില്ല. ലൗഹുൽ മഹ്ഫൂളിൽ എഴുതപ്പെട്ടിട്ടുള്ള അതേ ക്വുർആൻ തന്നെയാണ് നമ്മുടെ മുസ്വ്ഹഫുകളിൽ നിലനിൽക്കുന്നത്." (തഫ്സീർ അൽഖാസിൻ, വാ. 1, മുഖദ്ദിമ, പേ. 7, 8, കെയ്റൊ, 1955 ക്രി.)

'അശ്ശിഫാഅ്' എന്ന ഗ്രന്ഥത്തിൽ അൽ ക്വാദ്വീ ഇയാദ്വ് പറയുന്നു: "ക്വുർആനിനെ നിന്ദിക്കുകയൊ, അതിനെ കളവാക്കുകയൊ, അതിലെ ഏതെങ്കിലുമൊരു ഭാഗത്തെയൊ, വചനത്തേയൊ നിഷേധിക്കുകയൊ, ക്വുർആനിക വചനത്തിലൂടെ സ്ഥാപിതമായ ഒരു നിയമത്തെ നിരാകരിക്കുകയോ, അത് നിഷിദ്ധമാക്കിയ ഒരു സംഗതിയെ അനുവദനീയമാക്കുകയോ, അതിൻെറ സ്വീകാര്യതയിൽ ശങ്കിക്കുകയൊ ചെയ്യുന്നവൻ കാഫിറാണെന്ന കാര്യത്തിൽ പണ്ഡിതലോകം ഏകകണ്ഠമായി അംഗീകരിച്ചിട്ടുള്ളതാണ്. അല്ലാഹു പറയുന്നു: "തീർച്ചയായും അത് പ്രതാപമുള്ള ഒരു ഗ്രന്ഥം തന്നെയാകുന്നു. അതിന്റെ മുന്നിലൂടെയോ, പിന്നിലൂടെയോ അതിൽ അസത്യം വന്നെത്തുകയില്ല. യുക്തിമാനും സ്തുത്യർഹനുമായിട്ടുള്ളവന്റെ പക്കൽ നിന്ന് അവതരിപ്പിക്കപ്പെട്ടതത്രെ അത്." (ഫുസ്സ്വിലത്ത്: 41, 42) (അശ്ശിഫാഅ്, ക്വാദ്വീ ഇയാദ്വ്)

ഇമാം ബുഖാരി തൻെറ സ്വഹീഹിൽ ഒരു അധ്യായത്തിനു നൽകിയ പേര് ഈ വിധമാണ്: 'രണ്ട് ചട്ടകൾക്കുള്ളിലല്ലാതെ നബി(സ്വ) ഒന്നും വിട്ടേച്ചു പോയിട്ടില്ല എന്ന് പറഞ്ഞയാൾ'. പ്രസ്തുത അധ്യായത്തിൽ അദ്ദേഹം ഒരു ഹദീസ് കൊടുക്കുന്നുണ്ട്. "ഇബ്നു അബ്ബാസിനോട് ഒരാൾ ചോദിച്ചു: 'നബി (സ്വ) വല്ലതും (കൃത്യമായി പറഞ്ഞുതരാതെ) വിട്ടേച്ചു പോയിട്ടുണ്ടൊ?' അദ്ദേഹം പറഞ്ഞു: 'രണ്ട് ചട്ടകൾക്കുള്ളിലല്ലാതെ നബി(സ്വ) ഒന്നും വിട്ടേച്ചു പോയിട്ടില്ല' ഇബ്നു ഹനഫിയ്യ എന്ന പേരിലറിയപ്പെടുന്ന മുഹമ്മദ് ബ്ൻ അലി ബ്ൻ അബീത്വാലിബ് ഇപ്രകാരം പറഞ്ഞിട്ടുണ്ട്." (സ്വഹീഹുൽ ബുഖാരി, കിതാബു ഫദ്വാഇലുൽ ക്വുർആൻ)

ഇമാം സർകഷി 'അൽ ബുർഹാൻ' എന്ന കൃതിയിൽ, ക്വാദ്വി ഇയാളിൻെറ 'അൽഇൻതിസ്വാറി'ലെ പ്രസ്താവന കൊടുത്തതിനു ശേഷം എഴുതുന്നു: "ക്വുർആൻ പൂർണ്ണമായും രേഖപ്പെടുത്തപ്പെട്ടിട്ടുണ്ട്, അത് സംരക്ഷിക്കപ്പെടുകയും, എല്ലാ പ്രമാദങ്ങളിൽ നിന്നും മുക്തമാവുകയും ചെയ്തിട്ടുണ്ട്. റാഫിളികൾ ആരോപിക്കും വിധമുള്ള ഏറ്റക്കുറവുകളിൽ നിന്ന് അത് സുരക്ഷിതമായിട്ടുമുണ്ട്. ഈ തെളിവുകളിൽ നിന്നെല്ലാം മനസിലാകുന്ന സംഗതിയാണത്. അല്ലാഹു പറയുന്നു: "തീർച്ചയായും നാമാണ് ആ ഉൽബോധനം അവതരിപ്പിച്ചത്. തീർച്ചയായും നാം അതിനെ കാത്തുസൂക്ഷിക്കുന്നതുമാണ്." (ഹിജ്ർ: 9), "തീർച്ചയായും അതിന്റെ (ഖുർആന്റെ) സമാഹരണവും അത് ഓതിത്തരലും നമ്മുടെ ബാധ്യതയാകുന്നു." (ക്വിയാമ: 17) മതനിയമങ്ങൾ പാലിക്കൽ നിർബന്ധമുള്ള ആളുകൾക്ക് തങ്ങളുടെ കർമ്മങ്ങൾക്കവലംബിക്കാവുന്ന വിധം സകല തെറ്റുകളിൽ നിന്നും അത് സുരക്ഷിതമാണെന്നത്രെ ഇതിൻെറ ആശയമായി മുസ്ലിം ഉമ്മത്ത് മനസിലാക്കിയിട്ടുള്ളത്." (അൽ ബുർഹാൻ ഫീ ഉലൂമിൽ ക്വുർആൻ. വാ. 2, പേ. 127, 1957 ക്രി.)

സൂറത്തുൽ ഹിജ്റിലെ 9ാമത്തെ ആയത്ത് വിശദീകരിക്കവെ, അഹ്ലുസ്സുന്നയുടെ മുഫസ്സിറുകൾ മുഴുവൻ ക്വുർആനിൻെറ സുരക്ഷയെ സംബന്ധിച്ച് പ്രതിപാദിച്ചിട്ടുണ്ട്. അൽ ഖാസിൻ(റ) തൻെറ തഫ്സീറിൽ ഇങ്ങനെ എഴുതി: "തീർച്ചയായും മുഹമ്മദി(സ്വ)ന്ന് അവതരിപ്പിച്ചു കൊടുത്തതിനെ നാം സംരക്ഷിക്കുന്നതാണ്. അഥവാ എല്ലാ സ്കലിതങ്ങളിൽ നിന്നും കൈകടത്തലുകളിൽ നിന്നും സംരക്ഷിക്കും എന്നർത്ഥം. എല്ലാ അപാകതകളിൽ നിന്നും ക്വുർആൻ പൂർണ്ണമുക്തമാണ്. ജിന്നുകൾക്കൊ മനുഷ്യർക്കൊ ഇതിൽ ഒരക്ഷരം കൂട്ടാനൊ, ഒരക്ഷരം കുറക്കാനൊ സാധ്യമല്ല. മറ്റു ദൈവികഗ്രന്ഥങ്ങളെ അപേക്ഷിച്ച് ക്വുർആനിനു മാത്രമുള്ള പ്രത്യേകതയാണിത്. അവയിലെല്ലാം മാനുഷികമായ കൈകടത്തലുകൾ സംഭവിച്ചിട്ടുണ്ട്. അല്ലാഹു ഈ വിശുദ്ധ ക്വുർആനിൻെറ സംരക്ഷണം ഏറ്റെടുത്തതോടെ സകല പ്രമാദങ്ങളിൽ നിന്നും മുക്തമായി, എന്നന്നേക്കുമായി അത് സുരക്ഷിതമായിത്തീർന്നു." (തഫ്സീർ അൽ ഖാസിൻ, വാ. 3, പേ. 89)

ഇമാം നസഫി(റ) തൻെറ തഫ്സീറിൽ ഇതേ ആയത്തിനെ വിശദീകരിക്കുന്നിടത്ത് എഴുതി: "ഇത് അല്ലാഹുവിൽ നിന്നും അവതരിച്ചതാണെന്ന് ഖണ്ഡിതമായും പറയാം. പിശാചുക്കളിൽ നിന്നും സുരക്ഷിതമായ നിലക്കാണ് അല്ലാഹു അതിനെ അവതരിപ്പിച്ചിരിക്കുന്നത്. പൂർവവേദങ്ങളെ അപേക്ഷിച്ച് അല്ലാഹു ഈ ക്വുർആനിനെ, സ്കലിതങ്ങളിൽ നിന്നും, തിരുത്തുകളിൽ നിന്നും, വെട്ടിച്ചുരുക്കലിൽ നിന്നും എല്ലാ സമയത്തും സംരക്ഷിച്ചു പോരുന്നു. പൂർവവേദങ്ങളുടെ സംരക്ഷണം അല്ലാഹു പണ്ഡിതൻമാർക്കും പുരോഹിതൻമാർക്കും ഏൽപ്പിച്ചു കൊടുക്കുകയായിരുന്നു. അവർക്കിടയിലെ പോര് പ്രസ്തുത വേദങ്ങളിൽ പ്രക്ഷിപ്തങ്ങൾക്ക് വഴിവെച്ചു. എന്നാൽ ക്വുർആനിൻെറ സംരക്ഷണം അനർഹരുടെ കയ്യിലല്ല ഏൽപ്പിച്ചിട്ടുള്ളത്, അത് അല്ലാഹു സ്വയം ഏറ്റെടുത്തിരിക്കുകയാണ്." (തഫ്സീറുൽ മദാരിക്, നസഫി, വാ. 3, പേ. 189)

ഇമാം ഇബ്നു കസീർ(റ) പറയുന്നു: "ശേഷം അല്ലാഹു ഉറപ്പിച്ചു പറയുന്നത്, അവനാണ് ഈ ഉദ്ബോധനത്തെ പ്രവാചകന്ന് അവതരിപ്പിച്ചു കൊടുത്തതെന്നും, എല്ലാ മാറ്റത്തിരുകളിൽ നിന്നും അതിനെ അവൻ തന്നെ സംരക്ഷിക്കുമെന്നുമാണ്." (തഫ്സീർ ഇബ്നു കസീർ, വാ. 2, പേ. 547, കെയ്റൊ)

ഇമാം ഫഖ്റുദ്ദീൻ റാസി(റ) എഴുതി: "തിരുത്തിൽ നിന്നും ഏറ്റക്കുറവുകളിൽ നിന്നും നാമതിനെ സംരക്ഷിക്കും എന്നാണ് ഈ പറഞ്ഞിൻെറ ആശയം. ക്വുർആനിൻെറ സ്വഭാവത്തെപ്പറ്റി അല്ലാഹു തന്നെ വിശദീകരിച്ച ആയത്തിനു സമാനമാണ് ഈ ആയത്തിൻെറ താത്പര്യവും. അവൻ പറഞ്ഞു: "അതിന്റെ മുന്നിലൂടെയോ, പിന്നിലൂടെയോ അതിൽ അസത്യം വന്നെത്തുകയില്ല." (ഫുസ്സ്വിലത്ത്: 42), "അത് ല്ലാഹു അല്ലാത്തവരുടെ പക്കൽ നിന്നുള്ളതായിരുന്നെങ്കിൽ അവരതിൽ ധാരാളം വൈരുദ്ധ്യം കണ്ടെത്തുമായിരുന്നു." (നിസാഅ്: 82) ചിലർ ചോദിച്ചേക്കും, 'അല്ലാഹു ക്വുർആനിൻെറ സംരക്ഷണം ഏറ്റെടുത്തിട്ടുണ്ടെങ്കിൽ പിന്നെന്തിനാണ് പ്രവാചക സ്വഹാബികൾ ക്വുർആൻ മുസ്ഹഫ് രൂപത്തിലുള്ള ക്രോഡീകരണത്തിന് തുനിഞ്ഞത്? അത് സംരക്ഷിക്കപ്പെടാതെ പോകുമൊ എന്ന് എന്തിന് പേടിക്കണം?' ഈ ചോദ്യത്തിനുള്ള മറുപടി: 'സ്വഹാബത്തിൻെറ ക്വുർആൻ ക്രോഡീകരണ യത്നം തന്നെ അല്ലാഹുവിൻെറ ക്വുർആൻ സംരക്ഷണത്തിൻെറ ഭാഗമാണ് എന്നത്രെ... ഏതൊരു വ്യക്തി ഈ ഗ്രന്ഥത്തിൽ ഒരക്ഷരത്തിനൊ അക്ഷരത്തിലെ പുള്ളിക്കൊ മാറ്റം വരുത്തുന്നുവെങ്കിൽ ലോകം മുഴുവൻ ആ കളവിനെ കണ്ടുപിടിച്ച് പരസ്യമാക്കും. ബഹുമാനിതനായ പണ്ഡിതനാണെങ്കിൽ പോലും അദ്ദേഹത്തിൻെറ ഓത്തിൽ ഒരക്ഷരപ്പിശകു സംഭവിച്ചാൽ ചെറിയ കുട്ടികൾ

പോലും പറയും, 'താകളോതിയത് തെറ്റാണ്, ആയത്തിൻെറ ശരിയായ രൂപം ഇങ്ങനെയാണ്'' എന്ന്. 'നാം അതിനെ സംരക്ഷിക്കും' എന്ന അല്ലാഹുവിൻെറ പ്രസ്താവനയുടെ താത്പര്യമാണ് ഇതൊക്കെ. അറിയുക, ഈ വിധത്തിലുള്ളൊരു സുരക്ഷ ഈ ഗ്രന്ഥത്തിനല്ലാതെ മറ്റൊന്നിനുമില്ല. ഇതല്ലാത്ത ഇതര വേദഗ്രന്ഥങ്ങളൊക്കെ, കൂട്ടിയൊ കുറഞ്ഞൊ, മാറ്റത്തിരുത്തുകൾക്ക് വിധേയമായവയാണ്. ക്വുർആനിനെതിരിൽ മുഴുവൻ കുഴപ്പങ്ങളുമുണ്ടാക്കാൻ ജൂത ക്രൈസ്തവ ശത്രുക്കളുടെ നിറസാന്നിധ്യമുണ്ടായിട്ടും സകലമാന പ്രമാദങ്ങളിൽ നിന്നും മുക്തമായി സുരക്ഷിതത്വത്തോടെ അത് ഇന്നും നിലകൊള്ളുന്നു എന്നത് അതിൻെറ അമാനുഷികത തന്നെയാണ്.'' (തഫ്സീർ മഫാതീഹുൽ ഗൈബ്, റാസി, വാ. 5, പേ. 380)

നടെ പറയപ്പെട്ട പ്രമുഖ പണ്ഡിതോദ്ധരണികളിൽ നിന്നും നമുക്ക് വ്യക്തമാകുന്നതാണ് ക്വുർആനിനെ സംബന്ധിച്ച അഹ്ലുസ്സുന്നത്തിൻെറ ഖണ്ഡിതമായ വിശ്വാസം.

## ഖുർആനിൽ തിരുത്ത് സംഭവിച്ചിട്ടുണ്ടെന്ന് സ്ഥാപിച്ചു കൊണ്ടുള്ള ശീഈ ഗ്രന്ഥങ്ങൾ

വിശുദ്ധ ക്വുർആനിൽ തിരുത്തുകളും മറ്റു പ്രക്ഷിപ്തങ്ങളും സംഭവിച്ചിട്ടുണ്ടെന്നതിന് ശീഈ പണ്ഡിതൻമാർ തങ്ങളുടെ ഇമാമുകളിൽ നിന്നുള്ള നിവേദനങ്ങൾ ഉദ്ധരിക്കുന്നതിൽ മാത്രം ഒതുങ്ങിനിന്നിട്ടില്ല. മറിച്ച്, ഓരോ കാലഘട്ടത്തിലും പ്രസ്തുത വാദസ്ഥാപനത്തിനു വേണ്ടി സ്വതന്ത്രമായ ഗ്രന്ഥരചനകൾ തന്നെ അവർ നടത്തിയിട്ടുണ്ട്. 'ക്വുർആനിലെ പ്രക്ഷിപ്തങ്ങൾ' എന്ന തലക്കെട്ടിൽ വിരചിതമായ പ്രസ്തുത പുസ്തകങ്ങൾ കൊണ്ട്, തങ്ങളുടെ വാദരേഖകളെ സ്ഥാപിച്ചെടുക്കാനായിരുന്നു അവരുടെ യത്നം.

അത്തരം പുസ്തകങ്ങളിൽ നിന്നും ചില ഉദാഹരണങ്ങളാണ് താഴെ കൊടുക്കുന്നത്.

കിതാബു ത്തഹ്രീഫ് (അഹ്മദ് ബ്ൻ മുഹമ്മദ് ബ്ൻ ഖാലിദ് അൽ ബർക്വി)
കിതാബുത്തൻസീൽ വത്തഗ്യീർ (മുഹമ്മദ് ബ്ൻ ഖാലിദ് അൽ ബർക്വി)
കിതാബുത്തൻസീൽ മിനൽ ക്വുർആനി വത്തഹ്രീഫ് (അലി ബ്ൻ ഹസൻ ബ്ൻ ഫുദ്ദാൽ)
കിതാബുത്തഹ്രീഫ് വത്തബ്ദീൽ (മുഹമ്മദ് ബ്ൻ ഹസൻ അസ്സ്വയ്റഫീ)
കിതാബുൽ ക്വിറാആത്ത് (ഇബ്നുൽ മാഹിയാർ അഹ്മദ് ബ്ൻ മുഹമ്മദ് ബ്ൻ സയ്യാർ)
അത്തൻസീലു വത്തഹ്രീഫ് (ഹസൻ ബ്ൻ സുലൈമാൻ അൽ ഹലി)

കിതാബു ക്വിറാഅത്തി അമീറിൽ മുഅ്മിനീൻ വ ക്വിറാഅത്തു അഹ്ലിൽ ബൈത്ത് (ഇബ്നു ഹിജാം മുഹമ്മദ് ബ്ൻ അലി ബ്ൻ മർവാൻ അൽ മാഹിയാർ)

ക്വിറാഅത്തു അമീറിൽ മുഅ്മിനീൻ (അബൂ ത്വാഹിർ അബ്ദുൽ വാഹിദ് അൽ ക്വുമ്മി)

ശീഇകളുടെ 'ശൈഖുൽ ജലീ'ലായി അറിയപ്പെടുന്ന അലി ബ്ൻ ത്വാഊസ് തൻെറ 'സഅ്ദ് അസ്സുഊദ്' എന്ന കൃതിയിൽ ഇവ്വിഷയകമായി രചിക്കപ്പെട്ട നാല് ഗ്രന്ഥങ്ങളുടെ പേര് പറയുന്നുണ്ട്. 'കിതാബു തഫ്സീറിൽ ക്വുർആൻ വ തഅ്വീലുഹു വ തൻസീലുഹു', 'ക്വിറാഅത്തുർ റസൂൽ വ അഹ്ലിൽ ബയ്ത്', 'കിതാബുർറദ്ദ് അലാ അഹ്ലിത്തബ്ദീൽ', 'കിതാബുസ്സയ്യാരി' എന്നിവയാണവ. (ഫസ്വ്ലുൽ ഖിത്വാബ് ഫീ ഇസ്ബാതി തഹ്രീഫി കിതാബി റബ്ബിൽ അർബാബ് എന്നതിൽ നിന്നും ഉദ്ധരണം, പേ. 29)

ഫസ്വ്ലുൽ ഖിത്വാബ് ഫീ ഇസ്ബാതി തഹ്രീഫി കിതാബി റബ്ബിൽ അർബാബ് (മീർസാ ഹുസൈൻ മുഹമ്മദ് തക്വി അന്നൂരി അത്ത്വബ്റസീ)

ഇന്ത്യയിലും ഇതേ വിഷയത്തിൽ ഗ്രന്ഥങ്ങൾ വിരചിതമായിട്ടുണ്ട്. അവയിൽ ചിലതാണ് താഴെ കൊടുക്കുന്നത്.

തസ്വ്ഹീഫ് കാതിബീൻ വ നക്വ്സ്വ് ആയാത്തി കിതാബിൻ മുബീൻ (മീർസാ സുൽത്വാൻ അഹ്മദ് അദ്ദഹ്ലവി)

ദ്വർബത്തുൻ ഹയ്ദരിയ്യ - പേർഷ്യൻ, അറബീ, ഉർദു ഭാഷകളിൽ ലഭ്യമാണ് (സയ്യിദ് മുഹമ്മദ് മുജ്തഹിദ് ലക്നവി)

സ്വതന്ത്രമായ ഗ്രന്ഥങ്ങൾക്കു പുറമെ തങ്ങളുടെ മറ്റു ഗ്രന്ഥങ്ങളിൽ ഈ വിശ്വാസം വിശദീകരിക്കാൻ വേണ്ടി മാത്രമായി പ്രത്യേകം അധ്യായങ്ങൾ നീക്കിവെച്ചിട്ടുണ്ട്. അലി ബ്ൻ ഇബ്റാഹീമുൽ ക്വുമ്മി, മുഹമ്മദ് ബ്ൻ യഅ്കൂബ് അൽ കുലൈനി, സയ്യിദ് മുഹമ്മദ് അൽ കാളിമി, ശൈഖ് അസ്സ്വഫ്ഫാർ, സഅദ് ബ്ൻ അബ്ദില്ല തുടങ്ങിയ ശീഈ പണ്ഡിതൻമാർ ഉദാഹരണങ്ങളാണ്.

ചുരുക്കത്തിൽ, ശീഇകളുടെ ഹദീസ്, അഖീദ, തഫ്സീർ, ഫിക്വ്ഹ്, ഉസ്വൂൽ തുടങ്ങിയവ പഠിപ്പിക്കാൻ വിരചിതമായ മുഴുവൻ ഗ്രന്ഥങ്ങളിലും ക്വുർആനിനെ ആക്ഷേപിച്ചു കൊണ്ടുള്ള പ്രസ്താവനകൾ ധാരാളമായി കാണാൻ സാധിക്കും.

ഇവിടെ, ക്വുർആൻ തിരുത്തപ്പെട്ടിട്ടുണ്ടെന്ന വിശ്വാസം ശീഈകൾക്കില്ലെന്ന് വാദിക്കുന്ന സകലരോടും നാം ചോദിക്കുകയാണ്: 'എങ്കിൽ ക്വുർആനിൽ കൈകടത്തലുകളും തിരുത്തുകളും നടന്നിട്ടുണ്ടെന്ന് വിശ്വസിക്കുകയും അത് സ്ഥാപിക്കാൻ ഗ്രന്ഥ രചന നടത്തുകയും ചെയ്തിട്ടുള്ള ആളുകളെ സംബന്ധിച്ച് നിങ്ങളുടെ അഭിപ്രായമെന്താണ്?' അവരെ നിങ്ങൾ കാഫിറുകളായി പ്രഖ്യാപിക്കുമൊ? ക്വുർആനിൽ പ്രമാദം ആരോപിക്കുക വഴി അവർ കാഫിറുകളാകാൻ അർഹരാണ്. എങ്കിൽ, ഈ ശുഭ്രസുന്ദരമായ മാർഗത്തിൽ നിന്നും പിഴച്ചു പോയവരാകുന്നു അവർ എന്ന് നിങ്ങൾ ഫത്വ കൊടുക്കുമൊ? അഹ്ലുസ്സുന്നത്തിന്റെ പണ്ഡിതൻമാർ അവർ കാഫിറുകളാണെന്ന് ഫത്വ നൽകാൻ ധൈര്യം കാണിച്ചവരാണ്. നിങ്ങൾക്കാകുമൊ അപ്രകാരമൊരു മതവിധി പുറപ്പെടുവിക്കാൻ? മുസ്ലിംകളോടുള്ള നിങ്ങളുടെ വഞ്ചനയും, 'തക്വിയ്യ'യും എത്രയുണ്ടെന്ന് ജനങ്ങളൊന്ന് തിരിച്ചറിയട്ടെ.

സാമാന്യം ദീർഘിച്ച ഈ പഠനത്തിന്റെ അടിസ്ഥാനത്തിൽ നമുക്ക് തീർത്തും പറയാം: ശീഈകൾ, അതെ കാല ദേശ ഭേദമില്ലാതെ ശീഈകൾ മുഴുവൻ, ക്വുർആനിനെ സംബന്ധിച്ച് വിശ്വസിക്കുന്നത് ഇതു തന്നെയാണ്. ഇന്നും അതിൽ മാറ്റം വന്നിട്ടില്ല. ശീഈകളിൽ നിന്നാരെങ്കിലും ഈ വിശ്വാസത്തെ നിരാകരിച്ചു സംസാരിക്കുന്നുണ്ടെങ്കിൽ അത് സത്യസന്ധമായിട്ടില്ല, മുസ്ലിം സമൂഹത്തിന്റെ ആക്ഷേപങ്ങളിൽ നിന്ന് തടിയൂരുവാനാണ്. തങ്ങളുടെ ഒളിയജണ്ടകൾ പരസ്യമാവുകയും പൊതുജന സമക്ഷം തങ്ങൾ പരിഹാസ്യരാവുകയും ചെയ്യുമൊ എന്ന തിരിച്ചറിവിൽ നിന്നുള്ള തന്ത്രം മാത്രമാണത്.

ലോകരക്ഷിതാവായ അല്ലാഹുവിന് സ്തുതി, അവനാണ് അനുഗ്രഹങ്ങളുടെ ഉടമ.